ഔദ്യോഗികഭാഷാ വകുപ്പുതല സമിതി - കേരള നിയമസഭാ സെക്രട്ടേറിയറ്റ്

# സമന്വയം

വാല്യം 1 | ലക്കം 17 | ജൂലൈ 2023



KERALA LEGISLATIVE ASSEMBLY

KERALA LEGISLATURE

# INTERNATIONAL BOOK FESTIVAL

2nd Edition | 2023 Nov 1 - 7

SAVE THE DATES

2023 NOV 1-7



# പത്രാധിപക്കുറിപ്പ്




കേരള നിയമസഭാ സെക്രട്ടേറിയറ്റ് ഔദ്യോഗികഭാഷാ വകുപ്പുതല സമിതി പ്രസിദ്ധീകരിച്ചു വരുന്ന 'സമന്വയം' ത്രൈമാസികയുടെ 17-ാമത് ലക്കം നിങ്ങൾക്ക് സമർപ്പിക്കുകയാണ്.

നിയമസഭാ സെക്രട്ടേറിയറ്റിലെയും പുറമെനിന്നുള്ളവരുടെയും മൗലിക രചനകൾ പ്രസിദ്ധീകരിക്കുകയും ഒപ്പം അവർക്ക് പ്രോത്സാഹന സമ്മാനമായി കഥ/ലേഖനം വിഭാഗങ്ങൾക്ക് 1,000/- രൂപയുടെയും കവിതയ്ക്ക് 500/- രൂപയുടെയും പ്രോത്സാഹന സമ്മാനങ്ങൾ നൽകാൻ തീരുമാനിച്ചിരിക്കുന്നു. നിലവിൽ കുട്ടികൾക്ക് വേണ്ടി 'ബാലസമന്വയം' എന്ന പേരിൽ അവർ വരച്ച ചിത്രങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇനി മുതൽ മുതിർന്നവർക്കും ആകാം. അങ്ങനെ എല്ലാവരെയും സമന്വയിപ്പിച്ചു കൊണ്ട് പുതിയ രൂപവും ഭാവവും കൊണ്ട് സമന്വയം സമ്പന്നമാകട്ടെ.

**എ. എം. ബഷീർ**
സെക്രട്ടറി, കേരള നിയമസഭ




**മുഖ്യരക്ഷാധികാരി**
**ശ്രീ. എ. എൻ. ഷംസീർ**
ബഹു. സ്പീക്കർ, കേരള നിയമസഭ

**മുഖ്യപത്രാധിപർ**
**ശ്രീ. എ. എം. ബഷീർ**
നിയമസഭാ സെക്രട്ടറി

**പത്രാധിപസമിതി**
**ശ്രീമതി. രജനി വി. ആർ.**
ജോയിന്റ് സെക്രട്ടറി
**ശ്രീ. ഇ. കെ. മുഷ്താഖ്**
ബഹു സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി
**ശ്രീ. സബാഹുദ്ദീൻ എസ്. എസ്.**
സെക്ഷൻ ഓഫീസർ
**ശ്രീ. ജയശങ്കർ വി. എസ്.**
അസിസ്റ്റന്റ് ലൈബ്രേറിയൻ
**ശ്രീ. നെൽസൺ ജെ. എളുക്കുന്നേൽ**
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്
**ശ്രീമതി. ഷൂജ കെ.**
ഇൻഫർമേഷൻ അസിസ്റ്റന്റ്

**കവർ**
**സബാഹ്**

**രൂപകൽപ്പന**
**കുര്യൻ ക്രിയേറ്റീവ്**

**അച്ചടി**
**കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്**

**വിലാസം**
ഔദ്യോഗികഭാഷാ വകുപ്പുതല സമിതി
കേരള നിയമസഭാ സെക്രട്ടേറിയറ്റ്

ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമസഭാ സെക്രട്ടേറിയറ്റിന്റെയോ അല്ലെന്നും അവ ലേഖകരുടെ വ്യക്തിപരമായ അഭിപ്രായമാണെന്നും അവയ്ക്കുള്ള ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

# ഉള്ളടക്കം

## കവർ സ്റ്റോറി

കേരളം : സാമൂഹ്യ പരിവർത്തനത്തിന്റെ അക്ഷരവഴികൾ — 06
നെൽസൺ ജെ. എളുക്കുന്നേൽ, രഞ്ജു എം. എസ്. പ്രീത കുമാരി, ഡോ. പ്രസീത കെ.

## ലേഖനങ്ങൾ

കൊളംബിയ : താരാപഥങ്ങളിലെ രക്തസാക്ഷിത്വം — 22
വേണുഗോപാൽ ആർ.

ഇന്ത്യൻ ജനാധിപത്യ പ്രക്രിയയിലെ സ്ത്രീ പങ്കാളിത്തം (ഉപന്യാസം ഒന്നാം സ്ഥാനം) — 26
ശ്രീലത കെ.

ഇന്ത്യൻ ജനാധിപത്യ പ്രക്രിയയിലെ സ്ത്രീ പങ്കാളിത്തം (ഉപന്യാസം രണ്ടാം സ്ഥാനം) — 28
രാജീവ് വി.

ത്വരിതഗമന വാഹിനിയായ കേരളം — 34
വിക്രമൻ സി.

## അനുഭവക്കുറിപ്പ്

ഒരു ആറാം ക്ലാസുകാരിയുടെ അതിബുദ്ധി — 30
ഡോ. വിഷ്ണുമായ ആർ. എസ്.

## പുസ്തകാസ്വാദനങ്ങൾ

ഖബർ - കെ. ആർ. മീര — 32
രാഹുൽ ആർ.

ഒരു ഗ്രന്ഥം ഒരു ശാസ്ത്രമാകുമ്പോൾ — 40
ഓമനശീലൻ ജി.

## ബാലസമന്വയം — 45



## ചെറുകഥകൾ


ബലിതർപ്പണം 16
ബാബു പ്രകാശ് വി. കെ.

പത്താൻ 18
ദിനേഷ് കുമാർ കെ.

പ്രളയപർവം 24
പ്രസാദ് വി.

എവിടെയോ ഒരാൾ... 38
ശ്രീവിദ്യ എസ്.

കരയാതെ ചിരിക്കൂ 44
പ്രീത സി. എസ്.


## കവിതകൾ


നാവിലെ പാൽമധുരം 15
ആശാലത ടി.

'മധു'മൊഴി 21
പ്രസാദ് വി.

പൈൻമരച്ചില്ലകൾ 29
വിഷ്ണു എസ്. എസ്.

പ്രണയത്തിനൊടുവിൽ 33
ഷൂജ കെ.

സന്ധ്യാനേരം 37
പ്രമീളാത്തങ്കച്ചി വി. എസ്.

വർണ്ണം 39
സഫിയ ഷാനവാസ്

വിഷു 42
രജനി വി. ആർ.

മഹിതമലയാളം 43
രജനി വി. ആർ.





# കേരളം
# സാമൂഹ്യ പരിവർത്തനത്തിന്റെ അക്ഷരവഴികൾ


തയാറാക്കിയത്

**നെൽസൺ ജെ. എളൂക്കുന്നേൽ**
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്

**രഞ്ചു എം. എസ്.**
സീനിയർ ഗ്രേഡ് റിപ്പോർട്ടർ

**പ്രീത കുമാരി**
റിപ്പോർട്ടർ

**ഡോ. പ്രസീത കെ.**
റിസർച്ച് അസിസ്റ്റന്റ്

**കേ**രള നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് **'കേരളം: സാമൂഹ്യ പരിവർത്തനത്തിന്റെ അക്ഷരവഴികൾ'** എന്ന വിഷയത്തിൽ, ആലപ്പുഴയിൽ സംഘടിപ്പിച്ച സെമിനാറിൽ പ്രമോദ് നാരായൺ, എം.എൽ.എ. (മോഡറേറ്റർ), ഡോ. കെ. വി. മോഹൻകുമാർ, ഐ.എ.എസ്., ബെന്യാമിൻ, കുരീപ്പുഴ ശ്രീകുമാർ എന്നിവർ പങ്കെടുത്തു. സെമിനാറിന്റെ പ്രസക്ത ഭാഗങ്ങളിലൂടെ...









## പ്രമോദ് നാരായൺ, എം.എൽ.എ. (മോഡറേറ്റർ)

'മുന്തിരിയിൽനിന്നാണ് വീഞ്ഞുണ്ടാകുന്നത്, കൽക്കരിയിൽനിന്നാണ് തീയുണ്ടാകുന്നത്, വെള്ളത്തിൽനിന്നാണ് വെളിച്ചമുണ്ടാകുന്നത്, ചുംബനങ്ങളിൽനിന്നാണ് പുതിയ മനുഷ്യരുണ്ടാകുന്നത്' എന്ന് കവിതയിൽ വരച്ചുകാട്ടുന്നതുപോലെ മാനവരാശിയുടെ എല്ലാ ചലനങ്ങളും 'പുരോഗമനം' എന്ന വാക്കുകൊണ്ട് വിശേഷിപ്പിക്കാം. ആ വാക്കിൽ ഗർഭം ധരിക്കുന്നതിനുമപ്പുറത്ത് അർത്ഥങ്ങളുള്ള എല്ലാ മാറ്റങ്ങളും പിറവിയെടുത്തത് അക്ഷരങ്ങൾ പകർന്ന വെളിച്ചത്തിൽനിന്നാണ്. അത് എഴുതപ്പെട്ട വാക്കുകളിൽനിന്നു മാത്രമല്ല, മൃതരുടെ നഗരമായ Hadesലും ഞാൻ എന്റെ നിലപാടുകൾ ആവർത്തിച്ചുകൊണ്ടേയിരിക്കുമെന്ന് ധീരതയോടെ പറഞ്ഞ് ശിരസ്സുയർത്തി മരണം വരിച്ച ഗ്രീക്ക് ചിന്തകന്മാർ മുതൽ വഴിനടക്കാനും മാറ് മറയ്ക്കാനും മനുഷ്യരായി ജീവിക്കാനുമുള്ള അവകാശങ്ങൾക്കുവേണ്ടി ശ്രീമൂലം പ്രജാസഭയിൽ അക്ഷരമറിയാഞ്ഞിട്ടും തീപോലെ കത്തിപ്പടരുന്ന വാക്കുകൾ ഉപയോഗിച്ച അയ്യങ്കാളി വരെയുള്ള ധീരൻമാരുടെ വാക്കുകൾക്ക് ഭൂമിയെക്കാൾ ആകർഷണമുണ്ടെന്നും ഈ ഭൂമിയിൽ ജീവിക്കുന്ന




മനുഷ്യരുടെ സമൂഹമെന്ന നിലയിലുള്ള ചലനങ്ങളെയും യാത്രകളെയും ലക്ഷ്യവേദിയായി രൂപപ്പെടുത്താനുള്ള കഴിവുണ്ടെന്നും ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

ജോൺ റസ്കിന്നിന്റെ പുസ്തകം വായിച്ച ഒരു ചെറുപ്പക്കാരൻ 'സർവ്വോദയ' എന്ന ആശയത്തെ സ്വീകരിച്ചതും ദക്ഷിണാഫ്രിക്കയിൽ ബാരിസ്റ്ററായി തുടരേണ്ടതു മാത്രമല്ല തന്റെ ജീവിതമെന്നും നാണം മറയ്ക്കാൻ ഒരു വസ്ത്രത്തിന്റെ തുണ്ടുപോലുമില്ലാത്ത ഇന്ത്യയിലെ സാധാരണ മനുഷ്യർ അവരുടെ ശബ്ദം കണ്ടെത്താൻ അവരെ സ്വാതന്ത്ര്യമെന്ന ജീവിതാനുഭവത്തിലേയ്ക്ക് നയിക്കാനുള്ള പോരാട്ടമാണ് തന്റെ വഴിയെന്ന് തിരിച്ചറിഞ്ഞതും നമുക്കറിയാം. അക്ഷരങ്ങളിൽ അമർന്നുകത്തിയ തീ, പോരാട്ടങ്ങളുടെയും നിയമനിർമ്മാണങ്ങളുടെയും ജ്വാലയായി പടർന്നുവെന്നും അനുഭവങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. പഴയ കാലത്തുമാത്രമല്ല, പുതിയ കാലത്തും അതങ്ങനെ തന്നെയാണ്.

സാധാരണ മനുഷ്യനോടുള്ള അലിവിന്റെ അപാരത ഓരോ നിയമത്തിന്റെയും നിർമ്മാണപ്രക്രിയയിലുണ്ടാകണമെന്ന് നിയമനിർമ്മാണ സഭകളെയും അതിൽ പങ്കെടുക്കുന്നവരെയും നിരന്തരം ഓർമ്മിപ്പിക്കുന്ന ഒരു വൈജ്ഞാനിക രാഷ്ട്രീയ ജാഗ്രത സമ്മാനിക്കുന്ന സ്ഥലമാണ് നിയമസഭാ ലൈബ്രറി.

ജനാധിപത്യത്തിന്റെ സാർത്ഥകാവിഷ്കാരമായ നിയമനിർമ്മാണങ്ങൾക്ക് ഊർജ്ജമാകാൻ, ചിലപ്പോൾ വഴികാട്ടിയാകാൻ എഴുത്തുകാരന്റെ വാക്കുകളിലെ അഗ്നിക്ക് കഴിയും. ഒരു എം.എൽ.എ. എന്ന നിലയിൽ ഏത് നിയമനിർമ്മാണത്തേയും സമീപിക്കുമ്പോൾ എന്റെ മനസ്സിലേയ്ക്ക് വരുന്നത് 'സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തേയും' എന്ന വയലാറിന്റെ വരികളാണ്. 'വിപ്ലവം, സ്നേഹം' എന്നീ രണ്ട് വാക്കുകൾ കൊണ്ട് വയലാറിനെ വിശേഷിപ്പിക്കാമെന്ന് വയലാർ അവാർഡ് സ്വീകരിച്ചുകൊണ്ട് ശ്രീ. ബെന്യാമിൻ പറയുകയുണ്ടായി. ഒരു നിയമം ജനങ്ങൾക്കായി രൂപപ്പെടുത്തുമ്പോൾ വയലാറിന്റെ ആ വരികളാണ് നാം ചേർത്ത് പിടിക്കുന്നതെങ്കിൽ വയലാറിനെ മനുഷ്യനെന്നും സ്നേഹമെന്നും രണ്ട് വാക്കുകൾകൊണ്ട് വിശേഷിപ്പിക്കാമെന്ന് കരുതുന്നു.

അടിസ്ഥാനപരമായി മനുഷ്യനും മനുഷ്യർക്കിടയിൽ പുലരുന്ന സ്നേഹവുമാണ് പ്രധാനം. 'ഇവിടെ നീ ഉറങ്ങുമ്പോഴും നിൻവാക്ക് ഉറങ്ങാതിരിക്കുന്നു' എന്ന് എഴുതിയ എഴുത്തുകാർ മുമ്പേ നടന്നുവെങ്കിൽ, എഴുത്തുകാരുടെ ശബ്ദങ്ങളെ അതിന്റെ മാറ്റൊലികളെയൊക്കെ പകയുടെയും വിഭജനത്തിന്റെയും രാഷ്ട്രീയം ഭയപ്പെടുന്ന ഒരു കാലത്ത്, 'ഒരു വെടിയുണ്ടയിൽ അവസാനിച്ചാലും എന്റെ രക്തം സംസാരിച്ചുകൊണ്ടേയിരിക്കും' എന്ന് ധീരതയോടെ പറഞ്ഞ ഗൗരീലങ്കേഷിനെപ്പോലുള്ള എഴുത്തുകാരുടെ കാലത്ത്, ഈ വിഷയത്തിന്റെ ആഴങ്ങളിലേയ്ക്ക് പോകാൻ കഴിയുന്ന പ്രഗത്ഭരായ ആളുകളാണ് ഈ വേദിയിലുള്ളത്.

## കെ. വി. മോഹൻകുമാർ ഐ.എ.എസ്.

സ്വാതന്ത്ര്യത്തിനുവേണ്ടിയും പ്രബുദ്ധതയ്ക്കുവേണ്ടിയും പട പൊരുതിയ, സ്റ്റേറ്റ് കോൺഗ്രസ്സിനുള്ളിൽ പ്രവർത്തിക്കുമ്പോൾ പോലും അടിസ്ഥാനവർഗ്ഗ താല്പര്യങ്ങൾക്കുവേണ്ടി നിലകൊണ്ട വിപ്ലവകാരിയായിരുന്ന സി. കേശവൻ പറഞ്ഞ ഒരു വാചകമുണ്ട് 'മൗനം കുറ്റകരമാകുന്ന ചില ചരിത്ര മുഹൂർത്തങ്ങളുണ്ട്.' അങ്ങനെ മൗനം ശിക്ഷാർഹമായ ഭീരുത്വമായി തീർന്ന ഒരു കാലഘട്ടത്തിലാണ് ഇന്ന് നമ്മൾ എത്തിനിൽക്കുന്നത്. പല തലമുറകളിലൂടെയും പല പോരാട്ടങ്ങളിലൂടെയും നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ ഫലം അനുഭവിച്ചുകൊണ്ടാണ് നമ്മൾ ഇന്ന് ഈ ഭൂമിയിൽ ജീവിക്കുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ മധ്യഭാഗത്തോളം നീണ്ടുകിടക്കുന്ന പോരാട്ടങ്ങളുടെ ചരിത്രം മലബാറിനും കൊച്ചിയ്ക്കും തിരുവിതാംകൂറിനും ഈ ആലപ്പുഴ ജില്ലയ്ക്കുമെല്ലാം പറയാനുണ്ട്. മുലക്കരം പിരിക്കാൻവന്ന രാജകിങ്കരന്മാരുടെ മുന്നിൽ സ്വന്തം മുലകളറുത്ത് ചേമ്പിലയിൽ വച്ചുകൊടുത്ത നങ്ങേലിയുടെയും ഏത്താപ്പ് സമരത്തിനും മൂക്കുത്തി സമരത്തിനും നേതൃത്വം നൽകിയ ആറാട്ടുപുഴ വേലായുധപ്പണിക്കരുടെയും നാടാണിത്. ശ്രീനാരായണ ഗുരുവിനു മുന്നേ അവർണർക്കായി പാഠശാലയും വായനശാലയും ശിവക്ഷേത്രവും ഒരുക്കിയ ധീരനായിരുന്നു ആറാട്ടുപുഴ വേലായുധപ്പണിക്കർ. വൈക്കം സത്യാഗ്രഹത്തിന്റെ കാഹള ഗീതമായിരുന്ന 'വരിക വരിക സഹജരെ' എന്നാരംഭിക്കുന്ന ഗാനം ഉത്ഭവിച്ചത് ഈ നാട്ടിൽ നിന്നാണ്. ഉപ്പു സത്യാഗ്രഹത്തിന്റെ കാഹളഗാനമായി മാറിയ 'വരിക വരിക സഹജരെ സഹന സമര സമയമായ്' എന്ന ഗാനത്തിന്റെ തുടക്കം ഈ ജില്ലയിൽനിന്നായിരുന്നു. അതിന്റെ ആദ്യ വരികളെഴുതിയത് പാണാവള്ളി കൃഷ്ണൻവൈദ്യർ എന്ന കവിയായിരുന്നു. അദ്ദേഹത്തിന്റെ വരികളിങ്ങനെയാണ്

'വരിക വരിക സഹജരേ<br>
പതിതരില്ല മനുജരിൽ<br>
ഒരുപിതാവിനുത്ഭവിച്ച<br>
പലവരാണ് നമ്മൾ,<br>
ഇനി കരമണച്ച് കരളുറച്ച്<br>
ഒരുവഴിക്കുപോകനാം'.

ഈ വരികളുമായി ഒരുപാട് സാമ്യമുണ്ട് പിന്നീട് അംശി നാരായണ പിള്ള എഴുതിയ സ്വാതന്ത്ര്യ കാഹളഗീതത്തിന്.

നമ്മുടെ ഗ്രന്ഥശാല പ്രസ്ഥാനത്തിന് തുടക്കം കുറിച്ചതും ആലപ്പുഴ ജില്ലയിൽ നിന്നാണ്. അമ്പലപ്പുഴയിലെ പി. കെ. മെമ്മോറിയൽ ഗ്രന്ഥശാലയുടെ മുറ്റത്തുവച്ചാണ് 1945-ൽ ആദ്യമായി തിരുവിതാംകൂർ ഗ്രന്ഥശാല സമ്മേളനം നടന്നതും തിരുവിതാംകൂർ ഗ്രന്ഥശാല സംഘം രൂപീകരിച്ചതും. തിരുവിതാംകൂർ ദിവാനെതിരെ പട പൊരുതുന്നൊരു കാലത്ത്, 1945-ൽ പ്രസ്തുത സമ്മേളനം ഉദ്ഘാടനം ചെയ്തത് തിരുവിതാംകൂർ ദിവാനായിരുന്ന സർ സി. പി. രാമസ്വാമി അയ്യരാണ്. അന്ന് ആ സംഘത്തിന്റെ കാര്യദർശിയായി തെരഞ്ഞെടുക്കപ്പെട്ടത് പിൽക്കാലത്ത് വായനശാല പ്രസ്ഥാനത്തിന്റെ ആചാര്യനെന്ന് വിശേഷിപ്പിക്കപ്പെട്ട പി. എൻ. പണിക്കരായിരുന്നു.





നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി പോലുള്ള ധാരാളം നാടകങ്ങളി ലൂടെ പുരോഗമന ആശയങ്ങളി ലേയ്ക്ക് മനുഷ്യരെ കൈപിടിച്ചു യർത്തിയ കെ.പി.എ.സി.യുടെ നാടാണ് ആലപ്പുഴ. ധാരാളം വിപ്ല വഗാനങ്ങൾ സമ്മാനിച്ച കവികളു ടെയും ആ ഗാനങ്ങളൊക്കെ പാടി നടന്ന് വിപ്ലവത്തെ പ്രോജ്ജ്വലി പ്പിച്ച പാട്ടുകാരുടെയും നാടാണിത്. പി. കേശവദേവ്, തകഴി ശിവശങ്കര പ്പിള്ള, തോപ്പിൽഭാസി, വയലാർ രാമവർമ്മ, എസ്.എൽ. പുരം സദാ നന്ദൻ തുടങ്ങിയ എഴുത്തുകാരൊ ക്കെ പുരോഗമന പക്ഷത്തുനിന്ന് നമ്മുടെ സാമൂഹ്യ പരിവർത്തന ത്തിന് നേതൃത്വം നൽകി.

മൗനം കുറ്റകരമായ ഒരു കാലഘട്ട മെന്ന് സി.കേശവൻ ആ കാലഘട്ട ത്തെ വിശേഷിപ്പിക്കാനുണ്ടായ കാരണം പ്രധാനമായും സവർണ്ണ മേൽക്കോയ്മയായിരുന്നു. തൊട്ടു കൂടായ്മ, തീണ്ടിക്കൂടായ്മ, അധഃ സ്ഥിത-അടിയാള തൊഴിലാളി വർ ഗ്ഗങ്ങളെ പൂർണ്ണമായും അടിച്ചമർ ത്തിക്കൊണ്ടുള്ള സവർണ്ണ മേധാ വിത്വത്തിന്റെയും അധികാര വർഗ്ഗ ത്തിന്റെയും ഭരണം, സ്ത്രീകളുടെ നേർക്കുള്ള അവഹേളനങ്ങൾ. അയിത്ത ജാതിക്കാരെ വഴിനട ക്കാനും തുണി ഉടുക്കാനും വിദ്യ അഭ്യസിപ്പിക്കാൻപോലും അനുവ ദിക്കാതിരുന്നൊരു കാലമായി രുന്നു. അതിനെതിരെയാണ് എതി ർപ്പിന്റെ വാൾമുനകളുമായി സമര നായകൻമാർ നമ്മുടെ സമൂഹ ത്തിൽനിന്ന് ഉയർന്നുവന്നത്. ചാന്നാർ ലഹള, അയ്യങ്കാളി നയിച്ച വില്ലുവണ്ടി സമരം, തൊണ്ണൂറാ മാണ്ട് സമരം, നെടുമങ്ങാട് ചന്ത കലാപം, മൂക്കുത്തിസമരം, ഏത്താപ്പ് സമരം, കല്ലുമാല കലാപം, ഗുരുവായൂർ സത്യാ ഗ്രഹം, വൈക്കം സത്യാഗ്രഹം, പാലിയം സത്യാഗ്രഹം, കയ്യൂർ കലാപം, ഐതിഹാസികമായ പുന്നപ്ര വയലാർ സമരം തുടങ്ങി നിരവധി സമരങ്ങളുടെ തീച്ചൂളയി ലൂടെയാണ് കേരളത്തിന്റെ സാമൂ ഹിക പരിസ്ഥിതി പരിവർത്തനപ്പെ ട്ടതും ഇന്നത്തെ അവസ്ഥയിലേ യ്ക്കെത്തിയതും. നവോത്ഥാനാ നന്തരമുള്ള കേരളത്തിന്റെ അടി ത്തറയെന്ന് പറയുന്നത് ഈ സമര ങ്ങളിലൂടെ നാം പൊരുതിയെടു ത്തതാണ്.

1813-ലെ ചാന്നാർ ലഹളയ്ക്ക് തിരി കൊളുത്തിയത് അക്ഷരങ്ങളാണ്. അന്നത്തെ ലണ്ടൻ മിഷൻ സൊ സൈറ്റി സ്കൂളുകളിൽ പഠിച്ചിറ ങ്ങിയ ചാന്നാർ സമുദായത്തിലെ യുവതികൾ മാറ് മറയ്ക്കാനുള്ള അവകാശത്തിനുവേണ്ടി മുറവിളി കൂട്ടിയതാണ് ചാന്നാർ ലഹളയ്ക്ക് വഴിതെളിച്ചത്. അവിടെ അക്ഷര മാണ് അവരെ പരിവർത്തിതപ്പെടു ത്തിയത്. 1858-ലാണ് ഏത്താപ്പ് (അച്ചിപ്പുടവ) സമരം നടന്നത്. സവർണ്ണ സ്ത്രീകൾക്കൊഴികെ മറ്റു സ്ത്രീകൾക്കൊന്നും അരയ് ക്കുമുകളിൽ വസ്ത്രം ധരിക്കാൻ അവകാശമുണ്ടായിരുന്നില്ല. അന്ന് കായംകുളം ചന്തയിൽ ഒരു യുവതി ഏത്താപ്പ് അഥവാ മേൽ വസ്ത്രം ഉടുത്തുവന്നത് സവർണ്ണ

ജന്മിമേധാവിമാരെ പ്രകോപിതരാക്കുകയും വലിയൊരു കലാപത്തിലേയ്ക്ക് വഴി തെളിക്കുകയും ചെയ്തു. അന്ന് നാട്ടിലെ മുഴുവൻ സ്ത്രീകൾക്കും ഏത്താപ്പ് വാങ്ങിക്കൊടുത്തുകൊണ്ടാണ് ആറാട്ടുപുഴ വേലായുധപ്പണിക്കർ അതിനെതിരെ പ്രതിരോധിച്ചത്.

വിദ്യാഭ്യാസം നേടിയൊരു സ്ത്രീ മൂക്കുത്തി ധരിച്ച് പന്തളം ചന്തയിൽ വന്നപ്പോഴാണ് മൂക്കുത്തിക്കെതിരെ അന്നത്തെ ജന്മിമേധാവികൾ സംഘടിച്ചതും കലാപമുണ്ടാക്കിയതും. അന്നതിനെ പ്രതിരോധിക്കാനായി ആറാട്ടുപുഴ വേലായുധപ്പണിക്കർ ആയിരം സ്വർണ്ണ മൂക്കുത്തി തയ്യാറാക്കി ആ നാട്ടിലെ സ്ത്രീകൾക്ക് സ്വർണ്ണ മൂക്കുത്തി ഇട്ടുകൊടുത്തു. ഇതിനൊക്കെ കാരണം അക്ഷരം അഗ്നിയാണെന്നുള്ള തിരിച്ചറിവായിരുന്നു. അത് മേധാവികൾക്കും അവർണ്ണർക്കും ഉണ്ടായിരുന്നു. സവർണ്ണമേധാവികൾ അതിനെ തിരിച്ചറിഞ്ഞത് അക്ഷരം പഠിച്ചു കഴിഞ്ഞാൽ ഇവരൊന്നും നമ്മുടെ വരുതിയിൽ നിൽക്കില്ല എന്ന നിലയ്ക്കാണെങ്കിൽ അയിത്ത ജാതിക്കാർ അതിനെ തിരിച്ചറിഞ്ഞത് അറിവിന്റെ ജ്വാലയായിട്ടാണ്. അതുകൊണ്ടാണ് ശ്രീനാരായണ ഗുരു പിന്നോക്ക സമുദായത്തിന്റെ ഉന്നമനത്തിനുവേണ്ടി നാടെങ്ങും വിദ്യാലയങ്ങളും വായനശാലകളും ക്ഷേത്രങ്ങളും നിർമ്മിച്ചത്. ഗുരുവിന്റെ ക്ഷേത്രസങ്കൽപ്പത്തിൽ വിഗ്രഹം ഉണ്ടെങ്കിലും ഇല്ലെങ്കിലും ഇനിയേത് വിഗ്രഹമാണെങ്കിലും ശരി അത് കണ്ണാടിയാണെങ്കിൽപ്പോലും ആ ക്ഷേത്രത്തിനോടു ചേർന്ന് ഒരു ഗ്രന്ഥശാല വേണമെന്നുള്ളതാണ്. എന്നിട്ട് വൈകുന്നേരങ്ങളിൽ എല്ലാവരും ക്ഷേത്രത്തിലേയ്ക്ക് വന്ന് അവിടത്തെ ഗ്രന്ഥാലയത്തിൽനിന്ന് പുസ്തകമെടുത്ത് വായിക്കുകയും അവിടെയിരുന്ന് അവയെ കുറിച്ച് സംസാരിക്കുകയും വേണമെന്നദ്ദേഹം പറഞ്ഞു– 'വിദ്യകൊണ്ട് പ്രബുദ്ധരാവുക'.

1914-ൽ – മലയാളവർഷം 1090-ൽ തൊണ്ണൂറാമാണ്ട് സമരം, കേരളത്തിലെ ആദ്യത്തെ തൊഴിൽ സമരമുണ്ടായി. അയിത്തജാതിക്കാർക്ക് അക്ഷരം പഠിക്കാൻ അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അയ്യങ്കാളി നേതൃത്വം നൽകിയ സമരമായിരുന്നു അത്. അന്ന് കേരളത്തിൽ സർക്കാർ പള്ളിക്കൂടങ്ങളുണ്ടെങ്കിലും അവർണർക്ക് അവിടെ പ്രവേശനമില്ല. എന്നാൽ എല്ലാവരും ഒരുമിച്ചിരുന്ന് നടത്തുന്ന ഒരു വിദ്യാഭ്യാസം നമ്മുടെ സമൂഹത്തിന് ആവശ്യമാണെന്നും പ്രത്യേകിച്ച് സർക്കാർ നടത്തുന്ന പള്ളിക്കൂടങ്ങളിൽ അവർണരായിട്ടുള്ള കുട്ടികൾക്ക് പ്രവേശനം നൽകണമെന്നുമാണ് മഹാനായ അയ്യങ്കാളി വാദിച്ചത്. അന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറായിരുന്ന, വളരെ പുരോഗമനപരമായ ആശയമുള്ള മിച്ചൽ സാഹിബ് അന്നത്തെ ദിവാനെ പറഞ്ഞ് ബോധ്യപ്പെടുത്തി സർക്കാർ സ്കൂളുകളിൽ അവർണർക്ക് പ്രവേശനം നൽകുന്ന ഉത്തരവ് ഇറക്കിയെങ്കിലും ആ ഉത്തരവ് വെളിച്ചം കണ്ടില്ല. മൂന്നുവർഷം ആ ഉത്തരവ് പൂഴ്ത്തിവച്ചു. അയ്യങ്കാളി അന്ന് ശ്രീമൂലം പ്രജാസഭയിൽ അംഗമാണ്.
1907-ൽ മഹാനായ അയ്യങ്കാളി സാധുജന പരിപാലന സംഘം രൂപീകരിച്ച് അതിന്റെ പ്രവർത്തനം ആരംഭിക്കുന്ന അതേ ഘട്ടത്തിലാണ് തിരുവനന്തപുരത്തെ ഊരൂട്ടമ്പലത്ത് ഒരു സർക്കാർ സ്കൂൾ തുടങ്ങുന്നത്. പക്ഷെ അപ്പോഴും ഈ ഉത്തരവ് നടപ്പാക്കിയിട്ടില്ല. അദ്ദേഹം വീണ്ടും ദിവാനേയും മിച്ചൽ സാഹിബിനെയും കാണുകയും അതിന്റെ അടിസ്ഥാനത്തിൽ എല്ലാ സർക്കാർ പള്ളിക്കൂടങ്ങളിലും അയിത്തജാതിക്കാരായ എല്ലാ സമുദായത്തിലുംപെട്ട കുട്ടികളെ പ്രവേശിപ്പിക്കണമെന്ന് ശ്രീമൂലംതിരുനാൾ മുൻകൈയെടുത്ത് ഉത്തരവിറക്കിയിട്ടും അന്നത്തെ ജന്മിസമുദായം അംഗീകരിച്ചില്ല. സവർണജന്മിമാർ ഒന്നിച്ചതിനെ എതിർത്തു.

അന്നത്തെ ഭരണകൂടത്തിനെതിരെയും നമ്മുടെ സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കെതിരെയുമെല്ലാം പോരാടിയ വിപ്ലവകാരിയെന്ന് ആവേശത്തോടെ പറയുന്ന പേരാണ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള. കാറൽമാർക്സിന്റെ ജീവിതചരിത്രം മലയാളത്തിൽ പരിഭാഷപ്പെടുത്തിയ അദ്ദേഹത്തിന്റെയുള്ളിൽപ്പോലും അത്തരമൊരു ജാതിവിചാരം ഉണ്ടായിരുന്നോ എന്നുള്ളതിന് തെളിവാണ് ഈ ഉത്തരവിനെതിരെ സ്വദേശാഭിമാനിയിൽ അദ്ദേഹമെഴുതിയ എഡിറ്റോറിയൽ. 'കാലാകാലങ്ങളായി ബുദ്ധി കൃഷി ചെയ്തുവരുന്ന ജാതിക്കാരും കാലാകാലങ്ങളായി പാടത്ത് കൃഷി ചെയ്തുവരുന്ന ജാതിക്കാരും തമ്മിൽ ഒന്നുചേരുന്നത് കുതിരയെയും പോത്തിനെയും ഒരു തൊഴുത്തിൽ കെട്ടുന്നതുപോലെയാണ്' എന്നാണ് അദ്ദേഹം എഴുതിയത്. ഇങ്ങനെ പറയുമ്പോൾ ജാതിയുടെ വേരുകൾ എത്രത്തോളം നമ്മുടെയൊക്കെ ഉള്ളിലുണ്ടായിരുന്നു എന്നത് ചിന്തിക്കാവുന്നതാണ്.

അയ്യങ്കാളി അന്ന് പുലയ സമുദായത്തിൽപ്പെട്ട പഞ്ചമി എന്ന എട്ട് വയസ്സുള്ള പെൺകുട്ടിയെയും കൂട്ടി ഊരൂട്ടമ്പലം സ്കൂളിലേയ്ക്ക് പ്രവേശനത്തിന് വന്നപ്പോൾ ആ കുട്ടിയെ അവിടെ പഠിക്കാൻ അനുവദിക്കാതെ ജന്മിമാരും അവരുടെ ഗുണ്ടകളുമൊക്കെ ചേർന്ന് പ്രതിരോധിച്ചു. പഞ്ചമി കാലുകുത്തിയ ആ വിദ്യാലയം അന്നുരാത്രി സവർണമേധാവികൾ തീയിട്ടു. പിറ്റേന്ന് പഞ്ചമി അവിടെ വരുമ്പോൾ കാണുന്നത് സ്കൂളിന്റെ ചാരമാണ്. അന്ന് ആ മണ്ണിൽ വീണ പഞ്ചമിയുടെ കണ്ണീരിൽനിന്നാണ് ഇന്ന് നമ്മുടെ പൊതുവിദ്യാലയങ്ങൾ ഉയർന്നുനിൽക്കുന്നത്. ഈ സംഭവത്തിന് ശേഷവും സമരങ്ങളും കലാപങ്ങളും തുടർന്നു. അപ്പോൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ മിച്ചൽ സാഹിബ്ബും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥരുംകൂടി ഈ നിയമം നടപ്പാക്കിയേതീരൂ എന്ന ഉറച്ച വിശ്വാസത്തോടെ സ്കൂളുകളിൽ നേരിട്ട് വരികയും അയിത്തജാതിക്കാർക്ക് അഡ്മിഷൻ കൊടുപ്പിക്കുകയും ചെയ്തു.



## ബെന്യാമിൻ

നിയമസഭാ ലൈബ്രറിയുടെ നൂറാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഇത്തരത്തിലുള്ള ഒരു സെമിനാർ സംഘടിപ്പിക്കുമ്പോൾ ലൈബ്രറികളുടെ പ്രാധാന്യത്തെക്കുറിച്ച് നാം ഓർക്കേണ്ടതുണ്ട്. ഒരു ദേശത്തിന്റെ സംസ്കാരമെന്താണെന്ന് അളക്കുന്നത് ആ ദേശത്ത് എത്ര വായനശാലകളുണ്ടെന്ന് നോക്കിയാണ്. 'നിങ്ങളുടെ പട്ടണത്തിൽ എത്ര വായനശാലകളുണ്ടെന്ന് പറയൂ നിങ്ങൾ ആരാണെന്ന് ഞാൻ പറയാം' എന്ന പ്രസിദ്ധമായൊരു വാചകമുണ്ട്. 'ലൈബ്രറിയെന്നാൽ ഒരു ക്ഷേത്രമായി ഞാൻ കാണുന്നു' എന്ന് പറഞ്ഞത് ജീൻ പോൾ സാർത്ര് ആണ്. 'സ്വർഗ്ഗം എന്നാൽ ലൈബ്രറി എന്ന് ഞാൻ വിശ്വസിക്കുന്നു' എന്ന് പറഞ്ഞത് ബോർഗസ്. 'നിങ്ങൾ ജീവിതത്തിൽ അറിഞ്ഞിരിക്കേണ്ട ഒരേയൊരു വഴി ലൈബ്രറിയിലേയ്ക്കുള്ളതു മാത്രമാണ്' എന്നാണ് വിഖ്യാത ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞത്. ലൈബ്രറികളുടെ പ്രാധാന്യമാണിവർ സൂചിപ്പിച്ചത്. നമ്മുടെ ചരിത്രത്തിന്റെയും ഭാഷയുടെയും സംസ്കാരത്തിന്റെയും സൂക്ഷിപ്പുകേന്ദ്രങ്ങളായതുകൊണ്ടാണ് യുദ്ധങ്ങളും അധിനിവേശങ്ങളുമുണ്ടാകുമ്പോൾ സാംസ്കാരിക സ്ഥാപനങ്ങളും ലൈബ്രറികളും ആദ്യം ആക്രമിക്കപ്പെടുന്നത്.

'മഹാപ്രളയകാലത്ത് മോശയുടെ പെട്ടകത്തെ കുറിച്ച്' വേദപുസ്തകത്തിൽ പറയുന്നതുപോലെ കേരള ചരിത്രത്തെയും സംസ്കാരിക വൈവിധ്യങ്ങളെയും അടുക്കിവച്ച ഒരു പേടകമായിട്ടാണ് സാഹിത്യത്തെ ഞാൻ കാണുന്നത്. അത് ചരിത്ര രേഖകളിൽ നിന്നും മറ്റു പഠന കേന്ദ്രങ്ങളിൽനിന്നും വിഭിന്നമായി നിൽക്കുന്നത് രണ്ട് തരത്തിലാണ്. ഒന്ന്, ചരിത്രം വിജയികളുടെയും രാജാക്കന്മാരുടേതുമാണ്. സാധാരണക്കാരുടെ വിചാരങ്ങളും പ്രശ്നങ്ങളും പ്രതിസന്ധികളും പലപ്പോഴും ചരിത്രങ്ങളിൽ രേഖപ്പെടുത്തപ്പെടുന്നില്ലെന്ന വലിയ പരാധീനത ചരിത്ര രേഖകളിൽ നമുക്ക് കാണാൻ കഴിയും. ചരിത്ര ഗ്രന്ഥങ്ങളിൽനിന്നും വ്യത്യസ്തമായി വളരെ സൂക്ഷ്മമായി സംസ്കാരത്തെ, മനുഷ്യരെ അടയാളപ്പെടുത്തുന്ന ഇടമായി സാഹിത്യം മാറുന്നു. രണ്ട്, ചരിത്രം പലപ്പോഴും നമ്മളെ കൂടുതൽ ഗർവ്വുള്ളവരും വീരാരാധനക്കാരും കപടദേശഭക്തിയുള്ളവരും അപരവിരോധികളും കുലമഹിമയും ഗോത്ര മഹിമയും ഘോഷിക്കുന്നവരുമൊക്കെ ആക്കി തീർക്കുകയാണ്. എന്നാൽ സാഹിത്യം നമ്മളെ കൂടുതൽ നന്മയും സ്നേഹവും കരുണയുമുള്ളവരും അപരനെ മനസ്സിലാക്കുന്നവരും സാഹോദര്യമുള്ളവരുമാക്കി തീർക്കുന്നു. ചരിത്രത്തിൽ സാഹിത്യം വഹിച്ച പങ്കിനെക്കുറിച്ച് നൊബേൽ സമ്മാന ജേതാവായ പെറുവിയൻ എഴുത്തുകാരൻ Mario Vargas Llosa പറയുന്നുണ്ട് വളരെ ബാർബേറിയനായ ഒരു ജീവിവർഗ്ഗത്തെ മനുഷ്യരാക്കുന്നതിൽ സാഹിത്യം വഹിച്ച പങ്ക് വളരെ വലുതാണെന്നും മനുഷ്യന്റെയുള്ളിൽ നീതിബോധവും ധാർമ്മികബോധവും ചരിത്രബോധവും നൽകിയത് നമ്മൾ ഇന്നോളം വായിച്ച ഓരോ തരം കഥകളായിരുന്നുവെന്നും അവ വായ്മൊഴികളായും മിത്തുകളായും പുരാണങ്ങളായും ഇതിഹാസങ്ങളായും നമ്മുടെയിടയിലുണ്ടെന്നും അവ നിരന്തരം പറഞ്ഞും കേട്ടും നമ്മൾ കൂടുതൽ നല്ല മനുഷ്യരായി തീരുകയാണ്

ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്.

1813-ൽ ബെഞ്ചമിൻ ബെയ്‌ലി അച്ചടി ആരംഭിച്ചു, അതിനുശേഷം ഹെർമ്മൻ ഗുണ്ടർട്ട് മലയാള ഭാഷയ്ക്ക് നിഘണ്ടുവും വ്യാകരണവും നൽകി. അവയിലൂടെ ഒരു വിപ്ലവത്തിന്, സാമൂഹ്യ നവോത്ഥാനത്തിന് കേരളം കളമൊരുങ്ങുകയാണ് ചെയ്തത്. 1817-ലാണ് ഇന്ത്യയിലെ ആദ്യത്തെ കോളേജായ സി.എം.എസ്.കോളേജ്, കോട്ടയത്ത് സ്ഥാപിതമായത്. ഇവിടെ സൂചിപ്പിച്ച എല്ലാ സാമൂഹ്യനേതാക്കന്മാരുടെയും സാമൂഹ്യ പരിഷ്കർത്താക്കളുടെയും മുന്നോട്ടുള്ള യാത്രയ്ക്ക് അക്ഷരങ്ങൾ എങ്ങനെയാണ് പ്രേരകമായതെന്ന് ചോദിച്ചാൽ ഹെർമ്മൻ ഗുണ്ടർട്ടിനെയോ ബെഞ്ചമിൻ ബെയ്‌ലിയെയോ സി. എം.എസ്. കോളേജിനെയോ അവർ കൊണ്ടുവന്നിട്ടുള്ള ഭാഷാപരിണാമങ്ങളെയോ നിഘണ്ടുവിനെയോ അച്ചടിയെയോ നമുക്ക് മറക്കാനാവില്ല.

1850- 1870 കാലഘട്ടത്തിൽ മലയാളത്തിന്റെ വ്യാകരണവും നിഘണ്ടുവുമാണ് ഉണ്ടായതെങ്കിൽ 1889-ൽ ഇന്ദുലേഖ എന്ന നോവൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അടയാളപ്പെടുത്തുകയാണ് ചെയ്തത്. ഇന്ദുലേഖയ്ക്ക് മുമ്പ് 1882-ൽ ആർച്ച് ഡീക്കൻ കോശിയുടെ പുല്ലേലി കുഞ്ചു എന്ന ദളിത്പക്ഷ രചന ഉണ്ടായിക്കഴിഞ്ഞു. 1900-ങ്ങളിൽ ഉണ്ടായിട്ടുള്ള എല്ലാ സാമൂഹ്യ പരിവർത്തനങ്ങളുടെയും തുടക്കം ഈ കൃതികളുടെ വായനകളിൽനിന്നുമാണെന്ന് നമുക്ക് പറയാൻ സാധിക്കും. അക്ഷരവും അറിവും ഏതെങ്കിലുമൊക്കെ ചില വിഭാഗങ്ങളുടെ മാത്രം കുത്തകയായിരുന്ന ഇടത്തുനിന്നും അതിനെ വിമോചിപ്പിച്ചത് വിദ്യാഭ്യാസ പരിപാടികളും അച്ചടിയും പിന്നീടുള്ള വായനയുമാണ്.

എഴുത്തുകാരൻ ഒരു വിഭാഗത്തിന്റെ ചരിത്രത്തെ പൂരിപ്പിക്കുകയാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടോ അതിനുവേണ്ടിയോ അല്ല എഴുതുന്നത്. ഒരുപക്ഷെ, താൻ വായിച്ച ഇടങ്ങളിലൊന്നും തന്റെ ദേശത്തിന്റെയോ സമൂഹത്തിന്റെയോ വംശത്തിന്റെയോ ചരിത്രം കാണുന്നില്ലെന്ന ബോധത്തിൽ നിന്നാകാം എഴുത്ത്. 'കാണുന്നീലല്ലോ ഒരക്ഷരവും എൻ വംശത്തെപ്പറ്റി' എന്നു പറഞ്ഞത് പൊയ്കയിൽ കുമാര ഗുരുവാണ്. Maya Angelou എന്ന അമേരിക്കൻ എഴുത്തുകാരി ഒരു കറുത്ത പെൺകുട്ടിയുടെ കഥ വായിക്കാൻ ആഗ്രഹിച്ചു. പക്ഷെ താൻ വായിച്ച കഥകളിലൊന്നും അത്തരമൊരു കഥ കാണാൻ സാധിക്കാത്തതുകൊണ്ട് താൻ തന്നെ എഴുതിയെന്നു പറയുന്നതുപോലെ കേരളത്തിലുള്ള ഓരോ എഴുത്തുകാരും അവരവരുടേതായ ഇടങ്ങളിൽ ഒഴിഞ്ഞുപോയ ഇടങ്ങൾ കണ്ടെത്തുകയും അതിനെ പൂരിപ്പിക്കുകയും ചെയ്തുകൊണ്ടാണ് മുന്നോട്ടുള്ള യാത്രകൾ നടന്നിട്ടുള്ളത്.

ഒരു ദിവസം കേരളത്തെക്കുറിച്ച് ഇന്നോളം എഴുതിയിട്ടുള്ള എല്ലാ ചരിത്രങ്ങളും മഴവെള്ളത്തിൽ ഒലിച്ചുപോയി എന്നുപറഞ്ഞാലും നമ്മുടെ സാഹിത്യകൃതികൾ മാത്രമെടുത്ത് പരിശോധിച്ചാൽ നമുക്ക് ചരിത്രം പുനർനിർമ്മിക്കാൻ കഴിയും. അത്രയും ആഴത്തിൽ പൊതുജീവിതത്തെ/ സാധാരണക്കാരന്റെ ജീവിതത്തെയും പ്രശ്നങ്ങളെയും സാംസ്കാരിക പരിസരങ്ങളെയും സാഹിത്യം ആഴത്തിൽ രേഖപ്പെടുത്തിവച്ചിട്ടുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

മലയാളത്തിൽ സാഹിത്യത്തെ ഇങ്ങനെ സജീവമായി നിർത്തിയതിന് പ്രധാനമായും മൂന്ന് കാരണങ്ങൾ ഉണ്ടെന്ന് കരുതുകയാണ്. ഒന്ന്, കേരളത്തിലെ സാഹിത്യം എല്ലാക്കാലത്തും പുരോഗമന പ്രസ്ഥാനങ്ങളുടെ അരിക് ചേർന്നാണ് നിന്നിട്ടുള്ളത്. ഇതര ഭാഷകളിൽനിന്നും വ്യത്യസ്തമായി അതിന്റെ പാരമ്പര്യവാദത്തെയോ മാമൂലുകളെയോ ശ്രേഷ്ഠ വാദങ്ങളെയോ ഒക്കെ അടിമുടി തള്ളികളയുകയും നവീനമായ ആശയങ്ങളെയും പുതിയ ലോകങ്ങളെയും പുതിയ വിപ്ലവാശയങ്ങളെയുമൊക്കെ സധൈര്യം സ്വീകരിക്കാൻ അത് ശ്രമിച്ചുകൊണ്ടേയിരിക്കുകയും ചെയ്തു. രണ്ട്, മലയാള ഭാഷ വളരെ വേഗം പുതിയ സാങ്കേതിക വിദ്യകളെ സ്വായത്തമാക്കാൻ ശ്രമിച്ചുകൊണ്ടേയിരുന്നു. രണ്ടായിരത്തിന്റെ തുടക്കത്തിൽ, കമ്പ്യൂട്ടർ വന്നപ്പോൾ ഇനി ഇംഗ്ലീഷ് ഭാഷ മാത്രമേ നിലനിൽക്കൂവെന്ന് കരുതിയ ഇടത്ത്, നമ്മുടെ ഭാഷാവിദഗ്ദ്ധരും സാങ്കേതിക വിദഗ്ദ്ധരും എല്ലാം ചേർന്നുകൊണ്ട് വളരെ സൂക്ഷ്മമായി കമ്പ്യൂട്ടറിലേയ്ക്ക് മലയാള ഭാഷ എത്തിക്കുകയും മലയാള ഭാഷ ലോകമെമ്പാടും പരക്കുന്നതിന് കാരണമാകുകയും ചെയ്തു. രണ്ടായിരത്തിനുമുമ്പ് മലയാള ഭാഷ കേരളത്തിന്റെയുള്ളിൽ പരിമിതപ്പെടുകയും പ്രവാസി ലോകത്ത് വളരെ കഷ്ടപ്പെട്ടാണ് എത്തുകയും ചെയ്തിരുന്നതെങ്കിൽ ഇന്ന് ലോകത്തെമ്പാടുമുള്ള മലയാളികളിലേയ്ക്ക് എത്തുന്ന ഒന്നായി മലയാള ഭാഷ മാറി. എല്ലായിടങ്ങളിൽ നിന്നും മലയാളസാഹിത്യം ഉണ്ടായിക്കൊണ്ടിരിക്കുന്നു. സാമൂഹ്യ പരിവർത്തനത്തിന്റെ അക്ഷര വഴികളിലേയ്ക്ക് നമ്മൾ ചിന്തിക്കുമ്പോൾ അതിന് വഴിവിളക്കായി ഊർജ്ജം പകർന്നവർ നവോത്ഥാന നായകന്മാരും വിദ്യാഭ്യാസ പ്രവർത്തകരും സാഹിത്യകാരന്മാരും വിദ്യാഭ്യാസ ലൈബ്രറി പ്രവർത്തകരും ഭാഷാവൈദഗ്ദ്ധ്യന്മാരും സാങ്കേതിക വിദഗ്ദ്ധന്മാരും എല്ലാംകൂടി ചേർന്ന കേരളീയ സമൂഹത്തിന്റെ പരിച്ഛേദമാണെന്ന് മനസ്സിലാകും. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ തുടർച്ചയാണ് നൂറ് വർഷത്തിനപ്പുറവും നമ്മൾ പ്രതീക്ഷിക്കുന്നത്. അനുദിനം മറവി ബാധിക്കുന്ന ഒരു ജനതയായി നമ്മൾ മാറിക്കൊണ്ടിരിക്കുന്നു. അനുദിനം നമ്മുടെമേൽ അധിനിവേശങ്ങൾ സംഭവിച്ചുകൊണ്ടേയിരിക്കുന്നു. നമ്മുടെ ചരിത്രങ്ങളും ഇതിഹാസങ്ങളുമൊക്കെ തിരുത്തിയെഴുതപ്പെടുന്ന കാലത്ത്, നമ്മൾ ഇന്നോളം ഉണ്ടാക്കിയിട്ടുള്ള നവോത്ഥാന ചരിത്രം മായ്ച്ചുകൊണ്ട് പുതിയ ചരിത്രങ്ങൾ അതിന്മേൽ എഴുതപ്പെടുന്ന ഒരു കാലത്ത് ഈ പ്രസ്ഥാനങ്ങളുടെ ഒന്നിച്ചുള്ള, മുന്നോട്ടുള്ള യാത്ര വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ ചരിത്രത്തെയും സാഹിത്യത്തെയും സംരക്ഷിക്കുന്ന ലൈബ്രറികളെയും കാത്തു സൂക്ഷിക്കേണ്ടതുണ്ട്.

## കുരീപ്പുഴ ശ്രീകുമാർ

നവോത്ഥാന പരിശ്രമങ്ങളിൽ കവിതകൾക്ക് അതിയായ സാന്നിധ്യവും പങ്കാളിത്തവുമുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. നവോത്ഥാന നായകനായ അയ്യാ വൈകുണ്ഠസ്വാമി നാട്ടുഭാഷയിലും തമിഴും മലയാളവും കലർന്ന ഭാഷയിലും എഴുതിയതു മുഴുവൻ കവിതകളായിരുന്നു. അയ്യാ വൈകുണ്ഠസ്വാമികൾ 'ഒരു കുലം മതി, ഒരു ജാതി മതി, ഒരു ലോകം മതി, മനുഷ്യന്' എന്ന് പറഞ്ഞത് കാവ്യരൂപത്തിലാണ്. ശ്രീനാരായണ ഗുരു ജാതിയെ സംബന്ധിച്ച എല്ലാ സിദ്ധാന്തങ്ങളും നമ്മളോട് പറഞ്ഞത് പദ്യത്തിലും കവിതയിലുമാണ്. 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന കവിത അനുഷ്ടുപ്പ് വൃത്തത്തിലുള്ളതാണ്.
'ജാതി ഭേദം മതദ്വേഷം
ഏതുമില്ലാതെ സർവരും
സോദരത്വേന വാഴുന്ന
മാതൃകാ സ്ഥാനമാണിത്'
ഛന്ദസ്സ് തെറ്റാതെ ഇന്നും നമ്മൾ ഉപയോഗിക്കുന്ന താള വ്യവസ്ഥയിലാണ് അദ്ദേഹം അത് പറഞ്ഞത്. ശ്രീനാരായണഗുരുവും നവോത്ഥാന പരിശ്രമങ്ങൾക്കുള്ള പ്രധാന ഉപകരണമായി കവിതയെയാണ് ഉപയോഗിച്ചതെന്ന് ഇതിലൂടെ നമുക്ക് കാണാൻ കഴിയും. വാഗ്ഭടാനന്ദനും പണ്ഡിറ്റ് കെ. പി. കറുപ്പനും കവിതയിലൂടെയാണ് ജനങ്ങളോട് സംസാരിച്ചത്. നമ്മളാരും മാടുകളും മരങ്ങളുമല്ല, എല്ലാവരും മനുഷ്യരാണ്, എല്ലാവരും അവരവരുടെ വല്ലായ്മകൾ മാറ്റുക, ശാസ്ത്രീയമായി ഒരു ജാതി മാത്രമേയുള്ളൂ അത് മനുഷ്യത്വമാണ് തുടങ്ങിയ കാര്യങ്ങളാണ് നവോത്ഥാന നായകനായ പണ്ഡിറ്റ് കെ. പി. കറുപ്പൻ 'ജാതിക്കുമ്മി' എന്ന കവിതയിലൂടെ വിശദമാക്കിയിട്ടുള്ളത്.

സ്ത്രീ വിദ്യാഭ്യാസത്തെക്കുറിച്ച് ആദ്യമായി പറഞ്ഞത് സാംസ്കാരിക നവോത്ഥാന നായകനായ ബ്രഹ്മാനന്ദ ശിവയോഗിയുടെ 'സ്ത്രീ വിദ്യാപോഷിണി'. സമൂഹത്തിൽ സൗഖ്യം ഉണ്ടാകണമെങ്കിൽ സ്ത്രീകൾക്ക് വിദ്യാഭ്യാസം കൊടുക്കണം അല്ലെങ്കിൽ വലിയ ദുഃഖമുണ്ടാകമെന്ന്, കാവ്യ രൂപത്തിൽ ബ്രഹ്മാനന്ദ ശിവയോഗി പ്രസ്തുത കൃതിയിലൂടെ പറയുന്നുണ്ട്. ഇത് കേരളത്തിന്റെ സാംസ്കാരിക മുന്നേറ്റത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. 'കാണുന്നീല്ല ഒരക്ഷരവും എൻ വംശത്തെപ്പറ്റി' എന്ന് പൊയ്കയിൽ കുമാരഗുരുവാണ് പറഞ്ഞത്. ബൈബിൾ മുഴുവൻ വായിച്ചുനോക്കിയിട്ടും എന്റെ വംശത്തെപ്പറ്റി അതിൽ ഒന്നും പറയുന്നില്ല, എന്റെ വംശത്തിന്റെ ചരിത്രം എഴുതാൻ ആരും ഈ ഭൂമിയിൽ ഇല്ലാതെ പോയല്ലോയെന്ന് വിഷമിച്ച് അദ്ദേഹം ബൈബിൾ കത്തിച്ചുകളഞ്ഞു. ഇന്ത്യയിൽ രണ്ട് പ്രധാനപ്പെട്ട പുസ്തകങ്ങളാണ് കത്തിച്ചിട്ടുള്ളത്. ഒന്ന്, ഡോ. ബി. ആർ. അംബേദ്കർ കത്തിച്ച മനുസ്മൃതിയും മറ്റൊന്ന് പൊയ്കയിൽ കുമാരഗുരു കത്തിച്ചുകളഞ്ഞ വിശുദ്ധ വേദപുസ്തകവും. സങ്കടത്തോടുകൂടിയാണ് ഇക്കാര്യം അവർ ചെയ്തത്. ഞാൻ ഹിന്ദുവായി ജനിച്ചു ഒരിക്കലും ഞാൻ ഹിന്ദുവായി മരിക്കില്ല. അത്രമാത്രം അപമാനം ഈ ജാതി എനിക്ക് നൽകിയിട്ടുണ്ടെന്ന് പറഞ്ഞാണ് ഡോ. ബി. ആർ. അംബേദ്കർ മനുസ്മൃതി കത്തിച്ചു കളഞ്ഞത്. നവോത്ഥാന പരിശ്രമങ്ങളുടെ ഏറ്റവും വലിയ ആയുധമായിരുന്നു കവിത.

സെമിനാർ പൂർണമായി കാണുന്നതിന്, QR കോഡ് സ്കാൻ ചെയ്യുക:



കവിത

# നാവിലെ പാൽമധുരം

2022ലെ ഭരണഭാഷാ വാരാഘോഷം
കവിത ഒന്നാം സ്ഥാനം

**ആശാലത ടി.**
(കാറ്റലോഗ് അസിസ്റ്റന്റ്)



മലയും ആളവും തീർത്ത ചേറിലായ്
പിച്ചവച്ചൂ പേരറിയാത്തൊരു പൊന്നുപൈതൽ
തായ് മൊഴിയീണത്തിൽ കാറ്റിരമ്പത്തിൽ
കൈതപ്പൂ വിശറിയിൽ വീണമീട്ടി

ഉഴവന്റെ നിലം പാട്ടിൽ ഐന്തിണ-
പ്പടികളിൽ കൊത്തം കല്ലാടീ മണികിലുക്കം
വീരപ്പാട്ടായി കാതിൽ അകതാരിൽ
ചീരാമൻ പാടി നൽ താരാട്ടുകൾ

ശാരികപ്പൈതലിൻ ചുണ്ടത്തെ നാരായ
മുനയിൽ ഇളംതെന്നലായി കേളിയാടീ കുന്നുകളിൽ
പാടത്തും വരമ്പിലും അന്തിയിൽ ദീപത്തിലും
പാൽ തൂകി തുഞ്ചന്റെ തിരുമധുരം

മിഴാവിൻ മുഴക്കമായ് പാമരർക്കിടയിലും
കള കളം വഞ്ചിപ്പാട്ടിൻ താളത്തിലും
മടിയാതെ പരിലസിച്ചുല്ലസിച്ചൂ
വടക്കും തെക്കും പാട്ടായ് തൊട്ടിലിലാടി

പൂനിലാവിൽ തേക്കുപാട്ടായ് വലുതായി
കൺമണീ കെസ്സു പാട്ടിലും നീ
തനതു ഗർവ്വത്തിലും വിനയം മറക്കാതെ
സുസ്മിതം ഗംഭീര വേദിയിലും കൈരളി നീ

പിറന്നമണ്ണിന്റെ ഗരിമ വളർത്തിയോരോ
താളിലും പ്രഭതൂകി വിളങ്ങിയല്ലോ
ആഗോളവേദികളിൽ ആകാശച്ചെരുവിലും
ആതുരർക്കിടയിലും സാന്ത്വനമായ്

ഓരോ മലയാള ഹൃത്തിലും മുഴങ്ങുന്നൂ
കനകച്ചിലങ്ക തൻ കിലുകിലുക്കം.
അന്ത്യം വരേയ്ക്കും ഞാൻ വാരിപ്പുണരട്ടെ
‘അമ്മേ’ യെന്നുൾവിളി ആവോളവും
കിനിയേണം നാവിൽ പാൽമണമായ്
‘മലയാള’ മധുരമായ് നീ എന്നും എന്നും.

ചെറുകഥ



**ബാബു പ്രകാശ് വി. കെ.**
(മുൻ നിയമസഭാ സെക്രട്ടറി)

# ബലിതർപ്പണം

വാർദ്ധകൃത്തിന്റെ ജരാനരകൾ ബാധിച്ചു തുടങ്ങിയ ശരീരം ആകുലചിത്തതയിൽ നിർജ്ജീവമായി മാറുന്നതയാൾ പല സന്ദർഭങ്ങളിലും തിരിച്ചറിഞ്ഞു. അയാൾക്ക് അത്ര വർദ്ധക്യമായിട്ടുമില്ല. എന്നിട്ടും ചിന്തകൾ ചിലന്തി വലനെയ്തു തുടങ്ങി.

മടുപ്പിക്കുന്ന പകലുകൾ കാൽ നീട്ടി നടക്കുമ്പോൾ വൈകുന്നേരങ്ങൾ രാവാകാൻ ഏറെ ദൈർഘ്യം കാട്ടുന്നു. കിടക്കയിൽ ചരിയാൻ വെമ്പുന്ന അയാൾ ഉറക്കമില്ലാതെ ചരിഞ്ഞും മറിഞ്ഞും രാത്രി തള്ളി നീക്കുന്നത് ദയനീയമായ ഒരു ബ്ളാക്ക് ആന്റ് വൈറ്റ് സിനിമ




വര : സബാഹ്

പോലെ നിരങ്ങി നീങ്ങി. കിടക്കയിൽ അയാളുടെ ശുഷ്കിച്ച വിരലുകൾ പരതുമ്പോൾ ശൂന്യമായി അവശേഷിക്കുന്ന സ്ഥലം അയാളുടെ ഭാര്യ മരണത്തിലേക്കു പോയപ്പോൾ ഉപേക്ഷിച്ചതാണെന്ന യാഥാർത്ഥ്യം അയാൾക്ക് ഉൾക്കൊള്ളാനാവുന്നതുമല്ല. ടെലിവിഷനിലെ അന്തിചർച്ചയിൽ ഉളവാകുന്ന ശബ്ദകോലാഹലങ്ങളിൽ അയാൾ നിസ്സഹായനായി നോക്കി നിന്നതല്ലാതെ അവയൊന്നും തന്നിൽ ചലനങ്ങൾ ഉളവാക്കുന്നില്ല എന്നത് അയാളെ തെല്ലും അലട്ടിയിരുന്നില്ല.

"Your liver condition is a little alarming, unless you stop the habit of your regular drinking, I am afraid something unpleasant is waiting to unfold in the nearby."

ഡോക്ടർ അയാളോട് ബയോകെമിസ്ട്രി റിസൾട്ട് നോക്കിയ ശേഷം പറഞ്ഞു.

'ഞാനെന്തു ചെയ്യാൻ ഡോക്ടർ.. ഹെമിംഗ്വേ പറഞ്ഞപോലെ, What shall I do feel the terrible dullness of life.'

'സാരമില്ല. നിങ്ങളുടെ ഈ നിരീശ്വര വിചാരവും പ്രയോജനരഹിതമായ തലച്ചോർ വ്യായാമമായ വായനയും മൂലം അനുഭവപ്പെടുന്ന ഏകാന്തതയാണ് ഇതിന്റെ അടിസ്ഥാനം. Change it. Everything is changeable in life. ഈശ്വര അവിശ്വാസം മാറ്റേണ്ട എന്നാൽ അൽപ്പം ആത്മീയത ആവാം ഒരു യാത്ര പോവൂ. Preferably to religious places. ഭാര്യ മരിച്ചതിനാൽ നിങ്ങൾക്ക് ഒറ്റക്കുപോകാനല്ലേ കഴിയൂ'- ഡോക്ടർ.

എവിടേക്ക് യാത്ര ചെയ്യണമെന്ന് അയാൾക്ക് ഒരു രൂപവുമില്ല. ദക്ഷിണേന്ത്യയിലെ ക്ഷേത്രങ്ങൾ വളരെ പുരാതന പുണ്യ ക്ഷേത്രങ്ങളാണ്. അവയുടെ വാസ്തുശിൽപ്പ ഘടനയിലും നിർമ്മാണത്തിലും പിന്നീട് വലിയ പുനരുദ്ധാരണം വന്നിട്ടില്ല. ആയിരത്തിൽ പരം വർഷങ്ങൾ പഴക്കമുള്ള തഞ്ചാവൂർ ക്ഷേത്രത്തിൽ പോകണോ, ചിദംബരത്തു പോകണോ, രാമേശ്വരത്തു പോകണോ അയാൾ ചിന്തിച്ചു. ഒടുവിൽ കാശിയിൽ തന്നെ പോകാമെന്ന യാൾ കരുതി. അച്ഛൻ മരിച്ച ശേഷം രണ്ടു മൂന്നു കൊല്ലം കഴിഞ്ഞപ്പോൾ അമ്മ പറഞ്ഞ ഒരു കാര്യം ഓർത്തുപോയി.

'പറ്റുമെങ്കിൽ മക്കളേ നീ കാശിക്കു പോയി അച്ഛനൊരു പിണ്ഡം സമർപ്പിച്ച് ബലിതർപ്പണം ചെയ്യണം ഗംഗയിൽ ഒന്നു മുങ്ങി നിവരുക.'

ഇന്നിപ്പോൾ അമ്മയുടെ വാക്കുകൾ ഓർത്തുപോയി കാശിയിൽ വിശ്വനാഥ ക്ഷേത്രത്തിന്റെ കരയിൽ തിരക്ക് കുറവായിരുന്നു. സീസൺ ആരംഭിച്ചിട്ടില്ലാത്ത മാസത്തിലാണ് അയാൾ പുറപ്പെട്ടത്. വെറുതെ ഗംഗയെ നോക്കിയിരുന്നു. ജന്മാന്തരങ്ങൾക്കപ്പുറമുള്ള നിത്യ പ്രവാഹം. ഇംഗ്ലീഷ് കവി ടി. എസ്. എലിയട്ട് തന്റെ 'Wasteland' എന്ന കവിതയിൽ ഗംഗയെ പ്രകീർത്തിച്ച്

*'Ganga was sunken and the limp leaves waited for rain, while the black clouds gathered far distant over Himavan.*

*The jungle crouched, humped in silence Then Spoken the thunder...'*

വിശ്വനാഥ ക്ഷേത്രത്തിന്റെ നടയിൽ നിന്നും കൈകൂപ്പാൻ തോന്നിയില്ല. അൽപ്പനേരം നിലയുറപ്പിച്ച ശേഷം വെറുതെ ഗംഗക്കരികിലൂടെ നടന്നു. അടുത്തുള്ള ഏതോ ഖരാനകളിൽ നിന്ന് കൃഷ്ണ ഗീതങ്ങൾ ഉയർന്നു കേട്ടു. അടുത്തുള്ള ഒരു ആശ്രമത്തിൽ അയാൾ ചെന്നു കയറി. പ്രൗഢി പുലർത്തുന്ന കാവി വസ്ത്രധാരിയായ ഒരു സന്യാസി അയാളെ സ്വീകരിച്ചു. അവിടെ ഒരു രാത്രി തങ്ങാൻ പറ്റുമോ എന്നയാൾ ഇംഗ്ലീഷിൽ ചോദിച്ചു. പറ്റുമെന്നും, അത്താഴം കഴിക്കാമെന്നും, സന്യാസി പറഞ്ഞു. പിറ്റേന്ന് രാവിലെ പിണ്ഡം സമർപ്പിക്കേണ്ടതിനാൽ തനിക്ക് അത്താഴം വേണ്ടതില്ലെന്ന് അയാൾ പറഞ്ഞു. അതിരാവിലെ സന്യാസി അയാളെ വിളിച്ചുണർത്തി, അച്ഛനുള്ള ബലിതർപ്പണത്തെപ്പറ്റി അയാൾ പറഞ്ഞു.

സന്യാസി അയാളെ ഗംഗയുടെ കൽക്കെട്ടിലേക്ക് നയിച്ചു. ഗംഗയിൽ മുങ്ങി ഈറനിൽ വരാൻ സന്യാസി പറഞ്ഞു. സന്യാസി വേവിച്ചു കൊണ്ടുവന്ന ഗോതമ്പു ചോറിന്റെ ഉരുള അയാൾ ഇലയിൽ സ്വീകരിച്ച് ദർഭ മോതിരമണിഞ്ഞ് അച്ഛനെ സങ്കല്പിച്ച് തെക്കോട്ട് അഭിമുഖമായി സമർപ്പിച്ചു. പുരുഷ സൂക്തത്തിലെ

'ഏതൻമേ നാന്നീമുഖ ശ്രാദ്ധം വിശ്വദ്യോ

ദേവേദ്യോ പിതൃപിതാ മഹേദ്യപ്രപതാ

മഹേദ്യ ഓംതത്സത് സർവ്വദോഷ പരിഹാരാർതേ'

എന്ന സൂക്തം സന്യാസി പറഞ്ഞത് ഏറ്റുചൊല്ലിയ ശേഷം ഗംഗയിൽ ഒന്നു മുങ്ങി നിവർന്നു. ഏതോ ഒരു പൂർവ്വ ജനിയുടെ സ്മരണയിൽ അയാൾ മുഴുകി നിന്നപ്പോൾ സൂര്യൻ പതുക്കെ ഉദിച്ചുയർന്നു വന്നു! സന്യാസിക്ക് ദക്ഷിണ നൽകാൻ അയാൾ തിരിഞ്ഞു. സന്യാസി ആശ്രമത്തിലേക്ക് നടന്നു മറഞ്ഞിരുന്നു. ആശ്രമത്തിൽ ചെന്ന് ദക്ഷിണ നൽകി അയാൾ പുറത്തിറങ്ങി. ഇനിയെന്തു ചെയ്യണമെന്നറിയാതെ അയാൾ ഗംഗയുടെ തീരത്തിലൂടെ തെക്കോട്ട് നടന്നു. ഒരു ബലി കാക്കയും അയാളുടെ പിണ്ഡം ഭക്ഷിക്കാൻ എത്തിയില്ല...



ചെറുകഥ




# പത്താൻ



**ദിനേഷ് കുമാർ കെ.**
(അണ്ടർ സെക്രട്ടറി)

വർഷം 2002...

മെട്രോയ്ക്ക് മുൻപുള്ള ഡൽഹി നഗരം...

കേരള ഹൗസിൽ വന്നിറങ്ങിയപ്പോൾ അയാളെ സ്വാഗതം ചെയ്തത് ആവി പറക്കുന്ന കഞ്ഞിയായിരുന്നു. അച്ചാറും പയറും പപ്പടവും കൂട്ടി ചമ്പാവരി കഞ്ഞി ആർത്തിയോടെ കോരിക്കുടിച്ചപ്പോൾ ഒരു പുതുജന്മം നേടിയ പോലെ... പത്ത് പന്ത്രണ്ട് ദിവസമായി ഉത്തരേന്ത്യയിലെ പലേടങ്ങളിലും അലഞ്ഞു തിരിയുകയായിരുന്നല്ലോ? ദാലും ആലുഗോബിയും കടുകെണ്ണയും കൂട്ടി, വയറും മനസ്സും വല്ലാത്തൊരു പരുവമായിരുന്നു. കഞ്ഞികുടിച്ച് അൽപം

വിശ്രമത്തിനുശേഷം ഡൽഹി കാണുകയെന്ന ചിരകാല ആഗ്രഹം പൂർത്തീകരിക്കാനായി അയാൾ ഏകനായി ഇറങ്ങി. കണാട്ട് പ്ലേസിൽ നിന്നും മുൻപിൽ കണ്ട ട്രാൻസ്പോർട്ട് ബസ്സിൽ ചാടിക്കയറി ചാന്ദ്നീ ചൗക്ക് ലക്ഷ്യമാക്കി നീങ്ങി. ചാന്ദ്നീ ചൗക്കിലെ അത്ഭുതലോകം അയാൾ കൺകുളിർക്കെ കണ്ടു. കുതിരവണ്ടി, ഓട്ടോറിക്ഷ, സൈക്കിൾ റിക്ഷ, പഴയ ലാംബി മുതൽ ചേതക് വരെയുള്ള ടൂവീലറുകളിൽ പാഞ്ഞു പോകുന്ന പഞ്ചാബികൾ, അലഞ്ഞുതിരിയുന്ന പശുക്കൾ, തലങ്ങും വിലങ്ങും പായുന്ന ട്രാൻസ്പോർട്ട് വണ്ടികൾ... മലയാളിയും തമിഴനും തെലുങ്കനും പഞ്ചാബിയും കാശ്മീരിയും ബംഗാളിയും ബിഹാറിയും മണിപ്പൂരിയും അടങ്ങുന്ന ജനസഞ്ചയം ഒഴുകി നീങ്ങുന്ന, ഭിക്ഷാടകർ, പാൻവാലകൾ, തെരുവ് കച്ചവടക്കാർ, തെരുവ് സർക്കസുകാർ, എല്ലാത്തിനും സാക്ഷിയായി ചെങ്കോട്ട തലയുയർത്തി നിൽക്കുന്നു. നിലാവിൽ കുളിച്ച് നിൽക്കുന്ന തെരുവിനെ ചെങ്കോട്ടയുടെ മട്ടുപ്പാവിൽ നിന്ന് നിർന്നിമേഷനായി നോക്കി ഷാജഹാൻ ചക്രവർത്തി വിളിച്ചിരിക്കാം...ചാന്ദ്നി ചൗക്ക്... ലാഹോരി ഗേറ്റും അജ്മീരി ഗേറ്റും അടങ്ങുന്ന കവാടങ്ങൾ മുതൽ എണ്ണിയാലൊടുങ്ങാത്ത തെരുവു കച്ചവടങ്ങൾ... കണ്ടതെല്ലാം വാങ്ങിക്കൂട്ടി ഒഴുകിനീങ്ങുന്ന ജനം...

തിരക്കിൽ അലിഞ്ഞുകൊണ്ടയാൾ നടന്നു. പോക്കറ്റടി അവിടെ നിത്യസംഭവമാണെന്ന് നാട്ടിലെ സുഹൃത്ത് പറഞ്ഞതോർത്ത് കഷ്ടിച്ച് ആയിരം രൂപയേ അയാൾ കയ്യിലെടുത്തുള്ളൂ. ചിത്രപ്പണികൾ ഘടിപ്പിച്ച രണ്ട് പേന വാങ്ങി, നൂറ്റിപ്പിച്ച രണ്ട് പേന വാങ്ങി, നൂറ്റിപ്പതു രൂപയുടെ രണ്ട് ടീ ഷർട്ട്, അമ്മയ്ക്ക് ഒരു സ്വെറ്റർ, അനിയത്തിക്കൊരു ഹാൻഡ് ബാഗ്... പണം ഏതാണ്ട് തീരാറായെന്ന് തോന്നുന്നു. ഓറഞ്ചും പച്ചയും നിറമുള്ള കിന്നരികൾ പിടിപ്പിച്ച രോമത്തൊപ്പി അയാളെ വല്ലാതാകർഷിച്ചു... തെരുവ് കച്ചവടക്കാരനുമായി വിലപേശി നൂറ്റമ്പത് രൂപയ്ക്ക് അതുമയാൾ വാങ്ങി. നേരം സന്ധ്യയാകുന്നു. ഇനിയും ഇവിടെ ചുറ്റി നടന്നാൽ അപകടമാകും. പോക്കറ്റിലെ പണം തപ്പി നോക്കിയപ്പോൾ ഉള്ളൊന്ന് കാളി! പത്തോ പന്ത്രണ്ടോ രൂപ മാത്രം. വാങ്ങൽ സംസ്ക്കാരത്തിനടിമപ്പെട്ട് ക്യാഷ് ബാലൻസ് നോക്കാൻ അയാൾ മറന്നിരുന്നു.

എത്രയും വേഗം തിരികെ കേരള ഹൗസിലെത്തണം. നാളെ സംഘത്തോടൊപ്പം കുളു-മണാലി യാത്രയാണ്. ബാഗ് പാക്ക് ചെയ്യണം... അയാൾ ധൃതിപ്പെട്ട് സ്റ്റോപ്പിലേക്ക് നടന്നു... 'കണാട്ട് പ്ലേസ്... ജന്തർ മന്തർ' എന്നെല്ലാം ഉറക്കെ വിളിച്ച് പറഞ്ഞു പഞ്ചാബികളുടെ ഫട്ഫട് സർവ്വീസുകൾ അയാളെ മാടിവിളിച്ചു. ഇരുപത് രൂപയാണ് ചാർജ്. പോക്കറ്റിലെ ശൂന്യത അയാളെ അലട്ടി. ഇതികർത്തവ്യതാ മൂഢനായി അയാൾ നിന്നു. ശുദ്ധമായ മലപ്പുറം മലയാളവും കോട്ടയം മലയാളവും പറഞ്ഞുകൊണ്ട് ഏതാനും ചെറുപ്പക്കാർ അയാളെ കടന്നു പോയി... 'ഏതെങ്കിലും മലയാളിയുടെ കാല് പിടിച്ച് ഒരു പത്തു രൂപ സംഘടിപ്പിച്ചാലോ? വേണ്ട... തെണ്ടണമെങ്കിൽ ഡൽഹി വരെ വരേണ്ട കാര്യമില്ലായിരുന്നല്ലോ' മനസ്സ് മന്ത്രിച്ചു.

ചുമന്ന കുഷ്യനുള്ള... അലങ്കാര തുന്നലുകൾ ഘടിപ്പിച്ച ഒരു സൈക്കിൾ റിക്ഷ അയാൾക്ക് മുൻപിൽ വന്നു നിന്നു. മണികിലുക്കിക്കൊണ്ട് റിക്ഷാവാല അയാളെ നോക്കി ചിരിച്ചു.

'സർ കഹാം ജാനാ ഹെ?'

'കേരള ഹൗസ്, ജന്തർ മന്തർ'

'ആപ് മദ്രാസി ഹെ?'

മദ്രാസി... ആദ്യമായാണ് അത്തരമൊരു ചോദ്യം കേൾക്കുന്നത്. മദ്രാസ് പ്രോവിൻസിന്റെ ഭാഗമായിരുന്ന മലബാറിൽ ജനിച്ചതിനാൽ ഞാനും ഒരു മദ്രാസിയാണ്..

'ഹാം... മേം മദ്രാസി ഹൂം...'

'ചലിയേ... മേം ആപ് കോ ഛോഡ് ദൂംഗാ.'

ആദ്യമായിട്ടാണ് സൈക്കിൾ റിക്ഷയിൽ കയറുന്നത്. ഒരു മനുഷ്യൻ തന്റെ കായികബലം കൊണ്ട് മറ്റൊരു മനുഷ്യനെ വലിച്ചുകൊണ്ട് പോകുന്ന അവസ്ഥയെ അയാളിലെ സോഷ്യലിസ്റ്റ് മനസ്സ് ചോദ്യം ചെയ്തിരുന്നു. പോട്ടെ, രക്ഷയില്ല, അല്ലെങ്കിൽ നാളത്തെ യാത്ര മുടങ്ങും...

മെലിഞ്ഞ് നീണ്ട ബലിഷ്ഠമായ ശരീരം, അൽപ്പം നരച്ച ചെമ്പൻ താടി, തലയിൽ പത്താൻ തൊപ്പി, കുർത്തയും പൈജാമയും വേഷം, ചുണ്ടിൽ നിറഞ്ഞ പുഞ്ചിരി. 'ബഷീർ ഖാൻ.' റിക്ഷാ ഡ്രൈവർ സ്വയം പരിചയപ്പെടുത്തി.

പ്രധാന വഴികളിൽ നിന്ന് മാറി റിക്ഷ ഗലികളിലേക്ക് തിരിഞ്ഞു. തകര ഷീറ്റുകൊണ്ടും പോളിത്തീൻ ഷീറ്റു കൊണ്ടും മറച്ച കുഞ്ഞ് കുഞ്ഞ് കുടിലുകൾ; അതിൽ തിളർക്കുന്ന അസംഖ്യം ജീവിതങ്ങൾ. ഓരോ ഗലിയിലും ഒരു മൂലയിൽ ഒരു മന്ദിർ; ഹനുമാനോ ഗണപതിയോ ആകാം. ഒരറ്റത്ത് ഗുരുദ്വാര. ഓരോ കവലയിലും ഒരു പള്ളിയെങ്കിലും കാണും... 'സാബ്... ഇവരെല്ലാം അഭയാർത്ഥികളാണ്. ഈയിടെ ഗുജറാത്തിൽ നിന്നും ഒരു പാട് പേർ വന്നു.'

'ഗുജറാത്ത്...' അയാളുടെ ഉള്ളിൽ ഒരു കൊള്ളിയാൻ മിന്നി; ചോരയിൽ കുതിർന്ന വിലാപങ്ങൾ അയാളുടെ ഉള്ളിൽ നെരിപ്പാടുകൾ തീർത്തു. ഗലികൾക്കിടയിലെ ഊടുവഴികളിലൂടെ ഒരേ താളത്തിൽ ബഷീർഖാൻ സൈക്കിൾ ചവിട്ടി.

ഇയാൾ ഏതെല്ലാം വഴികളിലൂടെയാണ് ഈ പോകുന്നത്, തട്ടിപ്പുകാരനാകുമോ? കൂലി കൂടുതൽ ചോദിച്ച് പ്രശ്നമാക്കുമോ?. അയാളുടെ ഉള്ളിൽ പലവിധ ചിന്തകൾ മുളപൊട്ടി. ചിന്തകൾ മുറിച്ച് കൊണ്ട് ബഷീർഖാന്റെ മൂളിപ്പാട്ട്... പഞ്ചാബി ചുവയുള്ള പഴയ ഒരു ചലച്ചിത്രഗാനം. റാഫിയുടെ ആദ്യകാല ഗാനമാണെന്ന് തോന്നുന്നു. എത്ര തന്മയത്വത്തോടെ അയാൾ പാടുന്നു!

'സാബ് എന്റെ സഹോദരി കേരളത്തിലാണ്, അങ്ങ് തലശ്ശേരിയിൽ. അളിയൻ സി.ആർ.പി.എഫിലാണ്. സഹോദരിയെ കാണാൻ ഞാൻ കേരളത്തിൽ വിന്നിട്ടുണ്ട്. കേരൾ ദുനിയാകാ സബ്സേ അച്ഛാ ദേശ്

ഹെ...'

അതുകേട്ട് അയാൾ അഭിമാന പൂർവ്വം റിക്ഷയിൽ ഞെളിഞ്ഞിരുന്നു!

മൈതാനങ്ങൾ പിന്നിട്ട് നയതന്ത്ര കാര്യാലയങ്ങൾ നിറഞ്ഞ റോഡിലേക്ക് കടന്നു.

'സാബ്, യെ സബ് എംബസി ഹെ, അമേരിക്കൻ, ജർമൻ, ജപ്പാൻ സബ് എംബസി യഹാം ഹെ.'

'സാബ്, യെ ഹെ റഫി മാർഗ്.' അനശ്വര ഗായകന്റെ പേരിലുള്ള ആ തെരുവിലേക്ക് അയാൾ കൗതുക പൂർവ്വം നോക്കി!

'ലോ, പാർലമെന്റ് ആ ഗയാ.' ദീപാലംകൃതമായ പാർലമെന്റ് മന്ദിരം സൈക്കിൾ റിക്ഷയിൽ നിന്ന് തലനീട്ടി അയാൾ കണ്ടു.

'സാബ്.... അബി കേരള ഹൗസ് ആയേഗാ'

കണാട്ട് സർക്കസ് ചുറ്റിവരുമ്പോൾ ദൂരെ കേരള ഹൗസ് കണ്ടപ്പോൾ അയാൾക്ക് ശ്വാസം നേരെ വീണു. കേരള ഹൗസിന്റെ മുൻപിൽ നിർത്തിയ സൈക്കിൾ റിക്ഷയിൽ നിന്ന് ഇറങ്ങുമ്പോൾ അയാൾ പറഞ്ഞു.

'സഹോദരാ ഒരു നിമിഷം നിൽക്കണേ, റൂമിൽ പോയി ഞാൻ പണവുമായി വരാം.'

'പണമോ സാബ്...... ഞാൻ പണം ചോദിച്ചില്ലല്ലോ?'

'അൽപ്പനേരം നിൽക്കൂ. ഞാൻ ഇപ്പോൾ വരാം'

'സാബ്. നിങ്ങളെ ഇവിടെയെത്തിക്കാമെന്നല്ലേ ഞാൻ പറഞ്ഞുള്ളൂ. പണം വേണമെന്ന് പറഞ്ഞില്ലല്ലോ.'

'പിന്നെ, ഇത്രയും ദൂരം സൈക്കിൾ ചവിട്ടിയത്?'

തർക്കം കേട്ട് കേരള ഹൗസ് കോമ്പൗണ്ടിൽ ഉലാത്തിക്കൊണ്ടിരുന്ന പത്രപ്രവർത്തകൻ ഗോപിയേട്ടൻ രംഗത്തെത്തി.

'എന്തിനാ പ്രവീൺ. ഈ റിക്ഷാക്കാരോട് തർക്കിക്കാൻ നിൽക്കുന്നെ. എന്താന്ന് വച്ചാൽ കൊടുത്ത് പറഞ്ഞുവിട്.'

'ഗോപിയേട്ടാ.... ഇയാൾ പണം വാങ്ങുന്നില്ല; ചാന്ദ്നിചൗക്ക് മുതൽ സൈക്കിൾ ചവിട്ടിയിട്ട് പണം വേണ്ടന്നാ പറയുന്നേ.'

'പണം വേണ്ടെന്നോ? അതും സൈക്കിൾ റിക്ഷാക്കാരൻ?' ഗോപിയേട്ടൻ വിശ്വാസം വരാതെ നോക്കി!

'സാബ്, ആപ് ഗുംരാഹ് ഥെ... മേം ഭീ ഗുംരാഹ് ഥാ... സഹീ രാഹ് ദിഖാനെ അല്ലാ നെ മുജേ ഭേജ് ദിയാ.'(സർ താങ്കൾക്ക് വഴി തെറ്റിയിരുന്നു..... എനിക്കും; ശരിയായ വഴി കാട്ടുവാൻ അല്ലാഹു എന്നെ പറഞ്ഞയച്ചു.)

തർക്കിച്ചിട്ട് കാര്യമില്ലെന്നയാൾക്ക് ബോധ്യമായി. തന്റെ സഞ്ചിക്കകത്തെ തിളങ്ങുന്ന കിന്നരിത്തൊപ്പിയിലേക്ക് അയാൾ കണ്ണോടിച്ചു. പിന്നെ, മെല്ലെ ആ കിന്നരിത്തൊപ്പി അയാൾ ബഷീർഖാന് നേരെ നീട്ടി...

'ഇതെങ്കിലും സ്വീകരിക്കൂ. യേ മേരാ പ്യാർ കീ തോഫാ ഹെ.'

പഴയ ഒരു ചിത്രത്തിൽ ധർമ്മേന്ദ്ര മീനാ കുമാരിയോട് പറഞ്ഞ ഡയലോഗ് ഓർത്തെടുത്തുകൊണ്ട് അയാൾ പറഞ്ഞു.

'സാബ്, ഇത് താങ്കളുടെ സ്നേഹമാണെങ്കിൽ ഞാൻ സ്വീകരിക്കാം.'

ആ കിന്നരിത്തൊപ്പി തന്റെ പത്താൻ തൊപ്പിക്ക് മുകളിൽ വെച്ച് ചൂളമടിച്ചുകൊണ്ടയാൾ കൈവീശി...

'ഫിർ മിലേംഗെ സാബ്.... ശുക്രിയാ...'

'ശുക്രിയാ ഭായ്...'

റോഡിനെ വിഴുങ്ങിയ പൊടിപടലങ്ങൾക്കിടയിലൂടെ മൂളിപ്പാട്ടും പാടി റിക്ഷ ചവിട്ടി നീങ്ങുന്ന ആ പത്താനെ കാഴ്ച മറയുവോളം പ്രവീൺ നോക്കി നിന്നു...

ഇന്ത്യാ ഗേറ്റിലേക്കുള്ള വഴിയിൽ അങ്ങ് ദൂരെ, ആ സൈക്കിൾ റിക്ഷ പൊടി പടലങ്ങളിൽ മറഞ്ഞു. ഓറഞ്ചും പച്ചയും തുന്നിയ കിന്നരിത്തൊപ്പി പതുക്കെ കാഴ്ചയിൽ നിന്ന് ഒഴുകിയകന്നു.





# 'മധു' മൊഴി

2022ലെ ഭരണഭാഷാ സാഹിത്യപുരസ്കാരം
കവിത ഒന്നാം സ്ഥാനം

ഇന്നലെക്കൂടി കുടിലിന്റെ ഉറിയിലായ്
പാഴ്ക്കലമല്ലോ കമിഴ്ന്നിരുന്നു...
ഇന്നലെ കാഞ്ഞവയറുമായെൻ പെങ്ങൾ
പായാരം ചൊല്ലി കരഞ്ഞിരുന്നു!

ചാണകം മെഴുകിയോരെൻ കുടിൽ തിണ്ണയിൽ
മെല്ലിച്ച കൈകാൽ പിണച്ചിരുന്നു...
ചാവാതിരിക്കുവാനൊത്തിരി വറ്റുമായ്
കാടകം തേടിയിങ്ങാരോ വരുന്നപോൽ!

പകൽ തിന്നുതീർത്ത പശിയതും ദാഹവും
തെല്ലൊന്നടക്കാൻ മൂവന്തിനേരത്ത്
പാതയോരത്തിന്റെ പീടികത്തിണ്ണയിൽ
പലരോടു കൈനീട്ടി ഞാൻ വലഞ്ഞു...!

കണ്ടില്ലയെന്നോ, കണ്ടിട്ടും കാണാത്ത
മനസ്സാൽ നടന്നു മനുജാതവർഗ്ഗം!
വയറിലെ നീറുന്ന പശിയാലെ ഞാനപ്പോൾ
'മൂഴക്കരി' കള്ളനായ്ത്തീർന്നുവത്രേ...!

ഒരു നേരമെങ്കിലും പെറ്റവയറിനും സോദരിക്കും
കഞ്ഞി തൻ വറ്റിലൂടാശ്വാസമേകുവാൻ
എൻ മനസ്സപ്പോൾ കൊതിച്ചുപോയി...
'കള്ളൻ കള്ളനെ' ന്നത്രേ വിളിച്ചുകൂവി!

സദാചാരമാർഗികൾ ഒത്തുകൂടി
കള്ളനല്ലെന്നു ഞാൻ കൈകൂപ്പി അവരോട് :
കത്തും വിശപ്പിനാലൊട്ടിയോരെൻ
ജഠരത്തിലാഞ്ഞു പ്രഹരിച്ചു തൃപ്തരായ്!

കൈകൂപ്പി നിന്നയെൻ കൈകൾ പിണച്ചും
ഉടമുണ്ടുരിഞ്ഞു മുറുകെ വിരിഞ്ഞും
അരുതെന്നൊരായിരം വട്ടമെൻ
സഹജരെക്കാൽപിടിച്ചേറ്റു പറഞ്ഞു!

പോകുന്നോർക്കൊക്കെ വഴിച്ചെണ്ടപോലെയായ്
ചേലാണ്ട മുഖമില്ല, ചേലൊത്ത ചേലയുമില്ല...
ഊക്കോടടിക്കും തലങ്ങും വിലങ്ങുമായങ്ങനെ
അടിനാഭി അന്ത്യമായ് ചോര ചിന്തി!

പരലോകമേലാപ്പിൽ സുഖമായിരിക്കുന്നു
കീഴാളമേലാള ഭേദമില്ലാതെ..
'വായ്ക്കരി' തന്നൊരു സ്നേഹ സമൂഹമേ
ഓർത്തിടുമെന്നെന്നുമീ ചുടു കണ്ണീരാൽ



**പ്രസാദ് വി.**
(ചീഫ് അമിനിറ്റീസ് അസിസ്റ്റന്റ്)

# Columbia താരാപഥങ്ങളിലെ രക്തസാക്ഷിത്വം






**വേണുഗോപാൽ ആർ.**
(സെക്ഷൻ ഓഫീസർ ഹ. ഗ്രേ.)

അമേരിക്കൻ ബഹിരാകാശ പര്യവേഷണ സ്ഥാപനമായ നാസയുടെ പ്രഥമ Space Shuttle Orbiter ആയിരുന്നു 1981 ഏപ്രിൽ 12-ന് Kennedy Space Centre-ൽ നിന്നും കുതിച്ചുയർന്ന Columbia. STS-1 (Space Transportation System-1) എന്ന ഈ ദൗത്യത്തിന്റെ ലക്ഷ്യം പേടകത്തിന്റെ പൊതുവായ പ്രവർത്തനം വിലയിരുത്തുക, പേടകത്തെയാകമാനം പൊതിയുന്ന 30,000 താപ പ്രതിരോധ ടൈലുകളടങ്ങുന്ന സുരക്ഷാകവചത്തിന്റെ ശേഷി അളക്കുക മുതലായവയായിരുന്നു. നീണ്ട ഇരുപത്തി രണ്ട് വർഷത്തെ പ്രവർത്തന കാലയളവിൽ ആകെ ഇരുപത്തി എട്ട് തവണ പറന്ന Columbia Space Shuttle പലപ്പോഴായി 300 ദിവസങ്ങൾ ബഹിരാകാശത്തു തങ്ങുകയും നിരവധി കൃത്രിമ ഉപഗ്രഹങ്ങളും ദൂരദർശിനികളും സ്ഥാപിക്കുകയും ശാസ്ത്ര പരീക്ഷണങ്ങൾ നടത്തുകയും ചെയ്തിരുന്നു. ഇതിൽ പ്രമുഖമായത് Chandra X-ray Observatory സ്ഥാപിക്കുന്ന ദൗത്യം ആയിരുന്നു. (STS-93 on 23-7-1999). പ്രസ്തുത പേടകത്തിന്റെ അവസാനത്തെ വിജയകരമായ ദൗത്യം Hubble Space Telescope ന്റെ നാലാമത്തെ അറ്റകുറ്റപ്പണിക്ക് വേണ്ടിയായിരുന്നു (STS-109 on 1-3-2002). Microgravity ഗവേഷണത്തിനു വേണ്ടിയുള്ള ഇരുപത്തിയെട്ടാമത്തെ ദൗത്യത്തിനായി 2003 ജനുവരി 16ന് Kennedy Space Centre ലെ launch pad 39 Aയിൽ നിന്നും യാത്ര ആരംഭിച്ച Columbia യെ Rick Husband (Mission Commander), Kalpana Chawla (Mission Specialist), Willian McCool (Piolet), David M. Brown, Laurel B.Clark, Michael P. Anderson (all mission specialists) and Ilan Ramon (Payload







Specialist) എന്നിവർ ചേർന്നു വിജയകരമായി നിശ്ചിത ഭ്രമണപഥത്തിലെത്തിച്ചിരുന്നു. പക്ഷെ launch pad-ൽ നിന്നും ഉയർന്നു പൊങ്ങിയവേളയിൽ ഒരു ലോഹ ഖണ്ഡം ഇളകി വാഹനത്തിന്റെ ഇടതു ചിറകിൽ ഇടിക്കുകയും താപ പ്രതിരോധ ടൈലുകളിൽ വലിയ വിള്ളലുകൾ ഉണ്ടാവുകയും ചെയ്തത് ആരുടെയും ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. നീണ്ട 15 ദിവസത്തെ ശാസ്ത്ര സാങ്കേതിക പരീക്ഷണങ്ങൾക്കു ശേഷം Columbia (STS-107) 1-2-2003-നു രാവിലെ 8.15ന് (East Coast Time of US & Canada) ഭൂമിയിലേക്ക് മടക്ക യാത്ര ആരംഭിച്ചു. മണിക്കൂറിൽ 28000 കിലോമീറ്റർ എന്ന വേഗതയിൽ ബഹിരാകാശത്തെ ഭ്രമണപഥത്തിൽ നിന്നും ഭൂമിയുടെ ഗുരുത്വാകർഷണ വലയത്തിൽ പ്രവേശിച്ച ശേഷം ക്രമേണ വേഗം കുറച്ച് 2649 Km/hour വേഗത്തിൽ വാഹനം ഭൗമാന്തരീക്ഷത്തിലൂടെ കുതിച്ചു താഴ്ന്നു വരുമ്പോൾ തന്നെ അതിന്റെ ഉപരിതലം അത്യധികം ചൂടാവുകയും (3000 degree Farenheit) പേടകത്തിന്റെ വശങ്ങളിൽ വായു ഘർഷണം കൊണ്ട് രൂപപ്പെട്ട Plasma അവസ്ഥയിലെ അഗ്നി സ്ഫുലിംഗങ്ങൾ ചെറിയ തോതിൽ ടൈലുകളിലെ വിള്ളലുകളിൽ കൂടി അകത്തേക്ക് കടക്കുകയും ചെയ്തിരുന്നു. ഈ Superheated Plasma യുടെ അഗ്നി ജ്വാലകൾ ഉള്ളിൽ പ്രവേശിച്ചത് cabin air pressure പൂജ്യത്തിലേക്ക് താഴാൻ ഇടയാക്കി. അതോടൊപ്പം പറന്നു കൊണ്ടിരുന്ന പേടകത്തിന്റെ ഇടത് ചിറക് മുറിഞ്ഞു മാറുകയും പേടകം കറങ്ങിത്തിരിഞ്ഞ് മറിയുകയും ഏതാനും സെക്കന്റുകൾക്കുള്ളിൽ ചിതറിത്തെറിക്കുകയും ചെയ്തു. ഫ്ളോറിഡയിലെ Kennedy Space Centre-ൽ ഇറങ്ങാൻ 15 മിനിറ്റുകൾ മാത്രം ബാക്കിയുള്ളപ്പോൾ ആയിരുന്നു Texas-Lousiana നഗരങ്ങൾക്ക് മുകളിലെ അന്തരീക്ഷത്തിൽ 74 Km ഉയരത്തിൽ വെച്ച് Columbia പൊട്ടിച്ചിതറിയത്. ഈ ദുരന്തത്തിൽ ഭാരത ബഹിരാകാശ ചരിത്രത്തിലെ അഭിമാനമായ പ്രമുഖ ശാസ്ത്രജ്ഞ കൽപ്പന ചൗളയും മറ്റു ശാസ്ത്രജ്ഞരോടൊപ്പം കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

# പ്രളയപർവ്വം

2022ലെ ഭരണഭാഷാ വാരാഘോഷം
കഥ  ഒന്നാം സ്ഥാനം

രണ്ടു കണ്ണുകൾ മാത്രം ആ കൂരിരുട്ടിലും തിളങ്ങുന്നുണ്ടായിരുന്നു. വീടും നാടു മെല്ലാം സുഖനിദ്രയിൽ മുങ്ങിയപ്പോഴും ജനൽപ്പഴുതിലൂടെ ആ കണ്ണുകൾ പരക്കം പായുകയായിരുന്നു. അമ്മയുടെ ശബ്ദം കേട്ടപ്പോൾ മൃദുല പേടിച്ച് പിന്നോട്ട് മാറി ശ്വാസം അടക്കിപ്പിടിച്ച് നിന്നു. നശിച്ച പട്ടികൾ! അപ്പോഴും നിർത്താതെ ഓരിയിട്ടു കൊണ്ടിരുന്നു.

വിവാഹത്തിനുള്ള ഒരുക്കങ്ങൾ തകൃതിയായി നടക്കുന്നതു കാണുമ്പോൾ എന്തോ മൃദുലയ്ക്ക് വല്ലാത്ത വീർപ്പുമുട്ടൽ തോന്നി. എന്നാലും അതൊന്നും പുറത്ത് കാണിക്കാതെ അവൾ പച്ചചിരിയിൽ ഒരുങ്ങി നിന്നു. അണമുറിയാത്ത ആവേശത്തിൽ ഒരു വർഷം മുമ്പ് സമംഗളം നടക്കേണ്ടതായ വിവാഹമായിരുന്നു മൃദുലയുടേത്.

അത്താഴം കഴിഞ്ഞ് എല്ലാവരും



**പ്രസാദ് വി.**
(ചീഫ് അമിനിറ്റീസ് അസിസ്റ്റന്റ്)



കൊച്ചുവർത്തമാനം പറഞ്ഞിരിക്കുന്ന സമയത്തും ചന്നംപിന്നം ചെയ്യുന്ന മഴയുണ്ടായിരുന്നു. ‘രണ്ടു മൂന്നു ദിവസമായി മഴ തുടങ്ങിയിട്ട്. നശിച്ചൊരുമഴ’ എന്ന് മുത്തശ്ശി പറഞ്ഞപ്പോൾ ‘മൂടിപ്പൊതച്ച് കിടന്നോളൂ മുത്തശ്ശി. നല്ല തണുപ്പുണ്ട്’ എന്ന് അനിയൻ തമാശയോടെ പറഞ്ഞു. അച്ഛന് പുറംപണിക്ക് പോകാനോ അമ്മയ്ക്ക് ഫാക്ടറിയിൽ പോകാനോ രണ്ടു മൂന്നു ദിവസമായി കഴിയുന്നില്ല. മൃദുല ഹോസ്റ്റലിൽ നിന്നും വിളിക്കുന്നുണ്ട് എന്ന് അച്ഛൻ എല്ലാവരോടുമായി പറഞ്ഞപ്പോൾ വല്ലാത്തൊരു നിശ്ശബ്ദത കടന്നുവന്നു. മഴയുടേയും കൂടെ വിവാഹത്തിന്റേയുമൊക്കെ കാര്യങ്ങൾ സംസാരിച്ച് അച്ഛൻ സന്തോഷത്തോടെ ഫോൺ വച്ചു.

എല്ലാവരും ഉറങ്ങാൻ കിടന്ന നേരം കതകിന് ഒരു മുട്ടുകേൾക്കുന്നു. അച്ഛൻ ഓടിച്ചെന്ന് കതകു തുറന്നപ്പോൾ തോമച്ചന്റെ കെട്ട്യോളും മകളുമാണ്. ‘അവിടെ പെരയാകെ ചോർന്നൊലിക്കുന്നു’ എന്നു പറഞ്ഞ് ത്രേസ്യാമ്മേട്ടത്തി അകത്തേക്കു കയറി. കൂടെ മകളും. ‘ഇന്ന് ഇവിടെയെങ്ങാനും കിടക്കാം അല്ല്യോ’ എന്ന ത്രേസ്യേട്ടത്തിയുടെ ആത്മഗതം കേട്ട് അമ്മ പായയും തലയണയും അവർക്കു നേരെ നീട്ടി. സന്തോഷത്തോടെ അവർ കിടക്കുമ്പോഴും ചോർന്നൊലിക്കുന്ന തോമാച്ചായന്റെ കാര്യമോർത്ത് സങ്കടപ്പെട്ടു. ചീവിടിന്റെ ഒച്ചയും പട്ടികളുടെ നീണ്ട കുരയും കുറ്റാകുറ്റിരുട്ടും ഭയാനകമായ ഒരു അന്തരീക്ഷം സംജാതമായി. രാത്രിയുടെ മൂന്നാംയാമത്തിൽ, ഉറക്കത്തിന്റെ കാഠിന്യത്തിൽ നാടു മുഴുവൻ അമർന്നിരിക്കെ വലിയൊരലർച്ചയോടു കൂടി വെള്ളവും മണ്ണും വലിയ പാറകളും കുത്തിയൊലിച്ചു വന്നു. ഉണർന്നവർ ചുരുക്കമായിരുന്നു. പ്രകൃതിയുടെ വലിയ വികൃതിപോലെ ശക്തമായ ഉരുൾപൊട്ടൽ. ഉറങ്ങിക്കിടന്നവരെയാകെ വിഴുങ്ങിക്കളഞ്ഞു. വലിയ ബഹളവും അലർച്ചയും ഉയർന്നു കേൾക്കാം.

പ്രഭാതത്തിൽ ഒരു ഗ്രാമം മുഴുവൻ ഉഴുതു മറിച്ചിട്ടിരിക്കുന്ന ദാരുണമായ കാഴ്ച കണ്ട് നടുങ്ങി. വീടുകൾക്കു പകരം മൺകൂനകൾ മാത്രം! ഉണരാത്ത ഉറക്കത്തിലേക്ക് എത്തിപ്പെട്ട നാലഞ്ചു കുടുംബങ്ങൾ! അച്ഛനും അനിയനും നഷ്ടപ്പെട്ടെന്ന യാഥാർഥ്യത്തോട് മൃദുല പൊരുത്തപ്പെട്ടു. അമ്മ രക്ഷപ്പെട്ടിരിക്കുന്നു. ഇനി നടക്കാൻ കഴിയില്ലെന്ന യാഥാർഥ്യവുമായി. ത്രേസ്യേട്ടത്തിയും മകളും ഒരു പായിൽ ഒന്നിച്ച് കെട്ടിപ്പിടിച്ച് കിടക്കുന്നുണ്ടായിരുന്നു. തോമാച്ചനും മകനും രക്ഷപെട്ടിരിക്കാമെന്ന് കരുതിയെങ്കിലും രണ്ടു പേരും തിരിച്ചുവരാത്ത ലോകത്തിലേക്ക് എത്തപ്പെട്ടിരുന്നു. തോമാച്ചായന്റെ മകൻ ജയിംസ് മൃദുലയുടെ ഭാവി വരൻ ആയിരുന്നു. കേട്ട വാർത്തകൾ സത്യമാവരുതേ എന്ന് പ്രാർഥിച്ച് ഹോസ്റ്റലിൽ നിന്നും വീട്ടിലേയ്ക്കെത്തുമ്പോൾ അവളുടെ കണ്ണുകളെ വിശ്വസിക്കാതിരിക്കാൻ കഴിഞ്ഞില്ല!

വർഷം ഒന്നു കഴിഞ്ഞിരിക്കുന്നു. ശിശിരവും ഹേമന്തവും ശരത്കാലവുമൊക്കെ ഒന്നുപോലെ മൃദുലയ്ക്കു തോന്നി. പഠനം പാതിവഴി ഉപേക്ഷിച്ച് പ്രകൃതിയുടെ താണ്ഡവം അവൾക്ക് അന്ത്യവിധി സമ്മാനിച്ചു. ആരോടും ഉരിയാടാതെ വിചാര വികാരങ്ങളുടെ തള്ളിച്ചയില്ലാതെ വാടക വീടിന്റെ നാലു ചുമരകൾക്കുള്ളിൽ ശയ്യാവലംബിയായ അമ്മയോടൊത്ത് അവൾ കഴിഞ്ഞു. ഒരേയൊരമ്മാവൻ വഴി കൊണ്ടുവന്ന വിവാഹ ബന്ധം അവളിൽ കുറ്റബോധത്തിന്റേയും നഷ്ടപ്പെടുത്തലിന്റേയും തിരയിളക്കമുണ്ടാക്കി. ജീവിതത്തിന്റെ കയറ്റിറക്കങ്ങൾ ഇനി താങ്ങാൻ മൃദുലയ്ക്ക് ആവുമായിരുന്നില്ല. തന്റെ കണ്ണുകൾക്ക് തിളക്കമേറ്റിയത് അവൾ അറിഞ്ഞില്ല. അടുക്കളയിലെ മൂലപ്പലകയിലിരുന്ന വിഷകുപ്പിയുമായി അമ്മയുടെ അടുക്കലേയ്ക്ക് ഉറച്ച ചുവടുകളുമായി നടന്നു. തന്റെ ഭാഗം മാറ്റിയിട്ട് അമ്മയെ നിറകണ്ണുകളോടെ കുലുക്കി വിളിച്ചു. തണുത്ത് മരവിച്ച കൈകൾ അവൾക്ക് മരണത്തിന്റെ തിരിച്ചറിവ് നൽകി.

ലേഖനം



# ഇന്ത്യൻ ജനാധിപത്യ പ്രക്രിയയിലെ സ്ത്രീ പങ്കാളിത്തം

2022ലെ ഭരണഭാഷാ വാരാഘോഷം
ഉപന്യാസം ഒന്നാം സ്ഥാനം

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ ഇന്ത്യൻ ജനാധിപത്യ പ്രക്രിയയിലെ സ്ത്രീ പങ്കാളിത്തത്തെക്കുറിച്ചുള്ള അന്വേഷണാത്മകമായ ഒരു ലേഖന മത്സരം ഏറ്റവും ഉചിതമായിരിക്കുകയാണ്. ചരിത്രം എപ്പോഴും പറയുന്നത് വിജയപരാജയങ്ങളുടെ കഥകളാണ്. എങ്കിലും വിജയത്തിനും പരാജയത്തിനും അപ്പുറത്തുള്ള ഇടപെടലുകളും സ്മരണീയം തന്നെയാണ്. വിജയകഥകളിൽ പലപ്പോഴും സ്ത്രീ നാമങ്ങൾ കുറവായിരിക്കാം എന്നതുകൊണ്ടാണ് അങ്ങനെ പറയാൻ തോന്നിയത്.

നൂറ്റാണ്ടുകളായുള്ള രാജഭരണവും അതിനുശേഷമുള്ള കൊളോണിയൻ ഭരണകാലവും കഴിഞ്ഞ് സ്വാതന്ത്ര്യത്തിന്റെ പുലരിയിലേയ്ക്ക് ഇന്ത്യ കൺതുറന്നപ്പോൾ, അത് പ്രദാനം ചെയ്യാൻ കാരണമായിത്തീർന്ന സമര പോരാട്ടങ്ങളിലും ജീവത്യാഗങ്ങളിലും പുരുഷനോടൊപ്പം തോളോടുതോൾ ചേർന്ന് കുറേയേറേ സ്ത്രീകളുമുണ്ടായിരുന്നു. എന്നാൽ സ്വന്തം ഭാഗധേയം സ്വയം തീരുമാനിക്കാനുള്ള അവകാശം കൈവന്നപ്പോൾ അതിൽ പങ്കാളികളാകാൻ എത്ര മാത്രം സ്ത്രീകൾക്ക് സാധിച്ചുവെന്നത് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പരമമായ നിയമങ്ങളുടെ സംഹിതയായ ഭരണഘടനയുടെ ഡ്രാഫ്റ്റിംഗ് കമ്മറ്റിയിൽ സ്ത്രീകൾക്ക് പ്രാതിനിധ്യമുണ്ടായിരുന്നെങ്കിലും അതനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തി അധികാരമേൽക്കുന്ന നിയമസഭകളിലോ മന്ത്രിസഭകളിലോ പേരിനുപോലും പ്രാതിനിധ്യമില്ലാത്തവ ഉണ്ടെന്നത് നമ്മെ ചിന്തിപ്പിക്കേണ്ടിയിരിക്കുന്നു. അതിനുള്ള ഒരു ഉദാഹരണമാണ് മിസോറാം അസംബ്ലി. എന്നിരുന്നാലും എടുത്തുപറയേണ്ടതും ചരിത്രത്തിൽ തങ്കലിപികളാൽ മുദ്രണം ചെയ്തതുമായ സ്ത്രീ നാമങ്ങളും ജനാധിപത്യ പ്രക്രിയ



**ശ്രീലത കെ.**
(സീനിയർ ഗ്രേഡ് റിപ്പോർട്ടർ)

     

യിൽ നമുക്കുണ്ട്. ഈ പ്രസ്താവ നയ്ക്ക് ഏറ്റവും ഉചിതമായി കാണിക്കാനുള്ളത് ഇന്ത്യയുടെ എക്കാലത്തേയും ശക്തയായ ഭര ണാധികാരിയായ ഇന്ദിരാഗാന്ധി യുടെ പേരുതന്നെയാണ്. അവ രുടെ ശക്തമായ തീരുമാനങ്ങളെ മറികടക്കാൻ മറ്റാർക്കും സാധിച്ചി രുന്നില്ല. ഏകാധിപത്യപരമായി രുന്നു എങ്കിൽപ്പോലും തീരുമാന ങ്ങളെടുക്കുന്നതിൽ സ്ത്രീയുടെ പങ്കിനെയും അതിലെ സ്ഥൈര്യ ത്തേയും അരക്കിട്ട് ഉറപ്പിക്കുന്ന താണ് ഇന്ദിരാഗാന്ധിയുടെ നാമം. പ്രതിഭ തെളിയിച്ച കേന്ദ്രമന്ത്രിമാ രിൽ വനിതകളുടെ പേര് എളുപ്പം ഓർക്കാൻ കഴിയുന്നതായി ഏറെയൊന്നും കാണുന്നില്ല.

സംസ്ഥാന മുഖ്യമന്ത്രിമാരുടെ പേരുവിവരങ്ങൾ ഓർത്തെടുക്കു മ്പോൾ എണ്ണം പറഞ്ഞ വനിതാ മുഖ്യമന്ത്രിമാർ മറ്റ് സംസ്ഥാനങ്ങ ളിൽ ഉണ്ടായിട്ടുണ്ട്. അതിന് അപ വാദമായി നിൽക്കുന്നത് നമ്മുടെ പ്രബുദ്ധ കേരളമാണെന്നത് വേദന യോടെയേ ഓർക്കാൻ കഴിയൂ. കെ. ആർ. ഗൗരിയമ്മയുടെ പേര് അലയടിച്ച തെരഞ്ഞെടുപ്പ് കാലവും 'കേരം തിങ്ങും കേരള നാട് കെ. ആർ. ഗൗരി ഭരിക്കട്ടേ' എന്ന മുദ്രാവാക്യവും കേരള ചരിത്രം നിലനിൽക്കുന്ന കാല ത്തോളം ഉണ്ടാകുമല്ലോ.

നേരത്തേ സൂചിപ്പിച്ചപോലെ ജനാ ധിപത്യ പ്രക്രിയയിൽ തന്റേതായ ഇടം കണ്ടെത്തിയ വനിതകളാണ് തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന ജയലളിത, ഉത്തർപ്രദേശിലെ മായാവതി, പശ്ചിമബംഗാൾ മുഖ്യ മന്ത്രി മമതാ ബാനർജി എന്നിവർ. അതേപോലെ ഓർക്കേണ്ട ഒന്നാണ് രാജസ്ഥാൻ ഭരണം കൈ യ്യാളിയ വസുന്ധരാരാജ സിന്ധ്യ യും, ബിഹാർ മുഖ്യമന്ത്രിയായി രുന്ന റാബ്രിദേവിയുടെ പേര് എടുത്തുപറയാൻ കഴിയാത്തത് ലാലുപ്രസാദ് യാദവിന്റെ നിഴൽ മാത്രമായി അവർ മാറിയതുകൊ ണ്ടാണ്. ഒട്ടേറെ കേന്ദ്ര-സംസ്ഥാന മന്ത്രിസഭകളിൽ വനിതകളുണ്ടെ ങ്കിലും എടുത്തുപറയത്തക്ക നിയമ നിർമ്മാണങ്ങളിൽ കേരളം ഒഴിച്ചു ള്ളവയിലെ സ്ത്രീപങ്കാളിത്തം പെട്ടെന്ന് ഓർത്തെടുക്കാൻ കഴിയു ന്നതല്ല.

കേരളീയർക്കടക്കം ജനാധിപത്യ ഭരണപ്രക്രിയയിൽ സ്ത്രീ പങ്കാ ളിത്തം കുറവായിരുന്നുവെന്ന് മന സ്സിലാക്കിത്തന്നത് 73, 74 ഭരണ ഘടനാ ഭേദഗതിയിലൂടെ പഞ്ചായ ത്തീരാജ് നിയമം നിലവിൽ വന്ന തോടെയാണ്. ഈ അവസരത്തിൽ യശ:ശരീരനായ രാജീവ്ഗാന്ധി യുടെ പേര് ഓർക്കേണ്ടതു തന്നെ യാണ്. പ്രസ്തുത ഭരണഘടനാ ഭേദഗതിയോടെ തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങളിൽ 33% സ്ത്രീ സംവരണം നിലവിൽ വരികയും ഇന്നലെവരെ പുരുഷാധിപത്യത്തി ലായിരുന്ന ഭരണ നിർവ്വഹണം വള യിട്ട കൈകളിലും സുരക്ഷിതമാ ണെന്ന് ലോകം അറിയികയും ചെയ്തു. ഇന്ന് തീരുമാനങ്ങളെടു ക്കുന്ന ഏത് സ്ഥാപനങ്ങളിലും സ്തീപ്രാതിനിധ്യവും അതിന്റെ ശതമാനവും ഉറപ്പാക്കപ്പെട്ടിട്ടുണ്ട്; എന്നാൽ ഏറെ ചർച്ചകൾ നടന്നി ട്ടുള്ള വനിതാ പ്രാതിനിധ്യം ഉറപ്പാ ക്കുന്ന ബില്ലുകൾ കീറിയെറിയുന്ന നാടകീയരംഗങ്ങൾ അരങ്ങേറി യിട്ടും ലോക്സഭയിൽ ആ നിയമം പാസാക്കിയെടുക്കാൻ സാധിച്ചി ല്ലെന്നത് സ്ത്രീ സമത്വവും സ്വാത ന്ത്ര്യവും വാചകകസർത്തുകൾ മാത്രമല്ലേയെന്ന് നമ്മളെ തോന്നി പ്പിക്കുന്നു.

   

അവസാനമായി കേരളത്തിന്റെ ജനാധിപത്യ പ്രക്രിയയിലെ സ്ത്രീ പങ്കാളിത്തം പരിശോധിച്ചാൽ അത് 33%ൽ കൂടുതൽ ചില അവസര ത്തിൽ എത്തുന്നുണ്ടെങ്കിലും ക്രിയാത്മകമായ ഇടപെടലുകളും തീരുമാനങ്ങളിലെ പങ്കാളിത്തവും നാം വിഭാവനം ചെയ്തപോലെ തന്നെയാണോയെന്ന് 'ഇസങ്ങ ൾക്ക്' അപ്പുറത്തേയ്ക്ക് ആലോചി ക്കേണ്ടിയിരിക്കുന്നു. കുടുംബശ്രീ പ്രസ്ഥാനത്തിന്റെ വരവാണ് ഒരു സ്ത്രീകളുടെ പൊതു-രാഷ്ട്രീയ- ഭരണ രംഗത്തേയ്ക്കുള്ള വരവിന് ഒരു പരിധിവരെയെങ്കിലും കാരണ മായത്.

ഇന്ത്യ എന്ന മഹാരാജ്യത്തെ ജനാ ധിപത്യ പ്രക്രിയയിലേയ്ക്ക് എത്തി ക്കാൻ സഹായിച്ച്, വരിയിൽ ഇടം പിടിച്ച ആദ്യമലയാളികളായ (സ്വാതന്ത്ര്യസമരം മുതൽ) അമ്മു സ്വാമിനാഥനും അക്കാമ്മ ചെറിയാ നും ആനി മസ്ക്രീനും തുടങ്ങി ഇന്നത്തെ നമ്മുടെ സംസ്ഥാന മന്ത്രിമാരായ വനിതകൾ വരെയു ള്ള നീണ്ട പട്ടിക നോക്കുമ്പോൾ പേരിന് സ്ത്രീയെന്ന നിലയിൽ അഭിമാനിക്കാമെങ്കിലും, തീരുമാന ങ്ങളിലെ പങ്കാളിത്തമെന്ന വിഷയം വരുമ്പോൾ അതൊരു മിഥ്യയാകു ന്നുവോയെന്ന തോന്നലുണ്ട്. അതിന് ഏറ്റവുമാവശ്യം രാഷ്ട്രീയ മായ തെരഞ്ഞെടുപ്പ് നടക്കുന്ന നമ്മുടെ രാജ്യത്ത് രാഷ്ട്രീയ പാർട്ടി കളുടെ തീരുമാനങ്ങളെടുക്കുന്ന സ്ഥാനങ്ങളിൽ സ്ത്രീകളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നതാണ്, ദ്രൗപതി മുർമുവിൽ എത്തി നിൽ ക്കുന്ന സ്ത്രീ പ്രാതിനിധ്യം തെര ഞ്ഞെടുക്കപ്പെടുന്ന മറ്റ് ജനാധി പത്യ വേദികളിലും പ്രകാശം പര ത്തട്ടെ, തീരുമാനങ്ങിലെ ഉറച്ച സാന്നിധ്യങ്ങളാകട്ടെ.

ലേഖനം

# ഇന്ത്യൻ ജനാധിപത്യ പ്രക്രിയയിലെ
# സ്ത്രീ പങ്കാളിത്തം

2022ലെ ഭരണഭാഷാ വാരാഘോഷം
ഉപന്യാസം രണ്ടാം സ്ഥാനം









**രാജീവ് വി.**
(അസിസ്റ്റന്റ്)

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിലെ ജനാധിപത്യപ്രക്രിയയിലെ സ്ത്രീപങ്കാളിത്തം എന്ന വിഷയം കാലികവും അതേസമയം തന്നെ ചിന്തോദ്ദീപകവുമാണ്. സ്ത്രീ പുരുഷ സമത്വം എന്ന പരികല്പനയ്ക്ക് ലോകമെമ്പാടും പ്രാധാന്യം ഏറിവരുന്ന ഈ കാലഘട്ടത്തിൽ ഇന്ത്യൻ ജനാധിപത്യ പ്രക്രിയയിലെ സ്ത്രീ സാന്നിധ്യം പരിശോധിക്കപ്പെടേണ്ടതാണ്.

അധിനിവേശകരുടെ അടിമത്തത്തിലായിരുന്ന ഭാരതത്തിൽ സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് തന്നെ സ്ത്രീകൾ സജീവമായി രാഷ്ട്രീയത്തിലും ജനാധിപത്യ പ്രക്രിയയിലും ഇടപെട്ടിരുന്നു. മഹാത്മജിയുടെ സഹധർമ്മിണിയായിരുന്ന കസ്തൂർബാ ഗാന്ധി എന്ന മഹതി ഗാന്ധിജിയോടൊപ്പം തന്നെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ഒരു തിളങ്ങുന്ന വ്യക്തിത്വമാണ്. ഗാന്ധിജി കല്ലൻബാക്കിന് 1920-ൽ എഴുതിയ കത്തിൽ പ്രതിപാദിക്കുന്ന സരളാദേവിയാണ് മറ്റൊരു ഉജ്ജ്വലവ്യക്തിത്വം. സരളാദേവിയെ ഗാന്ധിജി തന്റെ 'spiritual wife' എന്നാണ് വിശേഷിപ്പിച്ചിരുന്നത്.

അതിനുശേഷം ആനിബസന്റ്, സരോജിനി നായിഡു തുടങ്ങിയ വനിതകൾ ജനാധിപത്യപ്രക്രിയയുടെ പൂർവ്വരൂപങ്ങളിൽ ശക്തമായി ഇടപെട്ടവരാണ്.

1946-ൽ ഭരണഘടനാ നിർമ്മാണ സമിതിയിലും പതിനൊന്ന് വനിതകൾ ഉണ്ടായിരുന്നു. ഇതിൽ കേരളത്തിൽ നിന്നുമുള്ള ദാക്ഷായണി വേലായുധനും ഉൾപ്പെട്ടിരുന്നു. മദ്രാസിൽ നിന്നാണ് ഇവർ തിരഞ്ഞെടുക്കപ്പെട്ടത്. ഇന്ത്യയിലെ തന്നെ ബിരുദം നേടിയ ആദ്യ ദളിത് വനിതയായിരുന്നു ഇവർ. എന്നാൽ പിന്നീട് 1970-ൽ അടൂർ നിയോജക മണ്ഡലത്തിൽ നിന്നും സംഘടനാ കോൺഗ്രസ് പാർട്ടി ടിക്കറ്റിൽ നിയമസഭയിലേയ്ക്ക് മത്സരിച്ചെങ്കിലും പരാജയമായിരുന്നു ഫലം. ഇതു സൂചിപ്പിക്കുന്നത് സങ്കുചിതമായ കക്ഷിരാഷ്ട്രീയത്തിന്റെ വിപത്തിനെക്കുറിച്ചാണ്.

തിരുവാതാംകൂർ നിയമസഭയിൽ ആദ്യമായി ഡോ. മേരി പുന്നൻ ലൂക്കോസും കൊച്ചി നിയമസഭയിൽ തോട്ടയാക്കാട്ട് മാധവി അമ്മയും അംഗങ്ങളായിരുന്നു. ഇവർ രണ്ടുപേരും സാമ്പത്തികമായി ഉയർന്ന വിദ്യാഭ്യാസമുള്ള വനിതകളായിരുന്നു. തീരെ പിന്നോക്കം നിൽക്കുന്ന (സാമ്പത്തികവും സാമൂഹ്യവുമായ) കുടുംബങ്ങളിൽ നിന്നുള്ള വനിതകളുടെ നിയമസഭാ പ്രവേശം അന്ന് ബുദ്ധിമുട്ടുള്ളതായിരുന്നു.

ഇനി തിരുകൊച്ചി, തിരുവിതാംകൂർ, കൊച്ചി എന്നിവയിലെ മുഖ്യമന്ത്രിമാരെയും പ്രധാനമന്ത്രിമാരെയും എടുത്ത് പരിശോധിച്ചാലും അതിലൊരു വനിതയെ കാണാൻ സാധിക്കില്ല.

ഇനി സ്വാതന്ത്ര്യത്തിന് ശേഷം നമ്മുടെ പാർലമെന്റിലും നിയമസഭകളിലും സ്ത്രീകളുടെ പ്രാതിനിധ്യം ആശാവഹമായി ഉയർന്നതായിരുന്നു. നമ്മുടെ അയൽ രാജ്യമായ ബംഗ്ലാദേശിൽപ്പോലും പാർലമെന്റിൽ ഗണ്യമായ സ്ത്രീ പ്രാതിനിധ്യമുണ്ട്.

ചില സംസ്ഥാനങ്ങളുടെ മുഖ്യമന്ത്രിമാരായി വനിതകൾ തന്നെ സാരഥ്യം ഏറ്റെടുത്തിട്ടുണ്ട്. ജയലളിത, മായാവതി തുടങ്ങിയ നേതാക്കൻമാരുടെ പേരുകൾ ഇന്ത്യയുടെ സ്ത്രീ ജനാധിപത്യ പ്രക്രിയയിൽ സുപരിചിതമാണ്.

ഇന്ത്യയുടെ പ്രധാനമന്ത്രിയായി ദീർഘകാലം ഭരിച്ച ഇന്ദിരാഗാന്ധി ഇതിന്റെ ഏറ്റവും മികച്ച അടയാളപ്പെടുത്തലായി നിലകൊള്ളുന്നു. പുരുഷൻമാരുടെ നിഴലാകാതെ ജനാധിപത്യപ്രക്രിയയിൽ തന്റേതായ ഒരിടം കണ്ടെത്താൻ ഇന്ത്യയിലെ വനിതകൾക്ക് കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ പ്രദേശിക ഗവൺമെന്റുകളിലും ഗണ്യമായ ഒരളവിൽ സ്ത്രീ പ്രാതിനിധ്യമുണ്ട്. 50% സ്ത്രീ സംവരണം എന്ന ആവശ്യം തികച്ചും യാഥാർത്ഥ്യബോധത്തോടു കൂടിയുള്ളതാണ്.

രാജവാഴ്ചയും ഫ്യൂഡലിസവും ജന്മിത്വവും കടന്ന് ജനാധിപത്യത്തിലെത്തുമ്പോൾ സമൂഹത്തിന്റെ പകുതി ഭാഗമായ സ്ത്രീകൾ ജനാധിപത്യപ്രക്രിയയിൽ ഭാഗഭാക്കാകേണ്ടതാണ് രാഷ്ട്രത്തിന്റെ അഖണ്ഡതയ്ക്കും ഒത്തൊരുമയ്ക്കും അനിവാര്യമാണ്.

കവിത



# പൈൻമരച്ചില്ലകൾ

പാതിമുറിച്ചൊരാ പൈൻമരച്ചില്ലതൻ
താഴെതകർന്നുവീണാ കിളിക്കൂട്ടിന്റെ,
യുള്ളിൽ ചിതറിയ ജീവന്റെ മുട്ടകൾ
കണ്ടു വിറച്ചുപോയമ്മച്ചിറകുകൾ!

അചലമായ് താഴെതുളുമ്പും ജലാശയം
കണ്ണീർപൊഴിച്ചൂ വിതുമ്പിയെന്തേ!
ശപിച്ചില്ലയെന്നിട്ടും നിന്നെ, നിൻ
കയ്യിലാ വാളേറ്റു മഹിത മങ്ങേങ്ങോ
വിശക്കുന്ന കുഞ്ഞിൻ കരച്ചിലെന്നോർത്തതാവാം

നോക്കൂ മനുഷ്യാ, തിടമ്പേറ്റും മന്നവാ
ആ മരംകൊത്തി മാടപ്പിറാപ്പൊൻമാൻ
പൂമ്പുഴുത്തുമ്പിയും ചെറുമീനുമാമയും
ചേർന്നിടും ആവാസവ്യൂഹത്തെ
കാൺകെ നീ വീഴ്ത്തിയ ചില്ലകൾ
മൊട്ടിടാനേറ്റിയ സംവൽസരങ്ങൾ നീ
ഭൂവിലും നാഡീഞരമ്പിലും ഉദരത്തിലല്ല
പേറ്ററയിലും പോലും മുളച്ചില്ല
മണ്ണിന്റെയവകാശമേന്തുവാൻ

കൂർത്തതേർവാൾമുനച്ചില്ലയിൽ
ചോരയൊലിപ്പിച്ചു നിൽക്കവേ!
മണ്ണിനെ, വിണ്ണിനെ മാമരപ്പച്ചയെ
രക്ഷിച്ചിടാമെന്നും സൃഷ്ടിച്ചിടാമെന്നും
നീയെന്നുമീയുച്ച ഭാഷിണിക്കൊപ്പമേ
തുപ്പുന്നപൊള്ളയാം വാക്കുകൾ!

കാലം നിനക്കേകുമാറടിപ്പെട്ടിയിൽ
പോലും കുറിച്ചിടാൻ തെല്ലും
കഴമ്പേറ്റുമില്ലയെന്നോർത്തിടൂ
ധ്വംസകാ മാനവാ ധാത്രിതൻ ഹിംസകാ...



**വിഷ്ണു എസ്. എസ്.**
(അസിസ്റ്റന്റ്)



വര : ശ്രീജിത്ത് എസ്.

# ഒരു ആറാം ക്ലാസു കാരിയുടെ അതിബുദ്ധി



**ഡോ. വിഷ്ണുമായ ആർ. എസ്.**
(കാറ്റലോഗ് അസിസ്റ്റന്റ്,
നിയമസഭാ ലൈബ്രറി)

അന്ന് ഞാൻ ആറാം ക്ലാസ്സിൽ പഠിക്കുന്ന കാലം. പാടത്തും പറമ്പിലും ഓടിച്ചാടി നടന്നിരുന്ന ആ സുന്ദരമായ കാലം! പാട്ടും പാടി ഡാൻസും കളിച്ചു ചെടികളോടും പൂക്കളോടും കുശലം പറഞ്ഞുമാണ് എന്റെ പോക്ക്. ഒരിക്കൽ അക്കരെയുള്ള എന്റെ ഒരു വല്യമ്മേടെ വീട്ടിൽ പോകാൻ അമ്മ എന്നോട് പറഞ്ഞു. മുറിച്ചു വെച്ച ചക്ക ഒരു സഞ്ചിയിലിട്ട് എന്റെ കയ്യിൽ തന്നിട്ട് അമ്മ പറഞ്ഞു 'വഴിയിൽ കൊണ്ട് ഇടാതെ അവിടെ തന്നെ എത്തിക്കണം കേട്ടോ!' അങ്ങനെ പറയാൻ കാരണമുണ്ടേ! പാല് വാങ്ങാൻ പറഞ്ഞു വിടുമ്പോൾ ഞാൻ തിരികെ കൊണ്ട് വരുന്നത് പാൽപാത്രം മാത്രം! ആടിപ്പാടി വഴിയിലൂടെ വരുമ്പോൾ കൈയ്യിലുള്ള പാത്രത്തിലെ പാൽ വഴിയോരത്തെ ചെടികൾക്ക് അഭിഷേകം നടത്താറാണ് പതിവ്!

അങ്ങനെ വല്യമ്മേടെ വീട്ടിൽ എത്തിയപ്പോഴാണ് കരുമൻ പടിയിൽ കിടക്കുന്നത് കണ്ടത്. അയൽ പക്കത്തെ വളർത്തു നായ! അവനെ കാണുമ്പോൾ തന്നെ പേടിച്ചു വിറയ്ക്കും, ആൾക്കാരെ കണ്ടാൽ കുരച്ചുകൊണ്ട് അവരെ ഓടിക്കും. ചിലപ്പോൾ കടിക്കും,

അത് അവന്റെ മൂഡ് പോലെയിരിക്കും! പാട്ടും പാടി ഡാൻസും കളിച്ച് വയൽ വരമ്പിലൂടെ വന്ന ഞാൻ പടിയിൽ കിടന്ന അവനെ കണ്ടതും മെല്ലെ ഒന്നു പകച്ചു നിന്നു. അയ്യോ പട്ടി! വല്യമ്മാ... വല്യമ്മാ... ഇടറിയ സ്വരത്തിൽ ഞാൻ വിളിച്ചു. പുറത്തു ആരെയും കാണാനില്ലായിരുന്നു... വാതിൽ അടച്ചിട്ടുണ്ടായിരുന്നു. എന്റെ ഇടറിയ വല്യമ്മാ എന്നുള്ള വിളി കേട്ടു ഉറക്കത്തിലായിരുന്ന കരുമൻ ഉണർന്നു... എന്നെ കണ്ടതും അവൻ കുരയ്ക്കാൻ തുടങ്ങി!

ഞാൻ നിലവിളിക്കുകയാണെന്നു സ്വയം തോന്നിയെങ്കിലും പേടിച്ച് എന്റെ ശബ്ദം പുറത്തോട്ടു വരുന്നില്ലായിരുന്നു! ആരെയും പുറത്തു കാണാത്തതു കൊണ്ട് സ്വയം രക്ഷപ്പെട്ടേ പറ്റൂ എന്ന് തോന്നി! സകല ദൈവങ്ങളെയും ഒറ്റ ശ്വാസത്തിൽ വിളിച്ചു പോയി! അവൻ കുരച്ചുകൊണ്ട് എന്നെ ലക്ഷ്യം വച്ച് ചാടി വരുന്നത് ഒരു മിന്നായം പോലെ കണ്ടു! ആ ഒരു നിമിഷം എന്റെ അമ്മ പണ്ട് പറഞ്ഞു തരാറുള്ള കഥ ഓർമ്മ വന്നു. 'മല്ലനും മാതേവനും.'

'മല്ലനും മാതേവനും ഉറ്റ ചങ്ങാതിമാരായിരുന്നു. ഒരിക്കൽ കാട്ടിലൂടെ ഇരുവരും നടന്നു പോയപ്പോൾ പെട്ടെന്ന് ഒരു കരടിയെ കണ്ടു. കരടിയെ കണ്ട മല്ലൻ മാതേവനെ ഉപേക്ഷിച്ച് ഓടി മരത്തിന് മുകളിൽ കയറി ഒളിച്ചിരുന്നു. ജീവിക്കാനെങ്കിലും മരിക്കാനാണെങ്കിലും ഒരുമിച്ചു എന്ന മട്ടിൽ മാതേവൻ മല്ലനെ ചേർത്ത് പിടിക്കാൻ നോക്കിയപ്പോൾ ചങ്ങാതിയെ കാണാനില്ല! തന്റെ പ്രിയപ്പെട്ട ചങ്ങാതി തന്നെ ഉപേക്ഷിച്ചു സ്വന്തം കാര്യം മാത്രം നോക്കി പോയെന്നു മനസ്സിലാക്കിയ മാതേവന് പെട്ടെന്ന് ഒരു ബുദ്ധി തോന്നി. മാതേവൻ ശ്വാസം പിടിച്ചു മരിച്ചത് പോലെ നിലത്തു കിടന്നു. കരടി നിലത്തു കിടന്ന മാതേവൻ അടുത്തേക്കു വന്നു മണത്തു നോക്കി. ശ്വാസമില്ലാത്തതു കൊണ്ട് മരിച്ചു കിടക്കുന്ന ആളെന്ന് കരുതി കരടി മാതേവനെ ഉപദ്രവിക്കാതെ തിരിച്ചു പോയി!'

പെട്ടെന്ന് ഞാൻ കഥയിലെ മാതേവനായി മാറി! നിലത്തു കിടക്കാനുള്ള സമയം കിട്ടാത്തതു കൊണ്ട് ശ്വാസം പിടിച്ചു ഒറ്റ നിൽപ്പായിരുന്നു... ശ്വാസം പിടിച്ചത് മാത്രമേ ഓർമ്മയുള്ളൂ, ബാക്കി ചുറ്റുമുള്ളതൊന്നും കാണാൻ കഴിഞ്ഞില്ല! അയ്യോ... അമ്മാ... ഓടി വരണേ എന്ന് നിലവിളി മാത്രം കേൾക്കാമായിരുന്നു മരിച്ച മനുഷ്യനാണ് നിന്നതെന്നു ഈ പട്ടിക്കെന്താ ചിന്തിച്ചാല്? എന്റെ ഒരു കാലു കടിച്ചു കീറി.... അപ്പോഴും കൈയ്യിൽ ഉണ്ടായിരുന്ന ചക്ക തറയിൽ വീഴാതെ സഞ്ചി മുറുക്കെ പിടിച്ചിട്ടുണ്ടായിരുന്നു! എന്റെ നിലവിളി കേട്ട് വീട്ടിൽ ഉണ്ടായിരുന്ന വല്യമ്മ വന്നു. ആ ബുദ്ധിയില്ലാത്ത പട്ടിയെ ഓടിച്ചു. എന്റെ നിലവിളി അക്കരെയുള്ള എന്റെ വീട്ടിലും കേട്ടിരുന്നു. അമ്മയും ചേച്ചിയും പറന്നെത്തി! അയ്യോ കാലു മുറിഞ്ഞു ചോര വരുന്നുണ്ടല്ലോയെന്ന് ആരൊക്കെയോ പറയുന്നുണ്ടായിരുന്നു. അപ്പോഴും എന്റെ മനസ്സിൽ മാതേവനെ മാത്രം എന്താ കരടി ഉപദ്രവിക്കാത്തത് എന്നായിരുന്നു സംശയം! ആ പട്ടിക്കു ചിന്തിക്കാൻ ബുദ്ധിയൊന്നും കാണില്ലായിരിക്കുമെന്നു സമാധാനിച്ചു. വേദനയുടെ ഇടയിലും ചക്കയുടെ കാര്യം മറന്നില്ല, ചക്കയ്ക്കു ഒരു പോറൽ പോലും പറ്റാതെ വല്യമ്മയെ ഏൽപ്പിച്ചു!

വീട്ടിൽ എത്തിയപ്പോൾ ഞാൻ അമ്മയെ കുറ്റപ്പെടുത്തി, അമ്മ കാരണമാണ് എന്നെ പട്ടി കടിച്ചതെന്ന്! 'മാതേവൻ ശ്വാസം പിടിച്ചു നിലത്തു കിടന്നതുപോലെ ഞാനും നിന്നല്ലോ. പിന്നെ എന്നെ മാത്രം പട്ടി കടിച്ചതെന്താ! ഈ കഥ ഓർക്കാതിരുന്നെങ്കിൽ ഞാൻ ഓടി രക്ഷപ്പെട്ടേനെ അമ്മയുടെ പൊട്ടക്കഥ കൊണ്ട്പോ...' പട്ടി കടിച്ചതിന്റെ വേദനയിൽ ഞാൻ എന്തൊക്കെയോ വിളിച്ചു പറഞ്ഞു.

മുറിവ് ആഴത്തിൽ ഉള്ളത് കൊണ്ട് നല്ല വേദന ഉണ്ടായിരുന്നു. ആശുപത്രി പണ്ടേ എനിക്ക് അലർജി ആയതിനാൽ അവിടെ പോകാൻ വിസമ്മതിച്ചു. സിറിഞ്ച് കണ്ടാലേ ഞാൻ ഓടി ഒളിക്കും, ആ കുത്തു കൊള്ളുന്നതിനേക്കാൾ പട്ടിയുടെ കടിയാണ് ഭേദം! അപ്പോഴാണ് അമ്മയുടെ വൈദ്യത്തിലെ ചില പൊടിക്കൈകൾ എന്നിൽ പരീക്ഷിക്കുന്നത്! ഏതോ അപ്പൂപ്പന്റെ അപ്പൂപ്പന്റെ കാലത്തു കാട്ടിൽ നിന്ന് കൊണ്ട് വന്ന പുലിയുടെ പല്ല് എന്ന് പറഞ്ഞു ഒരു ചെറിയ ഇരുമ്പു പെട്ടിയിൽ നിന്ന് ആ പല്ല് എടുക്കുന്നത് ഞാൻ കണ്ടു. ഒരു കല്ലിൽ ഉരച്ചു അതിന്റെ നീര് മുറിവിൽ പുരട്ടി. കരച്ചിലാണെങ്കിലും അതിനിടയിൽ ഞാൻ ചോദിക്കുന്നുണ്ടായിരുന്നു ഇത് പുലിയുടെ പല്ല് തന്നെയാണോ, അതോ അപ്പൂപ്പന്റെ അപ്പൂപ്പന്റെ പല്ല് കാണിച്ചു പറ്റിക്കുന്നതാണോന്ന്! ആ അപ്പൂപ്പൻ തള്ള് ആശാനായിരിക്കും, മിക്കവാറും പട്ടിയുടെ പല്ല് കൊണ്ട് വന്നിട്ട് പുലിയുടെ പല്ല് എന്ന് പറഞ്ഞു പറ്റിച്ചതാവും... അത് പരമ്പരാഗതമായി പെട്ടിയിൽ അടച്ചു സൂക്ഷിക്കുന്നു! എന്റെ വാചകമടി കേട്ട് അമ്മ വഴക്കു പറഞ്ഞു.

'മിണ്ടാതെ അടങ്ങിയിരിക്ക്, പട്ടി കടിച്ചില്ലെങ്കിലേ അതിശയമുള്ളൂ, അതിനെ അങ്ങോട്ട് ചെന്ന് ഉപദ്രവിച്ചു കാണും.' ഞാൻ വീണ്ടും നിലവിളിച്ചു കരഞ്ഞു..!

എന്തായാലും മുറിവ് രണ്ടു മൂന്നു ദിവസത്തിനുള്ളിൽ ഉണങ്ങി തുടങ്ങിയിരിക്കുന്നു. എന്റെ സ്വഭാവത്തിലും ആരോഗ്യത്തിലും പ്രത്യേകിച്ച് മാറ്റങ്ങൾ ഒന്നും ഉണ്ടാവാത്തതു കൊണ്ട് പൂർണമായും സുഖപ്പെട്ടു എന്ന് സമാധാനിച്ചു! എനിക്ക് വേറെ കുഴപ്പമില്ലാന്നു അറിഞ്ഞപ്പോൾ എന്റെ സഹോദരൻ ചോദിച്ചു, 'നിന്നെ കടിച്ച പട്ടിക്ക് വേറെ കുഴപ്പമൊന്നുമില്ലല്ലോ അല്ലേ?' അതിന്റെ മറുപടി കൈമുറുക്കിയുള്ള ഇടിയുടെ രൂപത്തിൽ കൊടുത്തു!

ആ പട്ടിയുടെ കടിക്കു ശേഷം ഇപ്പോഴും പട്ടികളെ കാണുമ്പോൾ ഞാൻ പേടിക്കാറുണ്ട്! അന്ന് അതിബുദ്ധി കാണിച്ചു മരിച്ചതു പോലെ നിന്നെങ്കിൽ ഇന്ന് കല്ലെടുത്തെറിഞ്ഞു അവയെ ഓടിച്ചു വിടും. ഒരിക്കൽ പറ്റിയ അബദ്ധം പിന്നീട് പറ്റരുതല്ലോ!

പുസ്തകാസ്വാദനം




ഒരുപിടി നല്ല ചിന്താഗതികൾ സമ്മാനിച്ച, ഒറ്റയിരിപ്പിന് വായിച്ചു തീർക്കുവാൻ കഴിയുന്ന കുഞ്ഞു പുസ്തകം.

'നീതിപീഠത്തിൽ ആണും പെണ്ണുമില്ല, ദേവത മാത്രമേ ഉള്ളൂ.'

കരുത്തുറ്റ സ്ത്രീകഥാപാത്രങ്ങളിലൂടെ സമൂഹത്തിലെ പുരുഷ ചിന്തകൾക്കുമേൽ ചോദ്യശരങ്ങൾ ഉയർത്തുന്ന ആവിഷ്കരണശൈലി തന്നെയാണ് കെ. ആർ. മീര ഖബറിലും പിൻതുടർന്നിരിക്കുന്നത്.

അഡീഷണൽ ജില്ലാജഡ്ജിയായ ഭാവന സച്ചിദാനന്ദന്റെ കോടതിയിൽ അതിപുരാതനമായ ഒരു ഖബർ സംരക്ഷിക്കുന്നതിനുവേണ്ടി കാക്കശ്ശേരി ഖയാലുദ്ദീൻ തങ്ങൾ ഒരു സ്യൂട്ട് ഫയൽ ചെയ്യുന്നതും തുടർന്ന് നടക്കുന്ന സംഭവവികാസങ്ങളുമാണ് കഥയുടെ ഇതിവൃത്തം. പ്രണയവും, കുടുംബജീവിതവും, ചരിത്രവും, ഐതിഹ്യവും, കൺകെട്ടും, മതവും രാഷ്ട്രീയവും ഇതിൽ പ്രതിപാദിക്കുന്നുണ്ട്.



**രാഹുൽ ആർ.**
(അസിസ്റ്റന്റ്)

മനുഷ്യമനസ്സ് വായിക്കുവാൻ കഴിവുള്ളവനും കൺകെട്ടും മായാജാലവും സ്വായത്തമാക്കിയിട്ടുള്ളവനുമായ കാക്കശ്ശേരി ഖയാലുദ്ദീൻ തങ്ങളുടെ കേസിന്റെ വിചാരണ വേളയിൽ ഭാവന സച്ചിദാനന്ദന് ശാരീരികവും മാനസികവുമായ അസ്വസ്ഥതകൾ ഉണ്ടാകുന്നു. ഇത് അവരുടെ വ്യക്തിജീവിതത്തെ ബാധിക്കുന്നു.

കേസിന്റെ വിചാരണയോടൊപ്പം തന്നെ ഭാവന സച്ചിദാനന്ദന്റെ പ്രണയത്തിന്റെയും കുടുംബ ജീവിതത്തിന്റെയും നേർക്കാഴ്ച അനുവാചകരിലേക്കെത്തിക്കാൻ എഴുത്തുകാരിക്ക് കഴിയുന്നുണ്ട്.

'ഒരാളുടെ സേവനങ്ങൾക്ക് മറ്റൊരാൾ നൽകുന്ന പ്രതിഫലമല്ല, സ്നേഹം. അത് ഒരാൾ മറ്റേയാളിൽ കണ്ടെത്തുന്ന പൂർണതയാണ്.' പ്രണയത്തിന് എത്ര സുന്ദരമായ വ്യാഖ്യാനമാണ് എഴുത്തുകാരി നൽകിയിട്ടുള്ളത്. വിവാഹമോചിതയായ ശേഷം മറ്റൊരാളുടെ സാമീപ്യത്തിൽ ആ പൂർണത തിരിച്ചറിയുന്ന ഭാവനയ്ക്ക് കരച്ചിലാണ് ഉണ്ടാകുന്നത്.

അയാൾക്ക് ഇഷ്ടമില്ലാത്ത സാരി അവൾ ഉടുത്തിരുന്നില്ല. അയാൾക്ക് ഇഷ്ടമില്ലാത്തവരോട് അവൾ സംസാരിച്ചിരുന്നില്ല. അയാൾ സന്തോഷിക്കാത്തതിൽ അവൾ സന്തോഷിച്ചിരുന്നില്ല. അയാളോട് ചോദിക്കാതെ ശ്വാസം പോലും വിടാൻ അവൾ തയ്യാറായിരുന്നില്ല. കുടുംബ ജീവിതത്തിനായി പലതും ത്യജിക്കുന്ന സ്ത്രീകളുടെ അവസ്ഥയിലേക്ക് വിരൽ ചൂണ്ടുവാനും അതിന് യാതൊരു വിലയും കല്പിക്കാത്ത പുരുഷാധിപത്യത്തിനെതിരെ ചോദ്യശരങ്ങൾ ഉന്നയിക്കുവാനും എഴുത്തുകാരിക്ക് ഇതിലൂടെ കഴിയുന്നുണ്ട്.

ബാബരി മസ്ജിദ് പൊളിച്ച സംഭവത്തിൽ വ്യക്തമായ തെളിവുകളുടെ അഭാവം കാരണം പ്രതികളെ കുറ്റവിമുക്തരാക്കിയ പശ്ചാത്തലത്തിൽ ഖബറിലെ ഈ കോടതി വ്യവഹാരം നീതിയുടെ പല ഖബറുകളും മണ്ണിട്ട് മൂടപ്പെടുന്നുണ്ടെന്നും വിധികൾ പലപ്പോഴും പ്രതിവിധികളാകുന്നില്ലെന്നുമുള്ള ഓർമപ്പെടുത്തൽ കൂടിയാണ്. ●●●

# പ്രണയത്തിനൊടുവിൽ

നിന്റെ പ്രണയം വിതച്ച പാടത്താണ്
ഞാനെന്റെയാദ്യ കവിതയുടെ വിത്തുപാകിയത്.
ചാറ്റൽമഴയിൽ കിളിർത്ത പുൽകൊടിപോലെ
നീയെന്നിൽ തളിർത്തു പൂവിട്ടുനിന്നു.

ഉരുകന്ന മൗനത്തിലും
നനവൂറുന്നോരോർമ്മകളിലും
നീയെന്നെയടയാളപ്പെടുത്തുമ്പോൾ നിന്റെ
വാക്കിന്റെയറ്റംമുറിഞ്ഞുപോയത്
ഞാനറിയാതെ പോയി.

ഇളുചൂടുള്ളൊരു ചുംബനത്തിനായി
നീയൊഴിച്ചിട്ട കൂട്ടിലൊരു മഴമേഘമായി
ഇന്നും കാത്തു നിൽക്കുന്നു ഞാൻ
ഇനിയീ ഹൃദയത്തിന്റെ ചുവരിലെഴുതാൻ
ഒരുവാക്കും ബാക്കിയില്ലന്നോതിയെന്റെ
തൂലികയും വിടപറയും മുമ്പേ സഖീ
പറയുമോ നിന്നിലൊരു തരി പ്രണയവും
ബാക്കിയില്ലെന്നു.

ഇനിയൊരുനാൾ കണ്ടു മുട്ടീടിൽ
വെറുതെയെങ്കിലും പറയുമോ നീ
പ്രണയത്തിനൊടുവിൽ മറന്നു
പോയൊരാ കവിതയുടെ ബാക്കിയായി.





**ഷൂജ കെ.**
(ഇൻഫർമേഷൻ അസിസ്റ്റന്റ്)

ലേഖനം

# ത്വരിതഗമന വാഹിനിയായ
# കേരളം



കേരം തിങ്ങും കേരള നാട്! പ്രകൃതിരമണീയമായ സുന്ദര ദേശം! സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഈറ്റില്ലം! കള്ളവും ചതിയും ഇല്ലാത്ത നാട്! സംസ്കാര സമ്പന്നമായ ഇടം! സഹ്യസാനുക്കളാൽ കവചമൊരുക്കുന്ന സുരക്ഷിതമായ ഭൂപ്രദേശം! അറിവിന്റെയും വിജ്ഞാനത്തിന്റെയും ഗോപുരം! അറബിക്കടലിന്റെ റാണിയും, കിഴക്കിന്റെ വെനീസും, ക്ഷേത്ര നഗരങ്ങളും ഉൾപ്പെടുന്ന ദൈവത്താൽ അനുഗ്രഹീതമായ ദൈവത്തിന്റെ സ്വന്തം നാട്! അഭിമാനിക്കുവാനും, അഹങ്കരിക്കുവാനും ഏറെ വിശേഷതകൾ നിറഞ്ഞ നമ്മുടെ അമ്മ മനസ്സായ കേരളം!



**വിക്രമൻ സി.**
(ബൈൻഡർ)

വർഷങ്ങൾക്ക് മുമ്പ് നമ്മുടെ അമ്മ മനസ്സിന് തിലകക്കുറിയായി സ്വർണ്ണലിപികളാൽ എഴുതപ്പെട്ട ചരിത്രസത്യങ്ങളായിരുന്നു മുകളിൽ ചേർക്കപ്പെട്ടിരിക്കുന്ന വാക്യങ്ങൾ. ഇന്ന് നമ്മുടെ കേരളത്തിന്റെ പ്രയാണം മിന്നൽ വേഗത്തിലാണ്. ദൈനംദിന കാര്യങ്ങൾ മുതൽ വൻകിട പദ്ധതികൾ വരെ ഞൊടിയിടയിൽ പൂർത്തീകരിക്കുവാൻ നാം വ്യഗ്രത കാണിക്കുമ്പോൾ നമ്മുടെ ജീവിതമാകുന്ന താളത്തിന് തെറ്റായ ഈണം നൽകുന്ന പ്രവണതയാണ് നമുക്ക് ദർശിക്കുവാൻ കഴിയുന്നത്. നമ്മുടെ സംസ്കാരം, ഭൂപ്രകൃതി, ജീവിത മൂല്യങ്ങൾ, സാമൂഹിക ജീവിത വ്യവസ്ഥിതി, വ്യക്തിത്വം, ജീവിത ശൈലി, ഭക്ഷണക്രമം, ആരോഗ്യം എന്നീ അടിസ്ഥാന ശിലകൾക്ക് ശിഥിലീകരണം സംഭവിച്ചുകൊണ്ടിരിക്കുന്ന കാഴ്ച ഭയാനകമാണ്. പ്രസ്തുത ഘടകങ്ങളിൽ കാലോചിതമായ മാറ്റങ്ങൾക്കുപരി കാതലായ മാറ്റങ്ങൾ പ്രത്യക്ഷമായിരിക്കുന്നു.

## സംസ്കാരം

1956 നവംബർ 1 കേരളത്തിന്റെ ജന്മദിനം. ഭാഷയുടെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനം രൂപീകരിക്കപ്പെടുമ്പോൾ ഭാഷയോടൊപ്പം നമ്മുടെ സംസ്കാരത്തിനും അംഗീകാരം ലഭിക്കുകയുണ്ടായി. നമ്മുടെ തനതായ സംസ്കാരം മറ്റനേകം ദേശങ്ങൾക്ക് പ്രചോദനമേകിയിട്ടുള്ളതായി ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു. വിലമതിക്കാനാവാത്ത നമ്മുടെ സംസ്കാരത്തിന്റെ അടിത്തറയ്ക്ക് ഭ്രംശം നേരിട്ടതായി ദർശിക്കുവാൻ കഴിയും.

ഭക്തി, വിനയം, എളിമ, പരസ്പരാശ്രയത്വം, നാനാത്വത്തിൽ ഏകത്വം എന്നീ താത്വികമായ ജീവിത സംസ്കാരം തൃണവൽഗണിക്കപ്പെടുകയും വ്യക്തികളുടെ ഇഷ്ടം സംസ്കാരമായി പരിണമിക്കുകയും ചെയ്യുന്നതാണ് ഇന്നത്തെ കാഴ്ചകൾ! സംസാരത്തിലും, പ്രവൃത്തിയിലും സംസ്കാരശൂന്യരായി മാറിക്കൊണ്ടിരിക്കുന്ന പ്രതിഭാസം അനസ്യൂതം തുടരുകയാണ്. വിവേകമതികളായ മനുഷ്യൻ വിവേകഹീനരായി ജീവിക്കുന്ന കാഴ്ച നമ്മുടെ സംസ്കാരത്തിന്റെ ശിഥിലതയെയാണ് സൂചിപ്പിക്കുന്നത്.

നമ്മുടെ സംസ്കാരം നിലനിർത്തുന്നതിലൂടെ, നമ്മുടെ ദേശത്തെ ആഴമായ് സ്നേഹിക്കുവാൻ നമുക്ക് കഴിയും എന്നത് നിസ്തർക്കമാണ്. നമ്മുടെ പൂർവ്വികർ നമുക്ക് വേണ്ടി രൂപപ്പെടുത്തിയ ജീവിത സംസ്കാരത്തിൽ കലോചിതമാറ്റങ്ങൾ വരുത്തുന്നതിൽ തെറ്റില്ല. എന്നാൽ നമ്മുടെ സംസ്കാരത്തിന്റെ അടിസ്ഥാന മൂല്യങ്ങളിൽ മാറ്റം സംഭവിച്ചാൽ നമ്മുടെ ജീവിത തകർച്ചയ്ക്കും അത് കാരണമായിത്തീരും എന്ന ബോധം നമ്മുടെ ഉള്ളിൽ ഉണ്ടാകണം. ആധുനിക കാലഘട്ടത്തിലെ ആഗോളവത്കരണവും, വ്യവസായവത്കരണവും നമ്മുടെ ജീവിത തലങ്ങളിൽ പലതരത്തിലുള്ള പരിവർത്തനത്തിന് ഊർജ്ജം പകർന്നിട്ടുണ്ട്. അത്തരത്തിലുള്ള ഊർജ്ജം നമ്മുടെ ഭൗതികമായ നേട്ടങ്ങളിൽ പ്രമുഖ സ്ഥാനം നേടിയാലും, നമ്മുടെ സംസ്കാരത്തിലധിഷ്ഠിതമായ ഊർജ്ജം വിലമതിക്കാനാവാത്തതാണ്. അമൂല്യമായ നമ്മുടെ സംസ്കാരത്തെ ജീവിതയാത്രയിൽ അനുധാവനം ചെയ്തുകൊണ്ട് സംസ്കാരസമ്പന്നമായ കേരളത്തിനായി പ്രവർത്തിക്കേണ്ടതാണ്.

## ഭൂപ്രകൃതി

ഇന്ത്യയെന്ന നമ്മുടെ മാതൃരാജ്യത്തിൽ മറ്റെങ്ങും ലഭിക്കാത്ത സുന്ദരമായ ഭൂപ്രകൃതിയാണ് നമ്മുടെ കേരളത്തിന് ഉള്ളത്. സഹ്യസാനുക്കളാൽ സംരക്ഷിക്കപ്പെടുന്നതും എല്ലാ ജീവജാലങ്ങൾക്കും ജീവിക്കുവാൻ കഴിയുന്ന കാലാവസ്ഥയും, ജലസമൃദ്ധിയും, ശുദ്ധവായുവും ലഭ്യമായിട്ടുള്ള മനോഹരമായ ദേശം. മലനാട്, ഇടനാട്, തീരപ്രദേശം എന്നീ മൂന്ന് തട്ടുകളാൽ വേർതിരിക്കപ്പെട്ട പ്രദേശം. പ്രകൃതി നമുക്ക് വേണ്ടി ഒരുക്കിയിരിക്കുന്ന കേരളമെന്ന പൂന്തോട്ടത്തെ സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്തം ഓരോ കേരളീയനിലും നിക്ഷിപ്തമാണ്. പ്രകൃതിയെ സ്നേഹിക്കുകയും പ്രകൃതിയോടൊപ്പം ജീവിക്കുകയും വേണം. നമ്മുടെ ഭൂപ്രകൃതിക്ക് അനുസൃതമായ കൃഷിരീതികളാണ് നാം കാലങ്ങളായി അവലംബിച്ച് പോന്നിട്ടുള്ളത്. കാർഷിക വിപ്ലവം പ്രഖ്യാപിച്ചതിലൂടെ നമ്മുടെ കൃഷിരീതികൾക്ക് അടിസ്ഥാനപരമായ മാറ്റം സംഭവിച്ചിട്ടുണ്ട്. എല്ലാതരം കൃഷികളിൽ നിന്നും ഗുണകരമായ ഉത്പന്നങ്ങളേക്കാളുപരി കൂടുതൽ ആദായകരമായ രീതികളിലേക്ക് നാം മാറ്റപ്പെട്ടു. നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമല്ലാത്ത പല തരം വിളകളും പരീക്ഷിക്കുന്ന ഒരു ഇടമായി നമ്മുടെ കേരളം മാറുകയുണ്ടായി. ആർത്തിയുള്ള മനുഷ്യൻ പലതരത്തിലുള്ള ദോഷങ്ങൾ പ്രകൃതിക്കെതിരെ പ്രവർത്തിച്ചുതുടങ്ങി, ഇതുനിമിത്തം കേരളത്തിലെ കൃഷിയിടങ്ങൾ അധികവും തരിശ് നിലങ്ങളായി രൂപാന്തരപ്പെട്ടു. പൊൻമുട്ടയിട്ടിരുന്ന സുന്ദരമായ ഭൂപ്രദേശത്തിന്റെ 'കടയ്ക്കൽ കത്തി' വച്ച മനുഷ്യൻ! ഇന്ന് ഭൂരിപക്ഷം ഭക്ഷ്യധാന്യങ്ങളും ഇറക്കുമതി ചെയ്ത് ഉപഭോക്തൃ സംസ്ഥാനമായി മാറേണ്ട അവസ്ഥയിലേക്ക് എത്തിക്കഴിഞ്ഞു. ത്വരിതഗമനത്തിലൂടെ കൂടുതൽ സമ്പാദിക്കുക എന്ന ദുഷ്പ്രവണതയാണ് ഇത്തരത്തിലുള്ള അവസ്ഥയ്ക്ക് പ്രധാന കാരണം. 'നിവാസികളുടെ ദുഷ്ടത നിമിത്തം മൃഗങ്ങളും, പക്ഷികളും, സസ്യങ്ങളും നശിച്ചുപോകുന്ന' കാലത്താണ് നാം ജീവിക്കുന്നത്. സർവ്വ ചരാചരങ്ങൾക്കും അർഹതപ്പെട്ടതാണ് നമ്മുടെ പ്രകൃതി. മനുഷ്യവർഗ്ഗത്തിന്റെ അത്യാർത്തിയും, ബലാത്കാരവും നിമിത്തം നമ്മുടെ പ്രകൃതി നാശത്തിന്റെ വക്കിലാണ്. 'വികസനം' എന്നതിന്റെ പേരിൽ എല്ലാം തച്ചുടച്ച് പ്രകൃതിയെ വികൃതമാക്കുന്ന കാഴ്ചയാണ് നാം ഓരോ ഇടങ്ങളിലും കാണുന്നത്. കുന്നുകളും, മലകളും ഇടിച്ച് വൻ മാളികകളും, ടൗൺഷിപ്പുകളും പണിത് കഴിഞ്ഞാൽ 'വികസനം' നേടി എന്ന തെറ്റായ സങ്കല്പം പലപ്പോഴും ഭീകരമായ പ്രകൃതി ക്ഷോഭങ്ങൾക്ക് വഴിതുറന്നിട്ടുണ്ട്. ഇക്കാലത്തും പല സ്ഥലങ്ങളിലും പാവപ്പെട്ട ജനങ്ങൾ ഇത്തരം ദുരിതങ്ങൾ (ഉദാ: ജോഷി മഠ്) അനുഭവിക്കുന്നു. ഭൂപ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്നതിലൂടെ നമ്മുടെ ജീവൻ നാം തന്നെ നശിപ്പിക്കുന്ന പ്രവണതയാണ് ഈ കാലം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായി നിലനിൽക്കുന്നത്.

## ജീവിതമൂല്യങ്ങൾ

ഭൗതികമായ ഉന്നതികൾ (ബാങ്ക് ബാലൻസ്, വൻമാളിക, പലതരം വാഹനങ്ങൾ) ജീവിത മൂല്യങ്ങൾക്കുള്ള അടിത്തറയല്ല. ശൈശവ കാലം മുതൽ നാം സ്വായത്തമാക്കുന്ന ചില ഗുണങ്ങൾ നമ്മുടെ വ്യക്തിജീവിതത്തെ മൂല്യമുള്ളതാക്കി തീർക്കുന്നു. സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, ഇന്ദ്രിയജയം, പരോപകാരം, വിശ്വസ്തത, സൗമ്യത എന്നീ ഗുണങ്ങൾ ഉൾക്കൊള്ളുന്ന വ്യക്തിത്വം, തന്റെ ജീവിതയാത്രയിൽ മൂല്യമുള്ള പ്രവൃത്തികളിലൂടെ സമൂഹത്തിന്റെ ഉന്നമനത്തിനായി യത്നിക്കുകയും സമൂഹം ഇത്തരക്കാരെ അംഗീകരിക്കുകയും ചെയ്യുന്നു. ഇന്നത്തെ കാലഘട്ടത്തിൽ ജീവിതമൂല്യങ്ങൾക്ക് നാം വില കല്പിക്കാറുണ്ടോ എന്നത് ആത്മപരിശോധനയ്ക്ക് വിധേയമാക്കേണ്ട കാര്യമാണ്. മൂല്യബോധമുള്ള വ്യക്തിത്വങ്ങളെയാണ് ഈ കാലഘട്ടത്തിന് ഏറെ ആവശ്യം. കാലചക്രത്തിന്റെ കുത്തൊഴുക്കിൽ നമ്മുടെ മൂല്യബോധം ഒഴുകിപ്പോകുന്ന അവസ്ഥയാണ് നാം ഓരോ ദിനവും കാണുന്നത്. മൂല്യത്തകർച്ചയുടെ ഒഴുക്കിൽ നിന്നും എതിർ ദിശയിൽ നീന്തിക്കയറുവാൻ നമ്മുടെ സമൂഹത്തിന് കഴിയണം. ജീവിതയാത്രയിൽ നാം കാണുന്ന എല്ലാ ദുഷ്ടപ്രവണതകളിൽ നിന്നും (ദുർനടപ്പ്, അശുദ്ധി, ദുർമോഹം, കോപം, ക്രോധം, ദുർഭാഷണം, ദൂഷണം) അകലം പാലിച്ചുകൊണ്ട് മൂല്യമുള്ള വ്യക്തിത്വത്തിന് ഉടമകളായി മൂല്യമുള്ള സമൂഹം സൃഷ്ടിക്കുന്നതിൽ നാം ഓരോരുത്തരും നല്ല മൂലക്കല്ലുകളായി തീരേണ്ടതും, പുതിയ തലമുറയ്ക്ക് നമ്മുടെ പ്രവർത്തനങ്ങൾ വെളിച്ചമായി മാറേണ്ടതും ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്.

## സാമൂഹിക ജീവിത വ്യവസ്ഥിതി

മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണെന്നത് ജന്തുശാസ്ത്രം. സാമൂഹിക ജീവിത യാത്രയിൽ എല്ലാറ്റിനേയും ഉൾക്കൊള്ളുവാൻ നമുക്ക് കഴിയണം. പരസ്പര ആശ്രയത്തിൽ അധിഷ്ഠിതമായ ജീവിത ക്രമമാണ് പ്രപഞ്ചശക്തി നമുക്ക് നൽകിയിരിക്കുന്നത്. ആ ഉത്തരവാദിത്തം നിറവേറ്റുവാനുള്ള ബാധ്യത നമുക്കുണ്ട്. സാമൂഹിക ജീവിത യാത്രയിൽ സഹജീവി സ്നേഹം വളരെ പ്രധാനപ്പെട്ടതാണ്. സഹജീവി എന്നത് മനുഷ്യർ തമ്മിലുള്ള ബന്ധം മാത്രമല്ല, ഈ ലോകത്തിലെ സർവ്വചരാചരങ്ങളേയും സഹജീവികളായി പരിഗണിക്കുവാനുള്ള ഹൃദയവിശാലത ഉണ്ടാകുമ്പോഴാണ് നാം ഒരു സാമൂഹ്യജീവിയായി മാറുന്നത്. പഴയ കാലഘട്ടത്തിലെ സാമൂഹിക വ്യവസ്ഥിതിയിൽ നിന്ന് വളരെ വ്യത്യസ്തമായ പാതയിലൂടെയാണ് നാം സഞ്ചരിക്കുന്നത്. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്ന് അണുകുടുംബ വ്യവസ്ഥിതിയിലേക്കുള്ള മാറ്റം സാമൂഹിക ജീവിത യാത്രയിൽ സമൂല മാറ്റത്തിന് കാരണമായിട്ടുണ്ട്. വിശാലമായ ഭൂമിയുടെ അതിരുകളിൽ നിന്ന് മതിൽക്കെട്ടുകൾക്കകത്തേക്ക് നാം ചുരുക്കപ്പെട്ടു.

സാമൂഹിക തിൻമകൾക്കെതിരെ ശബ്ദമുയർത്തുവാൻ നമുക്ക് കഴിയുന്നില്ല. സമൂഹത്തിലെ തിൻമകൾ 'നമ്മെ ബാധിക്കുന്നവയല്ല' എന്ന നിലയിൽ നാം മുന്നോട്ട് യാത്ര ചെയ്യുകയാണ്. പുതിയ തലമുറ തെറ്റായ മാർഗ്ഗത്തിൽ അകപ്പെട്ടുപോയതിന് ശേഷം നാം ഉണരും. അത്തരം ഉണർവുകാർക്ക് നമ്മുടെ പുതു തലമുറയെ രക്ഷിക്കുവാൻ കഴിയുകയില്ല. പഴയ കാലഘട്ടത്തിലെ പല ദുരാചാരങ്ങളും നമ്മുടെ സാമൂഹ്യ വ്യവസ്ഥിതിയെ താളം തെറ്റിക്കുകയാണ്. ജാതിവിവേചനം, മതവിവേചനം, വർണ്ണവിവേചനം, വർഗ്ഗവിവേചനം എന്നിവയെക്കുറിച്ച് നാം കവലകളിൽ പ്രസംഗിക്കുന്നവരാണ്. എന്നാൽ, സ്വപ്രവൃത്തികളിൽ പ്രാവർത്തികമാക്കുവാൻ പരിശ്രമിക്കുന്നില്ല. പ്രത്യക്ഷമായിട്ടല്ലാതെ പരോക്ഷമായി ഇത്തരം തിൻമകൾക്ക് നാം ഓരോരുത്തരും കുടപിടിക്കുകയാണ്. പല മനസ്സുകളിലും ഇത്തരം ചിന്തകൾ നീറിപ്പുകയുകയാണ്! ഒരു ദിനം അഗ്നിപർവ്വത സ്ഫോടനം പോലെ നമ്മുടെ സമൂഹം പൊട്ടിത്തെറിക്കുകയും നാമാവശേഷമാകുകയും ചെയ്യുമെന്നോർക്കുക. സൗഹാർദ്ദപരമായ സമൂഹത്തിന് മാത്രമേ ഉത്തമമായ രാഷ്ട്രം നിർമ്മിക്കുവാൻ സാധിക്കുകയുള്ളൂ. പല തരത്തിലുള്ള വിഘടന പ്രവർത്തനങ്ങളിലൂടെ നമ്മുടെ സമൂഹം ശിഥിലമാകാതെ ശാക്തീകരിക്കുവാനുള്ള ഉത്തരവാദിത്തം സാമൂഹ്യജീവി എന്ന നിലയിൽ നാം ഓരോരുത്തരും നിർവ്വഹിക്കേണ്ടതാണ്.

പ്രപഞ്ചത്തിൽ നാം കാണുന്ന എല്ലാ ജീവജാലങ്ങളും ജീവിത ചക്രത്തിൽ പരസ്പര പൂരകങ്ങളാണ്. സാമൂഹിക ജീവിത വ്യവസ്ഥയിൽ ഒരു വിഭാഗത്തെ ഉന്മൂലനം ചെയ്തുകൊണ്ട് ഉല്ലാസത്തോടെ ജീവിക്കാം എന്ന് കരുതുന്നവർ വിഡ്ഢികളുടെ സ്വർഗത്തിലാണ് ജീവിക്കുന്നത്. പ്രപഞ്ച സൃഷ്ടിയിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാറ്റിനേയും അതതിന്റെ പ്രാധാന്യം നൽകി സംരക്ഷിക്കപ്പെടുമ്പോൾ മാത്രമാണ് സാമൂഹിക ജീവിത വ്യവസ്ഥിതിയിൽ നമ്മുടെ ജീവിതവും അർത്ഥപൂർണ്ണമാകുന്നത്.

നമ്മുടെ ജീവിത പ്രയാണം ത്വരിത വേഗത്തിൽ കുത്തിയൊലിച്ച് നാശകരമായ രീതിയിൽ ഒഴുകുന്നതിനേക്കാൾ എല്ലാ വിഭാഗങ്ങൾക്കും പ്രയോജനമുണ്ടാക്കുവാൻ തക്കവണ്ണം ശാന്തമായി ഒഴുകുന്ന നദിയായി മഹാസമുദ്രമാകുന്ന നിദ്രയിലേക്ക് (മരണത്തിലേക്ക്) എത്തിച്ചേരുവാൻ കഴിഞ്ഞാൽ 'ജീവിതം' എന്ന മൂന്നക്ഷരത്തിന് പൂർണ്ണത വരുത്തുവാൻ നമുക്ക് സാധ്യമായി എന്ന് അനുമാനിക്കാം.

# സന്ധ്യാനേരം

സന്ധ്യാവന്ദനംകഴിഞ്ഞൂ...
ബ്രഹ്മ മുരാരികളുണർന്നൂ...
നീല മരാളങ്ങളിലലിയാൻ,
ധൂമപാതയും തെളിഞ്ഞൂ
പരന്നു പടർന്നു നിറയും
ആകാശവിസ്മയവും....!

പടിഞ്ഞാറുദിക്കിൽ ആഴക്കടലിൽ
മുങ്ങിനിവരാനായ്...
ഭാസ്കരബിംബവും യാത്രതുടങ്ങി...
ആടയാഭരണങ്ങളണിയിക്കാൻ
പ്രകൃതീശ്വരിയും മന്ദഗാമിനിയായ്

നിശയുടെ വരവറിയിച്ച്
നിശാചാരിയാം വവ്വാലുകൾ-
ചിറകിട്ടടിച്ചു വന്നൂ...
വാഴക്കയിലിരുന്നൂ...
തേൻ നുകരുന്നൂ...

വെളുത്തു വെണ്മയേറുന്ന
പൂവൂകളെല്ലാം വിടരാനായ്-
പുതുമണവും പേറിനിന്നു...
ചേക്കേറാനായ് നിശാശലഭങ്ങളും
നിരനിരയായ്...

ചാരുതയേകാൻ മേലെമാനത്ത്
പൊന്നമ്പിളിയും നറുനിലാ...
പുഞ്ചിരി പൊഴിച്ചുനിന്നൂ...
മന്ദമാരുതനും മന്ദമായ്
ചെറുകുളിർ കാറ്റായ്...
അലയടിച്ചു നിന്നൂ...



**പ്രമീളാത്തങ്കച്ചി വി. എസ്.**
(ഓഫീസ് സൂപ്രണ്ട്)

ചെറുകഥ

# എവിടെയോ ഒരാൾ

2022ലെ ഭരണഭാഷാ വാരാഘോഷം
കഥ രണ്ടാം സ്ഥാനം



**ശ്രീവിദ്യ എസ്.**
(സെക്ഷൻ ഓഫീസർ)

**ഇ**വിടെയാരുമില്ലേ?

ജനലഴികളിലൂടെ ബദ്ധപ്പെട്ട് നോക്കി. 'ആര് വരാനാണിവിടെ'? അതും ഇത്രരാവിലെ ഒന്നാമത്തെ കുറ്റി ഇളക്കിയിട്ട് ഗേറ്റിനെ മുഴുവൻ കുലുക്കി രണ്ടാമത്തെ കുറ്റിയിളക്കാൻ തീവ്രശ്രമം നടത്തുന്ന കുറ്റിത്താടിയുള്ള ജുബയിട്ട മനുഷ്യനെ കൗതുകത്തോടെ നോക്കി. ആരായാലും അയാൾ വിരുന്നുകാരനാണ്. വയറുനിറച്ചും സംസാരിക്കാം. ആശയദാരിദ്രമില്ലാത്ത മനസ്സിന് സന്തോഷം തോന്നി. 'ദാ വരുന്നു, നില്ക്കൂ.' കണങ്കാലിലെ നീര് നടത്തത്തിന്റെ വേഗത കുറയ്ക്കുന്നു. വീടിന്റെ മുറ്റം മുതൽ ഗേറ്റ് വരെ ഇത്ര ദൂരമോ? 'വേദനകൾ സമയത്തേയും ദൂരത്തേയും കൂട്ടും' നിലയുടെ വാക്കുകൾ ഓർത്തു. അക്ഷമനായ അതിഥി പിറുപിറുക്കുന്നു, 'എന്താ നിധിയുണ്ടോ ഇത്ര പൂട്ടിയിടാൻ?' ഉണ്ടെന്ന് പറയാൻ തോന്നി. ആരാണ് ഈ ദേഷ്യക്കാരൻ 'കയറിവരു' അയാൾ കേട്ടതായി ഭാവിച്ചില്ല. 'എനിക്കിവിടെ കയറിയിരിക്കാൻ സമയമില്ല, ആഗ്രഹവും. ഇത് നിങ്ങളെ ഏല്പിക്കാൻ വന്നതാണ്.' അല്പം ഭാരം തോന്നിക്കുന്ന ഒരു പൊതി നിന്ന് ബദ്ധപ്പെട്ട് എടുത്തു തന്നു.

'ആരാ തന്നത്'?

'ഡോ. നീരജ്'

'നീരജോ? ഇതെന്താ?'

'തുറന്നു നോക്കു നിങ്ങൾക്കെന്താ കണ്ണില്ലേ? കുശലം പറയാൻ നേരമില്ല.' അയാളുടെ കാലടികൾക്ക് ശരവേഗം തോന്നി. ഒരു നിമിഷം കൊച്ചുകുട്ടിയുടെ കൗതുകം തോന്നി. സമ്മാനങ്ങൾ പൊട്ടിച്ചു നോക്കാൻ വെപ്രാളപ്പെടുന്ന കുട്ടി. ഇന്നിപ്പോ അൻപതുകാരിക്ക് ഇത്ര ഉത്സാഹമോ? നീരജ്... എന്തായിരിക്കും? ഇറങ്ങിവന്നതിനേക്കാൾ വേഗം അകത്തു കയറി. പൊതി വലിച്ചുപൊട്ടിച്ചു ആദ്യം ഒരു കവറാണ് 'പ്രിയപ്പെട്ട ഗായത്രിക്ക്...' പുറത്തിത്ര മാത്രം. മുട്ടുവേദനയ്ക്കും ശരീരം തളർച്ചയ്ക്കും കാണാൻ പോകുമ്പോഴൊക്കെ നീരജ് ആവശ്യത്തിൽ കൂടുതൽ സംസാരിക്കും. അത് ഒരമ്മയോടുള്ള കരുതലായി മാത്രമേ തോന്നിയിട്ടുള്ളൂ. സിസ്റ്റത്തിൽ പേരും അഡ്രസ്സും പ്രായവും വായിച്ച് അവിടെയാണോ ഇപ്പോഴും താമസം എന്ന് ചോദിച്ചിരുന്നു. ഡോക്ടർക്കറിയുമോ? എന്ന ചോദ്യത്തിന് പുഞ്ചിരി മാത്രം നല്കി, അസുഖത്തിന്റെ വിശേഷത്തിലേയ്ക്ക് പോയി. കവറിനടിയിൽ രണ്ട് പുസ്തകങ്ങൾ ഒന്ന് എം.ടി.യുടെ മഞ്ഞ്. ഹൃദയത്തിൽ ആഴത്തിലെവിടെയോ എന്തോ കൊളുത്തി വലിക്കുന്നു. 'ആർച്ച് ബാൾഡി മക്ലിഷി'ന്റെ വാക്കുകൾ എന്റെയും എന്റെ



പിൻപെയുള്ളവരുടേയും ജീവിതം ജീവിക്കുന്നു'. പത്തൊമ്പതുകാരി പെണ്ണിന് എപ്പോഴും ഓർക്കാൻ ഇരുപത്തി മൂന്നുകാരൻ കാമുകന്റെ സ്നേഹസമ്മാനം. ആനന്ദിന്റെ ശബ്ദം ചെവിയിൽ കേട്ടപോലെ അടുത്തത് ദ്രവിച്ചുതീരാത്ത മരങ്ങൾ തേടിപ്പോയ കുന്ദന്റെ മരുഭൂമികൾ ഉണ്ടാകുന്നത്? ഈശ്വരാ പ്രണയത്തിന്റെ ബാക്കിപത്രങ്ങൾ ഇതെങ്ങനെ ഡോ. നീരജ്? പതിയെ കവർപൊട്ടിച്ചു. കണ്ണിലിരുട്ടു കയറുന്നു...

'ഗായത്രീ... മാപ്പ്. നീരജ് പറഞ്ഞ് നിന്റെ ഇപ്പോഴത്തെ അവസ്ഥകളറിയാം ഈയുള്ളവന് ഓർക്കാൻ ഒരുപാടൊന്നുമില്ല. ഡോക്ടറാക്കാൻ ജന്മമെടുത്ത നിന്നെ എന്റെ കൈയ്യിൽ ഏല്പിക്കില്ലെന്ന നിന്റെ അച്ഛന്റെ വാശിക്ക് നീ വഴങ്ങി. പിന്നീടൊരു ഡോക്ടറുടെ ഭാര്യയായി പോയപ്പോ... വിഷാദത്തിന്റെ മൂടിയിലടഞ്ഞുപോയ എന്റെ ജീവിതത്തിലേയ്ക്ക് അമൃത വന്നു. പിന്നെ നീരജ് എന്റെ ഒരേ ഒരു മകൻ അവനോട് പറയാത്ത രഹസ്യങ്ങളില്ല നിയെന്നെ മറന്നുവെന്ന് അറിയാം. ഈ പുസ്തകങ്ങൾ എന്റെ സമ്മാനങ്ങൾ. ഭൂതകാലത്തിന്റെ നിറം പിടിപ്പിച്ച ബാക്കിപത്രങ്ങൾ, ഓർക്കുക! എന്ന് ആനന്ദ്...'

അവസാന വരി തീരെ കാണുന്നില്ല ഇരുട്ട് മാത്രം. ലഹരിക്കടിമയായ ഡോക്ടറിനൊപ്പം ശവമായി ജീവിച്ച വർഷങ്ങൾ. അച്ഛന്റെ മുമ്പിൽ മാത്രം നിവർന്നു നിന്നു. തോല്പിക്കപ്പെട്ടവന്റെ കുറ്റബോധം ഇടയ്ക്ക് കാണുമ്പോൾ ആശ്വാസം തോന്നി. ഭർത്താവിന്റെ മരണത്തിൽ ആ സ്ത്രീ ആനന്ദിക്കുന്നുവെന്ന് ജോലിക്കാരി അടക്കം പറയുന്നത് കേട്ടിട്ടുണ്ട്. ശരിയായിരിക്കാം, ആനന്ദിൽ നിന്ന് അനന്തനിലേയ്ക്ക് ഒരു പാട് ദൂരമുണ്ടായിരുന്നു. ഓർക്കാനിഷ്ടമല്ലാത്ത ഓർമ്മകളെ പിന്നിലൊതുക്കി. പൊട്ടിച്ച് വായിച്ച വരികളെ ഉള്ളിലേയ്ക്കെടുത്ത് ആശ്വസിച്ചു. 'ഞാൻ ജീവിച്ചിരിപ്പുണ്ട് അതോർമ്മിപ്പിക്കാൻ ഒരാളുണ്ട്.' ആശ്വാസത്തോടെ പടിമേൽ ഇരുന്നു. ഇനിയും വരുന്ന കുറിപ്പുകൾ കാത്ത്...



# വർണ്ണം

മാരിവില്ലിൻ ഏഴഴക്
തെളിഞ്ഞിടും
ആകാശത്തിൽ ശോഭ
നീലയാണ്!

അമ്മയാം
പ്രകൃതിയെ വർണ്ണ
മാക്കുന്നവൾക്കു പേര്
പച്ചയാണ്!

സമാധാനത്തിൻ
കൊടി പാറും
നിറമിത്
വെള്ളയാണ്!

ദുഖത്തിൻ പങ്കാളി
മരണത്തിൻ പങ്കാളി
അവൻ നിറമെന്നും
കറുപ്പാണ്!

സ്നേഹിച്ചീടുക
നാമെല്ലാവരെയും
സ്നേഹമോ
വർണ്ണത്തിനതീതമാണ്



**സഫിയ ഷാനവാസ്**
(D/o ഷാനവാസ് എ.,
പാർട്ട്ടൈം സാനിട്ടേഷൻ വർക്കർ)

പുസ്തകാസ്വാദനം



**ഓമനശീലൻ ജി.**
(ലൈബ്രേറിയൻ)

# ഒരു ഗ്രന്ഥം ഒരു ശാസ്ത്രമാകുമ്പോൾ

പ്രിയ പുസ്തകം: 'മർമ്മശാസ്ത്രപീഠിക'

മുൻ നിയമസഭാംഗവും നാടാർ സമുദായത്തിന്റെ അനിഷേധ്യ നേതാവുമായിരുന്നു എം. കുഞ്ഞി കൃഷ്ണൻ നാടാർ. അദ്ദേഹം 1957ൽ ആദ്യ നിയമസഭയിലും തുടർന്ന് 1960, 1977 എന്നീ തിര ഞ്ഞെടുപ്പുകളിൽ പാറശ്ശാല നിന്നും 1965, 1970 എന്നീ വർഷങ്ങ ളിലെ തെരഞ്ഞെടുപ്പിൽ കോവള ത്തു നിന്നും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ സുദീർഘമായ നിയമസഭാ ജീവിത മുണ്ടായിരുന്ന അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ച പാരമ്പര്യ ചികിത്സ യെ സംബന്ധിച്ചുള്ള ഗ്രന്ഥമാണ് 'മർമ്മശാസ്ത്ര പീഠിക'. 1975 ജനു വരി 14-ാം തീയതി തിരുവനന്തപു രത്ത് വച്ചു നടന്ന ചടങ്ങിൽ മുൻ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാ ഗാന്ധിയാണ് ഈ ഗ്രന്ഥത്തിന്റെ പ്രകാശനം നിർവഹിച്ചത്. മർമ്മ ശാസ്ത്രത്തെ കുറിച്ചുള്ള ഈ ആധികാരിക ഗ്രന്ഥത്തിന് 1350 പേജുകളാണ് ഉള്ളത്. നമ്മുടെ നിയമസഭാ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള അമൂല്യമായ ഒരു വിജ്ഞാന സ്രോതസ് കൂടിയാണ് ഈ ഗ്രന്ഥം.

താളിയോല ഗ്രന്ഥങ്ങളിൽ രേഖ പ്പെടുത്തിയിട്ടുള്ള മനുഷ്യശരീര സംബന്ധിയായ വിവരണങ്ങളാണ് ഈ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കു ന്നത്. നാളിതുവരെ രഹസ്യമായി സൂക്ഷിച്ചിരുന്ന ഈ ശാസ്ത്രശാഖ യേയും മർമ്മശാസ്ത്രപ്രകാരമുള്ള



ചികിത്സാ സമ്പ്രദായങ്ങളേയും സാധാരണക്കാർക്കുകൂടി മനസ്സിലാ കുന്ന വിധത്തിൽ മലയാള ഗദ്യ ത്തിലാണ് പ്രസിദ്ധീകരിച്ചിരിക്കു ന്നത്. ദിവ്യൗഷധങ്ങൾ, ഔഷധ നിർമ്മാണം, ചികിത്സാ ക്രമങ്ങൾ എന്നിവ സവിസ്തരം പ്രതിപാദി ച്ചിരിക്കുന്ന ഈ ഗ്രന്ഥം മർമ്മ ശാസ്ത്രത്തിനും മലയാള ഭാഷ യ്ക്കും ഒരു മുതൽകൂട്ടാണ്.

മനുഷ്യശരീരത്തിലെ 108 മർമ്മ ഭാഗങ്ങളും, സചിത്രം പ്രതിപാദി ക്കുന്ന ഈ ഗ്രന്ഥം പഠനാർഹവും പ്രോൽസാഹനാർഹവുമാണ്. ഏകദേശം 12 വർഷക്കാലത്തെ പരീക്ഷണ ഗവേഷണങ്ങളുടെ ഫലമാണ് വൈദ്യശാസ്ത്രത്തിന് മുതൽകൂട്ടായ ഈ കൃതി. ഇതി ലൂടെ വൈദ്യശാസ്ത്രത്തിൽ ഒരു നൂതന മേഖല തുറക്കപ്പെടുകയാ ണുണ്ടായത്. മർമ്മശാസ്ത്രത്തെ ആധാരമാക്കിയുള്ള ഈ ബൃഹ ത്തായ ഗ്രന്ഥം പ്രസ്തുത ചികി ത്സാക്രമത്തെ പ്രചരിപ്പിക്കുന്നതി നും വളർത്തുന്നതിനും ഉദ്ദേശിച്ചു ള്ളതാണ്. അന്നുവരെ പരമരഹസ്യ മായി സൂക്ഷിച്ചിരുന്ന ഈ ശാസ്ത്ര വിഭാഗം കൂടുതൽ പഠന ത്തിനും ഗവേഷണത്തിനും വിധേ യമാക്കണമെന്നുള്ള സദുദ്ദേശ്യ മാണ് ഈ ഗ്രന്ഥത്തിന് പ്രേരണ യായിട്ടുള്ളത്. അഗസ്ത്യപ്രോക്ത മായ ഈ ശാസ്ത്രം മലയാള ഗദ്യ രീതിയിൽ ആണ് പ്രസിദ്ധീകരിച്ചി രിക്കുന്നത്. പ്രാചീന താളിയോല ഗ്രന്ഥങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ഈ ഗ്രന്ഥം ഗ്രന്ഥകർ ത്താവിൻറെ അക്ഷീണവും നിരന്ത രവുമായ പരിശ്രമഫലമായാണ് 1975 ൽ പ്രസിദ്ധീകൃതമാവുന്നത്.

108 മർമ്മ ഭാഗങ്ങൾ, അവയുടെ രേഖാ ചിത്രങ്ങൾ കൂടാതെ മർമ്മ ചികിൽസാ ക്രമങ്ങൾ, ഔഷധ നിർമ്മാണം, ഒടിവ്, മുറിവ് എന്നിവ ചികിത്സിക്കുന്നതിനുള്ള ഉപാധി കൾ ഒക്കെയും ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നാഡീവ്യൂഹ ത്തെ സംബന്ധിച്ചും, ജീവോൽപ്പ ത്തിയെ സംബന്ധിച്ചും ഉള്ള ശാസ്ത്ര ഭാഗങ്ങൾ ഈ ഗ്രന്ഥ ത്തോടനുബന്ധിച്ചുള്ള ശാസ്ത്ര ശീലുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഔഷധങ്ങളെ സംബന്ധിച്ചും

ഒറ്റമൂലി പ്രയോഗങ്ങളെ സംബന്ധിച്ചും, വിശേഷ ചികിത്സാ സമ്പ്രദായങ്ങളെ സംബന്ധിച്ചും വിജ്ഞാനം പകരുന്ന ഈ ഗ്രന്ഥം പുതിയ ഗവേഷണ മേഖല തുറക്കുന്നതിന് ഏറെ സഹായിച്ചിട്ടുണ്ട്. അത്ര സാധാരണമല്ലാതിരുന്ന മർമ്മ ചികിത്സാ രീതികൾ ജനങ്ങളെ ആകർഷിക്കുന്നതിനും കേരളത്തിന്റെ പൗരാണികമായ ചെലവ് കുറഞ്ഞ ചികിത്സാ സമ്പ്രദായം കൂടുതൽ മനസ്സിലാക്കുന്നതിനും ഈ ഗ്രന്ഥം ഇതിനകം സഹായിച്ചിട്ടുണ്ട്. ശരീരം എന്ന വിജ്ഞാനം വളരെയേറെ പുരോഗമിച്ചിരിക്കുന്ന ആധുനിക കാലത്ത് ഏറെക്കുറെ വിസ്മൃതമായിരുന്ന മർമ്മശാസ്ത്രം ഗവേഷണ പരീക്ഷണങ്ങൾക്ക് ശേഷമാണ് പ്രസിദ്ധീകരിക്കുന്നത്.

നമ്മുടെ നാട്ടിൽ നാടൻ ചികിത്സാ പദ്ധതികളിൽ അത്ഭുതസിദ്ധികൾ ഉൾക്കൊള്ളുന്നതും വിശേഷ ഗുണങ്ങൾ നൽകുന്നതുമായ ചികിത്സാ രീതികൾ ഇനിയും വെളിച്ചത്തു കൊണ്ടു വരാനുണ്ടെന്നതിന്റെ തെളിവാണ് ഈ ഗ്രന്ഥം. ദക്ഷിണ കേരളത്തിലും പാണ്ടിനാട്ടിലും പുരാതനകാലം മുതൽക്കേ കൈകാര്യം ചെയ്തിരുന്ന മർമ്മ ചികിത്സാ പദ്ധതി ഒരു ആധികാരിക ഗ്രന്ഥത്തിൻറെ അഭാവത്താലും ഈ ശാസ്ത്രത്തെ ചുറ്റി നിന്ന രഹസ്യ പരിവേഷണത്താലുമാണ് പ്രചാരം സിദ്ധിക്കുവാനിടയാകാതെ പോയത്.

ലോക ചികിൽസാ ശാസ്ത്രത്തിനു തന്നെ അമൂല്യമായ സംഭാവനകൾ നൽകിയ നമ്മുടെ വൈദ്യശാസ്ത്ര വിഭാഗത്തിലെ അതിപ്രധാനമായ ഒരു ശാഖയാണ് മർമ്മ ചികിത്സ. മർമ്മ ചികിത്സ നമ്മുടെ നാട്ടിൽ മാമൂലുകളെ മാത്രം ആശ്രയിച്ച് നടന്നു വന്നിരുന്നതും, കാലം ചെല്ലുന്തോറും ക്ഷയോന്മുഖമായിത്തീർന്നു കൊണ്ടിരിക്കുന്നതുമായ ഒരു ചികിത്സാ സമ്പ്രദായമാണെന്നും പരിപോഷണവും പ്രചരണവും വേണ്ടത്ര ഉണ്ടായാൽ ഈ ചികിത്സാസമ്പ്രദായം നിലനിൽക്കുകയും വളരുകയും ചെയ്യുമെന്നും ഈ ഗ്രന്ഥത്തിനുള്ള ആശംസയിൽ പല പ്രമുഖരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

ശരീര ശാസ്ത്രത്തിന്റെയും ചികിത്സാരീതിയുടെയും രംഗത്ത് പരമ്പരാഗതമായി നമുക്ക് കൈവന്നിട്ടുള്ള ഒരു സവിശേഷ സിദ്ധി കൂടിയാണ് ഈ ചികിത്സാ സമ്പ്രദായം. പാശ്ചാത്യ വൈദ്യ ശാസ്ത്രം മഹാത്ഭുതങ്ങൾ സൃഷ്ടിച്ച് പ്രപഞ്ചശക്തിയെ പോലും വെല്ലുവിളിച്ചുകൊണ്ട് വിരാജിക്കുന്ന ഈ കാലഘട്ടത്തിൽപ്പോലും ഭാരതീയ ചികിത്സാരീതിയായ ആയുർവേദത്തോടൊപ്പം മർമ്മ ചികിത്സയും മങ്ങലേൽക്കാതെ നിലനിൽക്കുന്നു. ശാസ്ത്രത്തിന്റെ മേഖലയിൽ ആധുനികകാലത്തുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ വളർച്ച, പരമ്പരാഗതമായ പല വിശ്വാസങ്ങളെയും കടപുഴകി എറിഞ്ഞിരിക്കുകയാണ്. പ്രകൃതിയുടെ നിഗൂഢതകളിൽ മറഞ്ഞു കിടന്ന പല രഹസ്യങ്ങളേയും അനാവരണം ചെയ്യുന്നതിനും തൻമൂലമുണ്ടായ സദ്ഫലങ്ങൾ സമൂഹത്തിൻറെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി പ്രയോജനപ്പെടുത്തുന്നതിനും ശാസ്ത്രരംഗത്തുണ്ടായ പരിവർത്തനങ്ങൾ ശക്തമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

മനുഷ്യ ശരീരത്തിലുള്ള ഏപ്പ്, സന്ധിസ്ഥാനം ആഘാതമേൽക്കുമ്പോൾ അമിത വേദന അനുഭവപ്പെടുന്ന ഭാഗം തുടങ്ങിയവ മർമ്മങ്ങളിൽപ്പെടുന്നു. അത്തരത്തിലുള്ള 108 മർമ്മ സ്ഥാനങ്ങളുടെ ആവാസരംഗമാണ് മനുഷ്യശരീരം. ഇവയിൽ 12 മർമ്മസ്ഥാനങ്ങൾ, പടുമർമ്മങ്ങളെന്നും, 96 മർമ്മ സ്ഥാനങ്ങൾ തൊടുമർമ്മങ്ങളെന്നും വേർതിരിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത

ഒരു മർമ്മം കൂടിയുണ്ടെന്നും, ശരീരസ്പർശിയല്ലാത്ത പ്രസ്തുത മർമ്മമാണ് സകലതിൻറെയും വിജയത്തിനാധാരമെന്നും ആചാര്യൻമാർ അനുശാസിച്ചിട്ടുള്ളത് ഈ ഗ്രന്ഥത്തിൽ നമുക്ക് വായിക്കാം.

പുണ്യചരിതനും പുരാണ പുരുഷനുമായ അഗസ്ത്യമുനിയാണ് മർമ്മ ചികിത്സാ രീതിയുടെ ഉപജ്ഞാതാവ്. ആദികാലങ്ങളിൽ ഗുരുമുഖത്തു നിന്നും കേട്ടു പഠിച്ചാണ് ശിഷ്യന്മാർ ഈ ചികിത്സാ രീതി പ്രയോഗത്തിൽ വരുത്തിയത്. പിന്നീട് ചൊല്ലിക്കേട്ടവയും പകർത്തിയെഴുതി, കാലാന്തരത്തിൽ താളിയോല ഗ്രന്ഥങ്ങളിലായി സംഭരിച്ചും പ്രസ്തുത ശാസ്ത്രജ്ഞാനം സംരക്ഷിച്ചുപോന്നു. പക്ഷെ അവയത്രയും തമിഴ് ഭാഷയിലായിരുന്നു എന്നതുകൊണ്ട് മലയാളികൾക്ക് ഈ സമ്പ്രദായത്തിന്റെ മഹത്വം മനസ്സിലാക്കാൻ അവസരം കിട്ടിയില്ല. അതാണ് ഈ ഗ്രന്ഥത്തിൻറെ പ്രകാശനത്തോടെ പരിഹൃതമായത്.

മർമ്മശാസ്ത്ര പുരോഗതിയുമായി ബന്ധപ്പെട്ട് കിട്ടാവുന്നിടത്തോളം രേഖകൾ തേടിപ്പിടിച്ച് സൂക്ഷ്മ പരിശോധന നടത്തി അവയെ കേന്ദ്രീകരിച്ച് സംവിധാനം ചെയ്തിട്ടുള്ളതാണ് ഈ ഗ്രന്ഥം. മർമ്മ ചികിത്സാ വിദഗ്ദ്ധർക്കെന്ന പോലെ മർമ്മ ചികിത്സാ വിശ്വാസികൾക്കും വിലപ്പെട്ട ഒരു നിധിയാണ് ഈ ഗ്രന്ഥമെന്ന് അന്നത്തെ ആഭ്യന്തരമന്ത്രി കെ. കരുണാകരൻ ഗ്രന്ഥത്തിന്റെ അവതാരികയിൽ പറഞ്ഞിട്ടുള്ളത് ഏറെ ചിന്തനീയമാണ്.

ഏറെ ബൃഹത്തായ ഈ ഗ്രന്ഥം ഒറ്റയിരിപ്പിന് മനസ്സിലാക്കി വായിച്ചുതീർക്കാൻ ആർക്കും ആവില്ല. ആദ്യ പതിപ്പ് മാത്രമേ ഇതുവരെ ഉണ്ടായിട്ടുള്ളൂ. ഇപ്പോൾ ഈ ഗ്രന്ഥം വാങ്ങാനും കിട്ടുന്നില്ല. തമിഴിന്റെ വിവർത്തനമായതിനാൽ അത് വായിച്ചു മനസ്സിലാക്കുവാൻ അല്പം പ്രയാസകരമാണ്. ഭാഷ കൂടുതൽ ലളിതവൽക്കരിക്കേണ്ടിയിരിക്കുന്നു. ഇതിലെ വിവിധ പ്രതിപാദ്യ വിഷയങ്ങൾ ഓരോന്നായി വിവരിച്ചു കൊണ്ടുള്ള പുനരാഖ്യാന ഗ്രന്ഥങ്ങൾ ഉണ്ടായാൽ കൂടുതൽ വായനക്കാരെ ഈ ഗ്രന്ഥത്തിലേക്ക് ആകർഷിക്കാൻ കഴിയും. അത്തരത്തിൽ ഒരു ശ്രമം ഉണ്ടാകുന്നതിനൊപ്പം സംസ്ഥാനത്തെ എല്ലാ പൊതു ഗ്രന്ഥശാലകളിലും വൈദ്യശാസ്ത്രം ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇതിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതും ഈ ശാസ്ത്ര ശാഖയെ ജനകീയവൽക്കരിക്കുന്നതിന് ഏറെ സഹായകമാകുമെന്ന കാര്യത്തിൽ സംശയമില്ല. അത്തരത്തിൽ ഒരു ജനകീയ ഗ്രന്ഥമാകട്ടെ എന്റെ ഈ പ്രിയ പുസ്തകമെന്ന് ആശിക്കുന്നു. ●●●

# വിഷു

കൈരളിയ്ക്കു കണിയൊരുങ്ങാൻ
കനകനിറപ്പൂക്കൾ കാണിക്ക വച്ചു
കർണ്ണികാരങ്ങൾ കാറ്റിലിളകിയാടി
കർഷകനു കൈക്കോട്ടുമായിറങ്ങാൻ കേളികൊട്ടി.

കിഴക്കു തിരിതെളിയും നിലവിളക്കും
കണ്മഷിയും കനകവും കസവുമുണ്ടും
കണിവെള്ളരി, കുലമാങ്ങ, കദളിപ്പഴവും
കായ്കനികളെല്ലാം ഓട്ടുരുളിയിൽ കണിയായി.

കണ്ണുപൊത്തി പ്രിയമുള്ളൊരാൾ കൂടെവരുമ്പോൾ
കാതരഹൃദയം കുഴൽവിളി കാതോർക്കവേ
കൈകളിൽ ഓടക്കുഴലേന്തും കാർമുകിൽവർണ്ണന്റെ
കരുണാലോല കടാക്ഷം കണ്ണിനു കണിയായി.

കണ്ണാടിയിൽ തെളിയും കണിക്കൊന്നപ്പൂവിൻ
കിരീടമണിയും കണ്ണന്റെ രൂപവും കൈനീട്ടവും
കൊല്ലം മുഴുവനും സദ്ഫല മിഴിതുറന്നീടുമ്പോൾ
കാർഷിക സംസ്ക്കാര കിളിപ്പാട്ടുയരുകയായി.

കൊട്ടാരവാതിൽ കടക്കരുതെന്ന രാവണാജ്ഞ
കതിരവൻ ലംഘിച്ചു നേരെ കിഴക്കുദിക്കുന്നു.
കേരളത്തിൻ കണി കാണാൻ ഉഗ്രപ്രതാപിയായി
കതിരോനെത്തുമ്പോൾ കൃഷ്ണപ്പരുന്തു ചിറകുവിടർത്തി.

കാഞ്ചിതകച്ചി നിറയും തൊഴുത്തിൽ
കാലികളെ ഓട്ടുരുളിയിൽ കണി കാണിക്കുകയായി.
കർഷകർ കാലം ഗണിച്ചു കൈവിത്തിടീലിനു
കാർഷികസംസ്ക്കാര പൊലിമയിലേക്കിറങ്ങി.

കത്തും വിളക്കിനു മുന്നിൽ സദ്യയൊരുങ്ങും
കോടിപ്പുടവയുടുത്തു കളഭക്കുറി തൊട്ടു
കമ്പിത്തിരി കത്തിച്ചു കൂട്ടരോടൊത്തു
കുന്നിക്കുരു വാരി കളിച്ചാർക്കും ദിനമായി.

കുരുവി തൻ കുരവയും കുയിൽമൊഴിയും കാതിലോതി
കവാടം തുറന്നെത്തീ വസന്തകാലം..
കളിചിരിയുമായി വിളകൊയ്ത്തുമുത്സവകാലം..!
കനകമയമീ കാർഷികോത്സവകാലം..!

**രജനി വി. ആർ.**
(ജോയിന്റ് സെക്രട്ടറി)



# മഹിത മലയാളം

അമ്പത്തൊന്നക്ഷരങ്ങൾ മഴവില്ലിൻ
അഴകോടെ ലാസ്യനർത്തനമാടും
അറിവിൻ അനന്തവിഹായസ്സിലെ
അഭിജാതനക്ഷത്രമെൻ മലയാളം.

ആഴത്തിലൊളിപ്പിച്ച
മുത്തും പവിഴവും നിറഞ്ഞ
ആഴിയാണെന്നെന്നും
മാവേലിനാടിൻ മലയാളം.

അഞ്ചിന്ദ്രിയങ്ങളിലും തഴുകി
അനുഭുതി പകരും
ആർദ്രമാം രമണീയ
ഭാഷയീ മലയാളം.

അച്ചുതണ്ടുപോൽ തിരിയുമീ
മധുരമാം ഭാഷയ്ക്കു ചുറ്റും
അദൃശ്യമായി തിരിയുന്നു,
തെരയുന്നു മലയാളിമനസ്സുകൾ.

അഭിമാനമായി, അരുമയായി,
പെരുമയായി നിറയുന്നു മലയാളം.
അഭിനന്ദനങ്ങളുടെ വജ്രത്തിളക്കം
ഏറ്റുവാങ്ങുമീ മലായളം.

അലങ്കാരലാവണ്യമെല്ലാം
ആവാഹിച്ച് ആവോളം
അണിഞ്ഞൊരുങ്ങും മികവിന്റെ
ഭാഷ എൻ മലയാളം.

അനുഗ്രഹമാണെന്നും
മലയാള മാരിവിൽ ഭാവനാലോകം.
അമ്മയ്ക്കു സമമെൻ
മാമലനാടിൻ പൊൻമലയാളം.



**രജനി വി. ആർ.**
(ജോയിന്റ് സെക്രട്ടറി)




# കരയാതെ ചിരിക്കൂ

ചെറുകഥ



**പ്രീത സി. എസ്.**
(ഓഫീസ് സൂപ്രണ്ട്)

അമ്മേ... ഇന്നും എന്റെ ക്ലാസി ലെ കുട്ടികൾ എന്നോടു ചോദിച്ചു, 'നിന്റെ അച്ഛൻ എവിടെയാ? ഇന്നും ഞാൻ പറഞ്ഞു ഞാൻ കണ്ടിട്ടില്ല... രവിക്കറിയാം എന്നവൻ പറഞ്ഞു. എങ്കിൽ ഞാൻ മാത്രം എന്താ കാണാത്തത്?'

'കുഞ്ഞേ, നമുക്ക് ഒരു സ്ഥലം വരെ ഇന്നു പോകണം. വേഗം തയ്യാറായിക്കൊള്ളൂ...'

രാജു വേഗം തയ്യാറായി. എവിടെ യാണ് പോകുന്നതെന്നൊന്നും അമ്മ അവനോടു പറഞ്ഞില്ല

കുറേ ദൂരം ബസ്സിലിരുന്ന് അവൻ ആദ്യമായി യാത്ര ചെയ്തു.

ആശ്രമത്തിന്റെ കവാടത്തിൽ ബസ്സ് നിന്നു. രണ്ടുപേരും ഇറങ്ങിനടന്നു. ആശ്രമത്തിൽ കയറി.

അവിടത്തെ ഒരു മുറിയിൽ രാജുവി നെയും കൊണ്ട് അമ്മ കയറി.

നല്ല ശാന്തതയുള്ള മുറി ഒരു ചെറിയ സ്റ്റൂളിൽ ചില പുസ്തക ങ്ങളും ഒരു ടീപ്പോയിൽ ഒരു മൺ കൂജയും ഒരു കുപ്പിഗ്ലാസ്സും മാത്രമേ അവിടെയുള്ളൂ. അയയിൽ തൂങ്ങുന്ന ഒന്നു രണ്ടു കാഷായ വസ്ത്രങ്ങളും.

അങ്ങനെയുള്ള അനുഭവം രാജുവിനു പുതിയതായിരുന്നു.

'അമ്മേ ഇതെന്റെ അച്ഛൻ?'

'കുഞ്ഞിനു തെറ്റിയില്ല'. അമ്മ ഭിക്ഷുവിനോടു പറഞ്ഞു.

'അച്ഛനെ ചോദിക്കാറുണ്ട്.' സ്കൂ ളിലെ അറിയുന്ന പല കുട്ടികളും അവനെ ബുദ്ധിമുട്ടിക്കുന്നു. മരിച്ചു പോയി എന്നു പറയാൻ തോന്നി യില്ല. അതുകൊണ്ട് ഇവിടെ വന്നൊന്നു പരിചയപ്പെട്ടിട്ടു പോകാമെന്നു കരുതി.'

ഭിക്ഷു ചോദിച്ചു.

'അവന്റെ അപ്പ മരിച്ചിട്ട് എത്ര വർഷമായി?.

'രണ്ട് വർഷം കഴിഞ്ഞു.'

'അത്യാവശ്യകാര്യങ്ങളൊക്കെ ബുദ്ധിമുട്ടില്ലാതെ കഴിഞ്ഞു പോകുന്നു. ട്യൂഷനെടുക്കുന്നുണ്ട്. തയ്യലും ചെറുതായിട്ടുണ്ട്.'

'ശരി.'

കുഞ്ഞിനെ അടുത്തു വിളിച്ചു അണച്ചുനിർത്തിയിട്ട് ചോദിച്ചു

'മോന്റെ അപ്പയെ അറിയാമോ?'

'ഇപ്പൊ അറിയാം.'

'ഇനി മറ്റു കുഞ്ഞുങ്ങൾ ചോദി ച്ചാൽ എന്തു പറയും?'

'ഇനി അപ്പയെക്കുറിച്ച് ചോദിച്ചാൽ ഒന്നും പറയില്ല.'

'എന്റെ അമ്മയാണു നിന്റെ അമ്മ എന്നു പറയും. പിന്നെ അവൻ ഒന്നും ചോദിക്കില്ല.'

'മിടുക്കൻ.'

തിരിച്ചു മടങ്ങവേ രാജു ചിരിച്ചു കൊണ്ട് പറഞ്ഞു.

'എന്റെ അപ്പ എത്ര നല്ലതാ...'

അമ്മ ചോദിച്ചു 'കാണാനാണോ?'

'അല്ല...''

'എനിക്ക് അപ്പയെപ്പോലെയായാൽ മതി...' കുറെ നടന്നപ്പോൾ രാജു വിന്റെ ചെരുപ്പിന്റെ വാറു പൊട്ടി.

അമ്മ പറഞ്ഞു 'നോക്ക് ആ മര ത്തിന്റെ തണലിൽ ഒരാൾ ഇരു പ്പുണ്ട്. അദ്ദേഹം നിന്റെ ചെരുപ്പ് ശരിയാക്കിത്തരും. ഇതാ ഈ രൂപ കൊടുത്തോളൂ.'

ചെരുപ്പ് ശരിയാക്കാൻ കൊണ്ടു പോയ രാജു ഞെട്ടി! അതും അപ്പ തന്നെയെന്നവൻ കണ്ടു.

'യോജിക്കാൻ പറ്റാത്തവ തമ്മിൽ ഐക്യമില്ല കുട്ടീ... എവിടെയും അങ്ങനാ.'

'അപ്പയെപ്പോലെയാകാൻ തന്നെ യാണോ ആഗ്രഹം, ഇപ്പഴും അങ്ങ നെയാകാൻ ആഗ്രഹമുണ്ടൊ?'

'ഇല്ലമ്മേ, സങ്കടം തോന്നുന്നു!'

'ഒരു ചേട്ടൻ അച്ഛനു കഞ്ഞി കൊണ്ടുവന്നമ്മേ.'

'അതാണച്ഛന്റെ വ്യക്തിത്വം.'

'കുമിളെന്ന പ്രതിഭാസത്തിനും ജീവിക്കാൻ അഴുകിയ പച്ചമരമെ ങ്കിലും വേണ്ടേ.'

'ബസ്സ് വന്നു. വാ നമുക്കു പോകാം.' അമ്മ അവനെ അണച്ചു കൊണ്ടു നടന്നു.

●●●

# ബാല സമന്വയം













**ഏയ്ഞ്ചൽ എ. എസ്.**
D/o അജിൽകുമാരി എൽ.
ഓഫീസ് അറ്റൻഡന്റ്





**ദേവിക ജെ.**
D/o ദിവ്യ എം. എസ്.
സെക്ഷൻ ഓഫീസർ







**അനുരാഗ്**
S/o സുമി എസ്.
സീനിയർ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്







**എം. എസ്. സുമിത സൺ**
D/o മഞ്ജു യു.
സെക്ഷൻ ഓഫീസർ



**എം. എസ്. സുമഞ്ജിത സൺ**
D/o മഞ്ജു യു.
സെക്ഷൻ ഓഫീസർ







**നന്ദന പി.**
D/o പ്രഭ ആർ.
സെലക്ഷൻ ഗ്രേഡ്
കമ്പ്യൂട്ടർ അസിസ്റ്റന്റ്



**നിരഞ്ജന പി.**
D/o പ്രഭ ആർ.
സെലക്ഷൻ ഗ്രേഡ്
കമ്പ്യൂട്ടർ അസിസ്റ്റന്റ്





**സാധവ് ശങ്കർ**
S/o ശങ്കർ കെ. കെ.
അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ







**നിരഞ്ജന ദിനേശ്**
D/o ദിനേശ് കുമാർ കെ.
അണ്ടർ സെക്രട്ടറി





**മണികണ്ഠൻ എസ്.**
S/o ധന്യ എ.
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്





**ശബരീഷ് എസ്.**
S/o ധന്യ എ.
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്

## നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും
## 1.02.2022 മുതൽ 31.05.2023 വരെ വിരമിച്ചവരുടെ വിശദാംശങ്ങൾ



**ആർ. കിഷോർകുമാർ**
സ്പെഷ്യൽ സെക്രട്ടറി



**ഷീല ടൈറ്റസ്**
അണ്ടർ സെക്രട്ടറി



**മാത്യുക്കുട്ടി ജി.**
അഡീഷണൽ സെക്രട്ടറി



**മഹേശ്വരി എം. ആർ.**
അഡീഷണൽ സെക്രട്ടറി



**ഷീലജ തരൂർ ചാളക്കണ്ടി**
സെക്ഷൻ ഓഫീസർ



**സന്തോഷ് വി.**
അഡീഷണൽ സെക്രട്ടറി



**ഷാനവാസ് പി. പി.**
ജോയിന്റ് സെക്രട്ടറി



**മഹാദേവൻ വി.**
സെക്ഷൻ ഓഫീസർ



**മഞ്ജു വർഗ്ഗീസ്**
അഡീഷണൽ സെക്രട്ടറി



**എസ്. ജയശ്രീ**
ജോയിന്റ് സെക്രട്ടറി



**ഉഷാകുമാരി എൽ.**
അസിസ്റ്റന്റ്



**സുരേഷ് കുമാർ കെ.**
അഡീഷണൽ സെക്രട്ടറി



**ഡി. കൃഷ്ണൻകുട്ടി**
ഡെപ്യൂട്ടി സെക്രട്ടറി



**കവിത ഉണ്ണിത്താൻ**
സ്പെഷ്യൽ സെക്രട്ടറി



**റെജി ബി.**
അഡീഷണൽ സെക്രട്ടറി

## നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും 1.02.2022 മുതൽ 31.05.2023 വരെ വിരമിച്ചവരുടെ വിശദാംശങ്ങൾ



**ലിമ ഫ്രാൻസിസ്**
ജോയിന്റ് സെക്രട്ടറി



**ജിജൂ സി. വർഗ്ഗീസ്**
അണ്ടർ സെക്രട്ടറി



**നടേശൻ കെ.**
പാർട്ട് ടൈം ഗാർഡനർ



**എസ്. രാമദാസൻപോറ്റി**
ജോയിന്റ് സെക്രട്ടറി



**പ്രദീപ്കുമാർ എസ്. ആർ.**
അണ്ടർ സെക്രട്ടറി



**വത്സല സി.**
ഇൻഫർമേഷൻ അസിസ്റ്റന്റ്



**വിജയകുമാർ വി.**
ഡെപ്യൂട്ടി സെക്രട്ടറി



**സുഭാഷ് പി.**
സെക്ഷൻ ഓഫീസർ (ഹ. ഗ്രേഡ്)



**വി. ചെറുപുഷ്പം**
ചീഫ് എഡിറ്റർ



**ജാസ്മിൻ പി. എസ്.**
ഡെപ്യൂട്ടി സെക്രട്ടറി



**ശ്രീകുമാർ ബി.**
സെക്ഷൻ ഓഫീസർ



**ജി. മേരി ലീല**
ചീഫ് ലൈബ്രേറിയൻ



**മാത്യു എ. ജി.**
അണ്ടർ സെക്രട്ടറി (ഹ. ഗ്രേഡ്)



**ഷീല എം.**
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്



**ഓമന പി.**
ജോയിന്റ് ചീഫ് എഡിറ്റർ

## നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും
## 1.02.2022 മുതൽ 31.05.2023 വരെ വിരമിച്ചവരുടെ വിശദാംശങ്ങൾ



**ബി. കെ. പത്മകുമാർ**
ലൈബ്രേറിയൻ



**കെ. എൻ. അനിൽകുമാർ**
ചീഫ് ഇൻഫർമേഷൻ അസി.



**സി. ശശികുമാർ**
ചീഫ് ഇൻഫർമേഷൻ അസി.



**ആർ. ജയചന്ദ്രൻ പിള്ള**
ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I



**രമാദേവി എസ്.**
ഇൻഫർമേഷൻ അസിസ്റ്റന്റ്



**നസീമ എൻ.**
റിപ്പോർട്ടർ ഗ്രേഡ് I



**തുളസീധരൻ സി.**
ഡി.റ്റി.പി. ഓപ്പറേറ്റർ



**ജയശ്രീ എസ്.**
ചീഫ് എഡിറ്റർ



**ഷാജികുമാർ എസ്**
ഇൻഫർമേഷൻ അസിസ്റ്റന്റ്



**പരമേശ്വരൻ ബി.**
പാർട്ട് ടൈം ഗാർഡനർ



**രാജശ്രീ എസ്.**
ഡെപ്യൂട്ടി ചീഫ് എഡിറ്റർ



**ബാലചന്ദ്രൻ കെ.**
ലിഫ്റ്റ് ഓപ്പറേറ്റർ



**ദ്രൗപതി എസ്.**
പാർട്ട് ടൈം ക്ലീനർ



**ജ്യോതി എസ്. നായർ**
ഡെപ്യൂട്ടി ലൈബ്രേറിയൻ



**ചന്ദ്രികാമ്മാൾ സി. എൻ.**
ലിഫ്റ്റ് ഓപ്പറേറ്റർ

## നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും
## 1.02.2022 മുതൽ 31.05.2023 വരെ വിരമിച്ചവരുടെ വിശദാംശങ്ങൾ



**രത്നകുമാരി റ്റി.**
അസംബ്ലി അറ്റൻഡന്റ്



**കെ. ഭാർഗ്ഗവി**
ഓഫീസ് സൂപ്രണ്ട് (ഹ.ഗ്രേഡ്)



**കെ. രവീന്ദ്രൻ**
ഓഫീസ് സൂപ്രണ്ട് (ഹ. ഗ്രേഡ്)



**ജയകുമാർ എസ്.**
സെല. ഗ്രേഡ് കമ്പ്യൂട്ടർ അസി.



**സുജാത എൻ. വി.**
ഓഫീസ് സൂപ്രണ്ട് (ഹ.ഗ്രേഡ്)



**രവീന്ദ്രനാഥൻ കെ.**
ഓഫീസ് സൂപ്രണ്ട്



**ഇന്ദിര പി. കെ.**
ഓഫീസ് സൂപ്രണ്ട് (ഹ. ഗ്രേഡ്)



**ബാബു എം.**
സെല. ഗ്രേഡ് കമ്പ്യൂട്ടർ അസി.



**സുഗതകുമാരി ആർ.**
ഓഫീസ് സൂപ്രണ്ട്



**മണിച്ചി കെ.**
അസംബ്ലി അറ്റൻഡന്റ്



**വി. വിലാസിനി**
പേഴ്സണൽ അസി. (ഹ.ഗ്രേഡ്)



**സതികുമാരി ആർ.**
സെല. ഗ്രേഡ് കമ്പ്യൂട്ടർ അസി.



**ആർ. വിജയകുമാരി**
പേഴ്സണൽ അസിസ്റ്റന്റ്



**എസ്. കുമാരി ഷീല**
പേഴ്സണൽ അസി. (ഹ. ഗ്രേഡ്)



**സുരേഷ് ജി.**
കമ്പ്യൂട്ടർ അസി. ഗ്രേഡ് - II

## നിയമസഭാ ലൈബ്രറിയിൽ വാങ്ങിയ പുസ്തകങ്ങളിൽ നിന്നും തിരഞ്ഞെടുത്ത 12 പുസ്തകങ്ങളുടെ ലഘുവിവരണങ്ങളും പുറംചട്ടയുടെ ചിത്രങ്ങളും അടങ്ങിയ ലിസ്റ്റ്




**പുസ്തകങ്ങളുടെ പുസ്തകം**
**ഡോ. മുഞ്ഞിനാട് പത്മകുമാർ**
റൊമാൻസൺ പബ്ലിഷിംഗ് ഹൗസ് : തിരുവനന്തപുരം, 2022.
zW 32 R2
(മുപ്പത്തിയഞ്ച് വിശ്വസാഹിത്യ കൃതികൾ ചർച്ച ചെയ്യുന്ന പുസ്തകം.)




**ജോൺസൺ:**
**ഈണങ്ങൾ പൂത്തകാലം**
**പി. എ. റഫീഖ് സക്കറിയ**
കറന്റ് ബുക്സ് : തൃശൂർ, 2022.
NRw212JOH 32 R2
(സംഗീത സംവിധായകനായിരുന്ന ജോൺസന്റെ ജീവിതകഥ.)




**കുമാരനാശാൻ മുതൽ രമാകാന്തൻ വരെ**
**പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ**
സദ്ഭാവന ട്രസ്റ്റ് : തിരുവനന്തപുരം, 2022.
O32,1w R2
(മലയാള സാഹിത്യത്തിലെ 21 കവികളെ പരിചയപ്പെടുത്തുന്നു.)




**കടൽ ഒരു ഗാലക്സി**
**ഹാരിസ് യൂനുസ്**
കൈരളി ബുക്ക്സ് : കണ്ണൂർ, 2022.
O32,1HAR R2
(കവിതകൾ.)







**നിരന്തരജനനം**
**മൃണാൾസെൻ**
**വിവ.: കെ.എൻ. ഷാജി**
കറന്റ് ബുക്സ് : തൃശൂർ, 2016.
NWw2MRI 32 Q6
(വിഖ്യാത സിനിമാ സംവിധായകൻ മൃണാൾസെന്നിന്റെ 'Always Being Born: A Memoir' എന്ന ഓർമ്മ കുറിപ്പുകളുടെ വിവർത്തനം.)

**ഗാന്ധിയൻ കമ്മ്യൂണിസ്റ്റിനൊപ്പം അരനൂറ്റാണ്ട്: കെ. മാധവന്റെ രാഷ്ട്രീയ ജീവചരിത്രം**
**ഡോ. അജയകുമാർ കോടോത്ത്**
കറന്റ് ബുക്സ് : തൃശൂർ, 2021.
W691w212MAD 32 R1
(കയ്യൂർ സമരനായകനും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചാലകശക്തിയുമായിരുന്ന കെ. മാധവന്റെ ജീവചരിത്രം.)




**മലയാളഗദ്യചരിത്രം (3–ാം പതിപ്പ്)**

**ഡോ. ഷൈനി തോമസ്**

റൊമാൻസൺ പബ്ലിഷിംഗ് ഹൗസ് :
തിരുവനന്തപുരം, 2021.

O32, 6vSHI R1

(മലയാള ഗദ്യ സാഹിത്യ പഠനത്തിന്റെ പരിണാമം ചരിത്ര വീക്ഷണങ്ങളിലൂടെ വിലയിരുത്തുന്നു.)




**ഇനിയും പുഴയൊഴുകും**

**കെ. ജയകുമാർ**

യെസ്പ്രസ് ബുക്സ് :
പെരുമ്പാവൂർ, 2021.

O32,6JAY R1

(മുൻ ചീഫ് സെക്രട്ടറിയും, കവിയും, ഗാന രചയിതാവും, ചിത്രകാരനും, പ്രഭാഷകനുമായ കെ. ജയകുമാർ, ഐ.എ.എസ്. (റിട്ട.) ന്റെ ഓർമ്മകളും സമകാലിക സംഭവങ്ങളുടെ നിരീക്ഷണങ്ങളും ഉൾപ്പെടുത്തി കൊറോണക്കാലത്ത് എഴുതിയ കുറിപ്പുകൾ.)




**ഇന്ത്യമുന്നോട്ട് @75**

**ഡോ. എം.ആർ. തമ്പാൻ, എഡി.**

സദ്ഭാവന ട്രസ്റ്റ്:
തിരുവനന്തപുരം, 2022

X:89ZB.2 32 R2.

(ജവഹർലാൽ നെഹ്രുവിന്റെ സാമ്പത്തിക നയങ്ങളിൽ നിന്ന് 90 കളിലും മോദികാലത്തും വന്ന മാറ്റങ്ങളുടെ നേട്ടങ്ങളും കോട്ടങ്ങളും ഉൾപ്പെടുത്തി 29 ലേഖനങ്ങളിലൂടെ വർത്തമാനകാല ഇന്ത്യയെ കണ്ടെത്തുന്ന പഠന ഗ്രന്ഥം.)




**കളരിപ്പയറ്റ് വിജ്ഞാനകോശം (2–ാം പതിപ്പ്)**

**എസ്.ആർ.ഡി. പ്രസാദ്**

കൈരളി ബുക്ക്സ് :
കണ്ണൂർ, 2022.

MYk212 32 Q8

(കളരിവിദ്യയുടെ സംസ്കൃതിയും ചരിത്രവും വിവരിക്കുന്ന റഫറൻസ് ഗ്രന്ഥം.)




**ഭരണഘടനയും ബാലാവകാശ നിയമങ്ങളും കുട്ടികൾക്ക്**

**അഡ്വ. വി. എൻ. ഹരിദാസ്**

കറന്റ് ബുക്സ് : തൃശൂർ, 2022.

V2:2(Y11) 32 R2

(ബാലാവകാശ നിയമങ്ങളെ ക്കുറിച്ചു പ്രതിപാദിക്കുന്ന ഗ്രന്ഥം.)




**ഭഗവത്ഗീതയുടെ അത്ഭുതകരമായ രഹസ്യങ്ങൾ**

**വിശ്വനാഥൻ, എഡി., വിവ.: വിജയ് പൂളക്കൽ**

റൊമാൻസൺ പബ്ലിഷിംഗ് ഹൗസ് :
തിരുവനന്തപുരം, 2022.

R65,6 32 R2

('Amazing Secrets of the Bhagavad Gita' എന്ന പുസ്തകത്തിന്റെ വിവർത്തനം.)

# ഭരണ ഭാഷാ - പ്രതിജ്ഞ

**മലയാളം എന്റെ ഭാഷയാണ്.**
**മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു.**
**മലയാള ഭാഷയെയും കേരള സംസ്കാരത്തെയും**
**ഞാൻ ആദരിക്കുന്നു.**
**ഭരണ നിർവ്വഹണത്തിൽ മലയാളത്തിന്റെ ഉപയോഗം**
**സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ**
**ഞാൻ വിനിയോഗിക്കും.**

KERALA
LEGISLATIVE
ASSEMBLY

KERALA LEGISLATURE

# INTERNATIONAL BOOK FESTIVAL

## 2nd Edition | 2023 Nov 1 - 7





ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതി
കേരള നിയമസഭാ സെക്രട്ടേറിയറ്റ്